# ഗിരിദീപം

സെപ്റ്റംബർ 2024



**സെപ്റ്റംബർ 08**

**പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ**


2024 ആഗസ്റ്റ് 11 ന് ചെമ്പേരി ലൂർദ്ദ് മാതാ ഇടവകയുടെ
നവീകരിച്ച ദൈവാലയം അഭി. മാർ ജോസഫ് പാംപ്ലാനി പിതാവ് കൂദാശ ചെയ്തു:
2024 ആഗസ്റ്റ് 14 ന് സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്
അഭി. മാർ റാഫേൽ തട്ടിൽ പിതാവ് ബസിലിക്ക പദവിയുടെ
ഔദ്യോഗിക പ്രഖ്യാപനം നടത്തി.
ബസിലിക്ക റെക്ടർ റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട് അച്ചനും,
കൊച്ചച്ചന്മാർക്കും, സന്ന്യസ്തർക്കും, ഇടവക അംഗങ്ങൾക്കും അഭിനന്ദനങ്ങൾ

സെപ്റ്റംബർ 2024

വാല്യം 07
ലക്കം 09

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No. 502 /2024, Circular No. 10/2024 ........ 05
2. കച്ചേരിക്കാര്യം ........ 09
3. പാസ്റ്ററൽ കൗൺസിൽ യോഗറിപ്പോർട്ട് ........ 19
4. നവീകരണ ധ്യാനം ........ 21
5. PPF വാർത്തകൾ ........ 23
6. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ........ 24
7. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് . ........ 31
8. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ........ 34
   തിരുബാലസഖ്യം ........ 42
9. യൂത്ത് അപ്പൊസ്റ്റൊലേറ്റ് ........ 45
10. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ........ 48
11. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് ........ 57
   നിർമ്മലഗിരി കോളേജ് ........ 60
   വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ........ 62
   സാൻജോസ് അക്കാദമി ........ 64
12. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
   എകെസിസി ........ 65
   കുടുംബക്കൂട്ടായ്മ ........ 68
   ADAM ........ 70
   കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........ 72
13. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് ........ 74
   ബയോ മൗണ്ടൻ ........ 83
14. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 85
15. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 86
16. Engagements - September (Archbishop Mar Joseph Pamplany) ........ 90
17. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 91
18. Engagements - September (Archbishop Mar George Njaralakatt) ........ 92
19. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 93
20. Engagements - September (Archbishop Mar George Valiamattam) ........ 94

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 502 /2024, Circular No. 10/2024

## വൈദികരുടെ വാർഷിക ധ്യാനം

ഈശോയിൽ പ്രിയമുള്ള സഹോദരീസഹോദരന്മാരെ,

തലശ്ശേരി അതിരൂപതയിൽ ശുശ്രൂഷ ചെയ്യുന്ന ബഹു. വൈദികരുടെ വാർഷിക ധ്യാനം രണ്ട് ബാച്ചുകളിലായി നടക്കുകയാണ്. ഒന്നാമത്തെ ബാച്ചിന്റെ ധ്യാനം 2024 സെപ്റ്റംബർ 15 ഞായറാഴ്ച വൈകിട്ട് 7 മണി മുതൽ 20-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 1 മണിവരെ തലശ്ശേരി സെന്റ് ജോസഫ് മൈനർ സെമിനാരിയിലും രണ്ടാമത്തെ ബാച്ചിന്റെ ധ്യാനം 2024 സെപ്റ്റംബർ 22 ഞായറാഴ്ച വൈകിട്ട് 7 മണി മുതൽ 27-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 1 മണിവരെ പരിയാരം മദർഹോമിലാണ് നടക്കുന്നത്. മല്ലപ്പള്ളി എമ്മാവൂസ് ധ്യാന കേന്ദ്രം ഡയറക്ടറും എം.സി.ബി.എസ്. സഭാംഗവുമായ ബഹു. ജോർജ് കാട്ടൂർ അച്ചനാണ് ധ്യാനം നയിക്കുന്നത്.

ഞാൻ നല്ല ഇടയനാകുന്നു, നല്ല ഇടയൻ ആടുകൾക്കുവേണ്ടി ജീവൻ അർപ്പിക്കുന്നു (യോഹ. 10,11) എന്ന തിരുവചനത്തിന്റെ അടിസ്ഥാനത്തിൽ നല്ല ഇടയനായ ഈശോയുടെ ദൗത്യം തുടരുവാനുള്ള സവിശേഷമായ വിളി സ്വീകരിച്ചവരാണ് വൈദികർ. "എന്റെ ഹൃദയത്തിനിണങ്ങിയ ഇടയന്മാരെ ഞാൻ നിങ്ങൾക്ക് തരും" എന്ന കർത്താവിന്റെ വാഗ്ദാനത്തിലാണ് ദൈവജനത്തിന്റെ പ്രത്യാശയും പ്രതീക്ഷയും. ഈശോയുടെ ഹൃദയത്തിന് ഇണങ്ങിയ പുരോഹിത ശുശ്രൂഷ നല്കുക എന്ന ലക്ഷ്യമാണ് ഓരോ പുരോഹിതന്റെയും മുന്നിലുള്ളത്. വർഷത്തിലൊരിക്കൽ ശുശ്രൂഷാ മേഖലകളിൽ നിന്നും പിന്മാറി ഏതാനും ദിനങ്ങൾ കർത്താവിന്റെ സന്നിധിയിൽ തങ്ങളുടെ

ജീവിതത്തെ വിലയിരുത്തുവാനും പൗരോഹിത്യം ധ്യാനിക്കുവാനും വൈദികർ മാറ്റിവച്ചിരിക്കുന്ന സമയമാണ് വാർഷികക ധ്യാനദിനങ്ങൾ. ക്രിസ്തുവുമായുള്ള ആഴത്തിലുള്ള ബന്ധമാണ് പുരോഹിത ശുശ്രൂഷയുടെ അടിസ്ഥാനം. മുന്തിരിച്ചെടിയിൽ നില്ക്കാതെ ശാഖയ്ക്കു സ്വയമേവ ഫലം പുറപ്പെടുവിക്കാൻ സാധിക്കാത്തതുപോലെ എന്നിൽ വസിക്കുന്നില്ലെങ്കിൽ നിങ്ങൾക്കും സാധിക്കുകയില്ല (യോഹ. 15,4) എന്ന തിരുവചനം ഈ സത്യം വിശദീകരിക്കുന്നതാണ്.

ഈശോമിശിഹാ തന്റെ ജീവിതത്തിന്റെ സർവസ്വവുമാകുന്നിടത്താണ് അർത്ഥവത്തായ പുരോഹിത ശുശ്രൂഷ നിർവ്വഹിക്കുവാൻ പുരോഹിതനു കഴിയുന്നത്. ഈശോയുമായുള്ള ഗാഢമായ ഹൃദയബന്ധമാണ് ഓരോ വൈദികനും സ്വന്തമാക്കേണ്ടത്. 'സ്നേഹിതനോടെന്നപോലെ കർത്താവ് മോശയോട് സംസാരിച്ചിരുന്നു' (പുറ 33,8–11). മോശ സമാഗമ കൂടാരത്തിൽ പ്രവേശിച്ച് യഹോവയോട് സംസാരിച്ചിരുന്നതുപോലെ വാർഷികധ്യാനദിനങ്ങളിൽ വൈദികർ ഈശോയോടു സംഭാഷണത്തിലേർപ്പെടുകയാണ്: അഭിഷേകത്തിലും വിശുദ്ധിയിലും കൂടുതൽ വളരുവാൻ വൈദികർ നിരന്തരം പരിശ്രമിക്കേണ്ടതുണ്ട്. പൗരോഹിത്യ ശുശ്രൂഷയിലൂടെ തങ്ങൾ ഭരമേറ്റിരിക്കുന്ന ഗൗരവപ്പെട്ട കർത്തവ്യങ്ങൾ കുറവുകൂടാതെ നിർവ്വഹിക്കുവാൻ വൈദികർ നിതാന്ത ജാഗ്രത പുലർത്തേണ്ടതായുണ്ട്. 'നിങ്ങളെ ഏല്പിക്കുന്ന ദൈവത്തിന്റെ അജഗണത്തെ പരിപാലിക്കുവിൻ' (1 പത്രോ. 5,2) എന്ന പത്രോസ് ശ്ലീഹായുടെ ആഹ്വാനം ധ്യാനിച്ച് തങ്ങളുടെ അജപാലന ശുശ്രൂഷകൾക്ക് ആവശ്യമായ വരപ്രസാദം വൈദികർ വാർഷിക ധ്യാനദിനങ്ങളിൽ സ്വന്തമാക്കുകയാണ്. വൈദികരുടെ വാർഷികധ്യാനദിനങ്ങളിൽ വൈദികർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുവാൻ ദൈവജനത്തിനു കടമയുണ്ട് എന്ന കാര്യം ഓർമ്മിപ്പിക്കട്ടെ. 'എനിക്കുവേണ്ടി ദൈവത്തോടുള്ള പ്രാർത്ഥനയിൽ എന്നോടൊപ്പം നിങ്ങളും ഉത്സുകരായിരിക്കണം' (റോമാ 15,30). പൗലോസ് അപ്പസ്തോലൻ തന്റെ ശുശ്രൂഷ സ്വീകരിക്കുന്ന ജനത്തോട് തനിക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുന്ന വചനഭാഗമാണിത്.

വിശുദ്ധരും തീക്ഷ്ണമതികളുമായ വൈദികരുടെ ത്യാഗപൂർണ്ണമായ ജീവിതമാണ് നമ്മുടെ അതിരൂപതയെ ഇന്നു കാണുന്ന വളർച്ചയിലേക്ക് എത്തിച്ചത്. ദൈവജനത്തിന്റെ ഒപ്പം ജീവിക്കുന്ന നിർമ്മലരായ ധാരാളം വൈദികരെ നല്കി കർത്താവ് നമ്മുടെ അതിരൂപതയെ അനുഗ്രഹിച്ചു. പൗരോഹിത്യത്തെയും വൈദികരെയും ആദരിക്കു

കയും സ്നേഹിക്കുകയും ചെയ്യുന്ന പാരമ്പര്യത്തിൽനിന്നു നാം അല്പം പോലും പിന്നോട്ട് പോകരുത്. പുരോഹിതരെയും പുരോഹിത ശുശ്രൂഷകളെയും ഇകഴ്ത്തി കാണിക്കുവാനുള്ള ശ്രമങ്ങൾ നടക്കുമ്പോഴും പൗരോഹിത്യത്തിന്റെ ശ്രേഷ്ഠത ഉയർത്തിപ്പിടിക്കുന്ന 375 വൈദികരാൽ സമ്പന്നമാണ് നമ്മുടെ അതിരൂപത. വൈദികരാകാൻ ദൈവവിളി സ്വീകരിക്കുന്ന മിടുക്കരായ ധാരാളം കുട്ടികൾ സെമിനാരിയിൽ എത്തുന്നുണ്ട്. തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ എന്ന നിലയിൽ ഞാൻ ഏറ്റവും കടപ്പെട്ടിരിക്കുന്നത് ത്യാഗസന്നദ്ധരായ ബഹു. വൈദികരോടാണ്. അതിരൂപതാദ്ധ്യക്ഷനോട് ചേർന്ന് പ്രവർത്തിക്കുന്ന അച്ചടക്കമുള്ള മാതൃകാപരമായ വൈദികകൂട്ടായ്മയാണ് നമുക്കുള്ളത്. ബഹു. വൈദികരോട് നിങ്ങൾ കാണിക്കുന്ന സ്നേഹത്തിനും സഹകരണത്തിനും ഹൃദയപൂർവ്വം ഞാൻ നന്ദി പറയുന്നു. വൈദികവിദ്യാർത്ഥികളുടെ പരിശീലനത്തിനും വൈദികരുടെ ക്ഷേമത്തിനുമായി കഴിഞ്ഞ വർഷം ആരംഭിച്ച വിയാനിനിധി പദ്ധതിയോട് സഹകരിക്കുവാൻ ധാരാളംപേർ മുന്നോട്ടുവന്നിട്ടുണ്ട്. നിങ്ങളുടെ സന്മനസ്സിന് കർത്താവ് പ്രതിഫലം നൽകട്ടെ. കർത്താവേ ഞങ്ങളുടെ വൈദികരെ വിശുദ്ധീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യണമേ എന്ന പ്രാർത്ഥന ബഹു. വൈദികരുടെ വാർഷിക ധ്യാനദിനങ്ങളിൽ ദൈവജനത്തിന്റെ അധരങ്ങളിൽ ഉണ്ടായിരിക്കട്ടെ.

പിതാവിന്റെയും ✝ പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും ✝ നാമത്തിൽ നിങ്ങൾ ഏവരെയും ആശീർവ്വദിച്ചുകൊണ്ട്,

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**✝ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്ത*

*2024 ഓഗസ്റ്റ് 24 ന് വി. ബർത്തലേമിയോ ശ്ലീഹായുടെ തിരുനാൾ ദിനത്തിൽ തലശ്ശേരി അതിരൂപതാ കാര്യാലയത്തിൽ നിന്ന് നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2024 സെപ്റ്റംബർ 15-ാം തീയതി ഞായറാഴ്ച വി. കുർബാന മധ്യേ എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

## ബഹു. വൈദികരുടെ വാർഷിക ധ്യാനവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ

1. അതിരൂപതയിൽ സേവനംചെയ്യുന്ന എല്ലാ വൈദികരും വാർഷികധ്യാനത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഏതെങ്കിലും ഗൗരവതരമായ കാരണത്താൽ ധ്യാനത്തിൽ പങ്കെടുക്കുവാൻ പറ്റുന്നില്ലെങ്കിൽ അഭിവന്ദ്യ പിതാവിൽനിന്നും നേരിട്ട് അനുവാദം വാങ്ങണം.
2. രണ്ട് ബാച്ചുകളിലും ധ്യാനം ഞായറാഴ്ച വൈകിട്ട് 7 മണിക്ക് ജപമാലയോടെ ആരംഭിച്ച് വെള്ളിയാഴ്ച ഉച്ചഭക്ഷണത്തോടെയാണ് അവസാനിക്കുന്നത്.
3. ബഹു. വൈദികർ തങ്ങളുടെ കൈവശമുള്ള കുമ്പസാര പത്തോന്തികൾ ധ്യാനത്തിനു വരുമ്പോൾ കൊണ്ടുവന്ന് പുതുക്കേണ്ടതാണ്.
4. ബഹു. വികാരിയച്ചൻ ധ്യാനത്തിലായിരിക്കുന്ന ദിവസങ്ങളിൽ ഇടവകയുടെ അടിയന്തര അജപാലന കാര്യങ്ങൾക്ക് അടുത്ത പ്രദേശത്തുള്ള ബഹു. വൈദികരെ ചുമതലപ്പെടുത്തുകയും പ്രസ്തുത വിവരം പള്ളിയിൽ അറിയിക്കുകയും ചെയ്യണം.
5. ധ്യാനത്തിനു വരുമ്പോൾ കൊത്തീന, സൂനാറ, ഊറാറ, കുർബ്ബാന കണക്ക് ബുക്ക്, കുമ്പസാര പത്തോന്തി, ബൈബിൾ, ഒരു ബഡ്ഷീറ്റ് എന്നിവ കൊണ്ടുവരേണ്ടതാണ്.
6. ധ്യാനത്തിനു വരുമ്പോൾ ബഹു. വൈദികർ പി.പി.എഫിൽ അടയ്ക്കാനുള്ള വ്യക്തിവിഹിതവും ഇടവകാ വിഹിതവും കൊണ്ടുവരേണ്ടതാണ്.
7. മറ്റ് ധ്യാനകേന്ദ്രങ്ങളിൽ ധ്യാനിച്ചവരും ഈ ധ്യാനത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# കച്ചേരിക്കാര്യം
സെപ്റ്റംബർ 2024

**1. പുതിയ നിയമനങ്ങൾ**

**1. റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ (സീനിയർ):** തലശ്ശേരി അതിരൂപത കരിസ്മാറ്റിക്ക് മൂവ്മെന്റിന്റെ ഡയറക്ടറായി ബഹു. സേവ്യർ പുത്തൻപുരയ്ക്കൽ അച്ചനെ അഭിവന്ദ്യ പിതാവ് നിയമിച്ചു. സേവ്യറച്ചന് അഭിനന്ദനങ്ങൾ!

**2. റവ. ഫാ. തോമസ് കളത്തിൽ:** തലശ്ശേരി അതിരൂപത സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പടന്നക്കാട് പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ - റേഡിയോ ഫോർ യൂ-ന്റെ സ്റ്റേഷൻ ഡയറക്ടറായി ബഹു. തോമസ് കളത്തിലച്ചനെ അഭിവന്ദ്യ പിതാവ് നിയമിച്ചു. തോമസച്ചന് അഭിനന്ദനങ്ങൾ!

**2. അഭിനന്ദനങ്ങൾ**

**1. റവ. ഡോ. ലൂക്കോസ് മാടശ്ശേരി:** മാംഗ്ലൂർ ശ്രീനിവാസ് യൂണിവേഴ്സിറ്റിയിൽ നിന്നും സോഷ്യൽവർക്കിൽ ഡോക്ടറേറ്റ് പൂർത്തിയാക്കിയ പ്രിയപ്പെട്ട ലൂക്കോസ് മാടശ്ശേരി അച്ചന് അഭിനന്ദനങ്ങൾ!

**2. റവ. ഫാ. തോമസ് കളത്തിൽ:** എറണാകുളം ഗുഡ്നെസ് ഫിലിം സ്കൂളിൽനിന്നും പാസ്റ്ററൽ കമ്മ്യൂണിക്കേഷനിൽ ഡിപ്ലോമ പഠനം പൂർത്തിയാക്കിയ ബഹു. തോമസ് കളത്തിലച്ചന് അഭിനന്ദനങ്ങൾ!

**3. ആശംസകൾ**

**1. റവ. ഫാ. ഉറുമ്പുകാട്ടിൽ:** ഇറ്റലിയിലെ Piazza Armenina രൂപതയിൽ അജപാലന ശുശ്രൂഷ ആരംഭിച്ചിരിക്കുന്ന ബഹു. അഗസ്റ്റിൻ ഉറുമ്പുകാട്ടിലച്ചന് ദൈവാനുഗ്രഹങ്ങൾ നേരുന്നു.

**2. റവ. ഫാ. ജോർജ് കിഴുതറ:** ഓസ്ട്രേലിയായിലെ Cairns രൂപതയിൽ അജപാലന ശുശ്രൂഷ ആരംഭിച്ചിരിക്കുന്ന ബഹു. ജോർജ് കിഴുതറ അച്ചന് ദൈവാനുഗ്രഹങ്ങൾ നേരുന്നു.

**4. നിർമ്മാണ കമ്മിറ്റി**

തലശ്ശേരി അതിരൂപതയിൽ വിവിധ ഇടവകകളിൽ നടക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുവാനുമായി രൂപപ്പെടുത്തിയിരുന്ന നിർമ്മാണ കമ്മിറ്റിയിൽ പുനഃക്രമീകരണം നടത്തിയിട്ടുണ്ട്. കമ്മിറ്റി അംഗങ്ങളെ ബഹു. ജനറാൾ അച്ചന്മാരുടെ നേതൃത്വത്തിൽ മൂന്നു ഗ്രൂപ്പുകളായി തിരിച്ചിട്ടുണ്ട്. ഓരോ ഗ്രൂപ്പിനും അവർ ശ്രദ്ധിക്കേണ്ട ഫൊറോനകൾ തിരിച്ച് നല്കിയിട്ടുമുണ്ട്. അതിരൂപതാ പ്രൊക്യുറേറ്റർ ബഹു. ജോസഫ് കാക്കരമറ്റത്തിലച്ചനാണ് നിർമാണ കമ്മിറ്റിയുടെ കോഡിനേറ്ററായി പ്രവർത്തിക്കുന്നത്. 2024 ആഗസ്റ്റ് 1 മുതൽ പുതിയ നിർമാണ കമ്മിറ്റി നിലവിൽ വന്നു.

**ഗ്രൂപ്പ് 1** മോൺ. ആന്റണി മുതുകുന്നേൽ (ചെയർമാൻ)
റവ. ഫാ. വർഗീസ് കുന്നത്ത്
റവ. ഫാ. ജോർജ് ആശാരിക്കുന്നേൽ
റവ. ഫാ. മാർട്ടിൻ കിഴക്കേത്തലയ്ക്കൽ
മി. അവിരാച്ചൻ ചാലിൽ
**ഫൊറോനകൾ:** പേരാവൂർ, എടൂർ, നെല്ലിക്കാംപൊയിൽ, മണിക്കടവ്, കുന്നോത്ത്, ചെറുപുഴ, മേരിഗിരി.

**ഗ്രൂപ്പ് 2** മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി (ചെയർമാൻ)
റവ. ഫാ. വർഗീസ് കുന്നത്ത്
റവ. ഫാ. പോൾ വള്ളോപ്പിള്ളി
റവ. ഫാ. ജോസഫ് ഈനാച്ചേരിൽ
റവ. ഫാ. മാത്യു ഓലിക്കൽ
മി. ജെയിംസ് മണ്ണൂർ
**ഫൊറോനകൾ:** പൈസക്കരി, ചെമ്പേരി, ചെമ്പന്തൊട്ടി, ആലക്കോട്, വായാട്ടുപറമ്പ്, തളിപ്പറമ്പ്.

**ഗ്രൂപ്പ് 3** മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ (ചെയർമാൻ)
റവ. ഫാ. ജോസഫ് മുട്ടത്തുകുന്നേൽ
റവ. ഫാ. ഫിലിപ്പ് ഇരുപ്പക്കാട്ട്
റവ. ഫാ. തോമസ് കീഴാരത്തിൽ
മി. തോമസ് കിഴക്കരക്കാട്ട്
**ഫൊറോനകൾ:** കാസർഗോഡ്, കാഞ്ഞങ്ങാട്, പനത്തടി, വെള്ളരിക്കുണ്ട്, മാലോം, തോമാപുരം.

**5. വൈദികരുടെ വാർഷികധ്യാനം**

തലശ്ശേരി അതിരൂപത വൈദികരുടെ ഈ വർഷത്തെ വാർഷിക ധ്യാനം പതിവുപോലെ രണ്ട് ബാച്ചുകളിലായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്. 2024 സെപ്റ്റംബർ 15-ാം തീയതി ഞായറാഴ്ച വൈകിട്ട് 7 മണിക്ക് ആരംഭിച്ച് 20-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 1 മണിവരെ ഒന്നാം ബാച്ചിന്റെയും സെപ്റ്റംബർ 22 ഞായറാഴ്ച വൈകിട്ട് 7 മണി മുതൽ 27 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 1 മണിവരെ രണ്ടാമത്തെ ബാച്ചിന്റെയും ധ്യാനം നടക്കും. ഒന്നാമത്തെ ബാച്ചിന്റെ ധ്യാനം തലശ്ശേരി സെന്റ് ജോസഫ് മൈനർ സെമിനാരിയിലും രണ്ടാമത്തെ ബാച്ചിന്റെ ധ്യാനം പരിയാരം മദർഹോം ധ്യാനകേന്ദ്രത്തിലുമാണ് നടന്നത്. മല്ലപ്പള്ളി എമ്മാവൂസ് റിട്രീറ്റ് സെന്റർ ഡയറക്ടർ, എം.സി.ബി.എസ്. സഭാംഗമായ ബഹു. ജോർജ് കാട്ടൂർ അച്ചനാണ് ധ്യാനം നയിക്കുന്നത്. ഓരോ ബാച്ചിലും ധ്യാനത്തിൽ പങ്കെടുക്കേണ്ട വൈദികരുടെ ലിസ്റ്റ് ആഗസ്റ്റ് മാസത്തിലെ ഗിരിദീപത്തിൽ നല്കിയിട്ടുണ്ട്. ലിസ്റ്റിൽ വന്ന മാറ്റങ്ങൾ ചേർന്ന് പ്രിസ്ബിറ്റേറിയം വാട്സ് ആപ്പ് ഗ്രൂപ്പിൽ വീണ്ടും പ്രസിദ്ധീകരിക്കുന്നതാണ്.

**6. ആദരാഞ്ജലികൾ**

**1. റവ. സി. ഗ്രേസി കൊല്ലക്കൊമ്പിൽ എസ്.എ.ബി.എസ് (84):** ബഹു. ജോർജ് കൊല്ലക്കൊമ്പിൽ അച്ചന്റെ പ്രിയപ്പെട്ട സഹോദരി ബഹു. സി. ഗ്രേസി കൊല്ലക്കൊമ്പിൽ 2024 ജൂലൈ 27 ന് നിര്യാതയായി. എസ്.എ.ബി.എസ് മേരിമാതാ മാനന്തവാടി പ്രൊവിൻസ് അംഗമായിരുന്നു. മൃതസംസ്കാര ശുശ്രൂഷകൾ 2024 ജൂലൈ 27 ന് അമ്പലവയൽ ആരാധനാ മഠത്തിന്റെ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസ് പൊരുന്നോടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. കാഞ്ഞിരമറ്റം, ഗൂഡല്ലൂർ, പയ്യമ്പിള്ളി, കണിയാരം, പാലാവയൽ, കോഴിച്ചാൽ, ബത്തേരി, പുൽപ്പള്ളി, ആലാറ്റിൽ, പഴൂർ, തവിഞ്ഞാൽ, തോമാട്ടുചാൽ, അപ്പപ്പാറ, തേനേരി, അമ്പായത്തോട്, ശിശുമല, എടപ്പെട്ടി, ദ്വാരക, അമ്പലവയൽ എന്നീ മഠങ്ങളിൽ സിസ്റ്റർ സേവനം ചെയ്തിട്ടുണ്ട്. പ്രിയപ്പെട്ട സഹോദരിയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ജോർജ് അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ. ബഹു. സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർഥിക്കാം.



**2. റവ. സി. ഫ്ളോറൻസ് ചേരവേലിത്തടത്തിൽ എസ്.എച്ച് (84):** തിരുഹൃദയ സന്യാസിനി സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ്



പ്രൊവിൻസ് അംഗമായിരുന്ന റവ. സി. ഫ്ളോറൻസ് എസ്.എച്ച്. 2024 ആഗസ്റ്റ് 08 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2024 ആഗസ്റ്റ് 09 ന് പേരാവൂർ പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ മോൺ. ആന്റണി മുതുകുന്നേലിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. ആലക്കോട്, കുളത്തുവയൽ, കൂരാച്ചുണ്ട്, തൊണ്ടിയിൽ, തരിയോട്, ബത്തേരി, പോരൂർ, കരുവഞ്ചാൽ, അയ്യന്തോൾ, നിർമലഭവൻ, തലശ്ശേരി ആർച്ച് ബിഷപ്സ് ഹൗസ്, തൊക്കിലങ്ങാടി, നീലേശ്വരം എന്നീ മഠങ്ങളിൽ സേവനം ചെയ്തിട്ടുണ്ട്. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർഥിക്കാം.

**3. റവ. സി. മാഗ്ഗി പുത്തൻപുരയിൽ എം.എസ്.എം.ഐ (71):** എം.എസ്.എം.ഐ. സന്യാസിനി സമൂഹം തലശ്ശേരി സാൻജോസ് പ്രൊവിൻസ് അംഗമായ ബഹു. സി. മാഗ്ഗി എം.എസ്.എം.ഐ. 2024 ആഗസ്റ്റ് 08 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2024 ആഗസ്റ്റ് 09 ന് നെല്ലിക്കുറ്റി സിയോൺ കോൺവെന്റ് സെമിത്തേരിയിൽ തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. നെല്ലിക്കുറ്റി, ജർമ്മനി, തലശ്ശേരി, കണ്ണൂർ, പരിയാരം എന്നിവിടങ്ങളിൽ സിസ്റ്റർ മാർഗ്ഗി ശുശ്രൂഷ ചെയ്തിട്ടുണ്ട്. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർഥിക്കാം.



**4. ശ്രീമതി അന്നക്കുട്ടി മണിമലത്തറപ്പേൽ (93):** ബഹു. മാത്യു മണിമലത്തറപ്പേൽ അച്ചന്റെ പ്രിയ സഹോദരി ശ്രീമതി അന്നക്കുട്ടി മണിമലത്തറപ്പേൽ 2024 ആഗസ്റ്റ് 14ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2024 ആഗസ്റ്റ് 15ന് താമരശ്ശേരി രൂപതയിലെ പുഷ്പഗിരി ലിറ്റിൽ ഫ്ളവർ ദൈവാലയ സെമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട സഹോദരിയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. മാത്യു അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതയ്ക്കുവേണ്ടി പ്രാർഥിക്കാം.

**5. ശ്രീ. ജോസഫ് കൊച്ചുപറമ്പിൽ (84):** തലശ്ശേരി അതിരൂപതാംഗമായിരുന്ന പരേതനായ ബഹു. തോമസ് കൊച്ചുപറമ്പിൽ അച്ചന്റെ പ്രിയപിതാവ് ശ്രീ. ജോസഫ് കൊച്ചുപറമ്പിൽ 2024 ആഗസ്റ്റ് 15ന് നിര്യാ

തനായി. മൃതസംസ്കാര ശുശ്രൂഷകൾ 2024 ആഗസ്റ്റ് 16ന് വെള്ളരിക്കുണ്ട് ലിറ്റിൽ ഫ്ളവർ ഫൊറോന ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. കൊച്ചുപറമ്പിൽ കുടുംബാംഗങ്ങൾക്ക് അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ നേരുന്നു. പരേതന്റെ ആത്മശാന്തിക്കായി പ്രാർഥിക്കാം.

**6. ശ്രീമതി എത്സമ്മ കൊട്ടാരത്തിൽ (65):** ബഹു. ജോസഫ് കൊട്ടാരത്തിലച്ചന്റെ പ്രിയ മാതാവും ബഹു. തോമസ് തെങ്ങുംപള്ളിൽ അച്ചന്റെ സഹോദരിയുമായ ശ്രീമതി എത്സമ്മ കൊട്ടാരത്തിൽ 2024 ആഗസ്റ്റ് 16ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2024 ആഗസ്റ്റ് 17 ന് വെള്ളരിക്കുണ്ട് ലിറ്റിൽ ഫ്ളവർ ഫൊറോന ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട മാതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ജോസഫ് അച്ചനും കുടുംബാംഗങ്ങൾക്കും പ്രിയപ്പെട്ട തോമസച്ചനും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കായി പ്രാർഥിക്കാം.

**7. റവ. സി. തേരേസ് സുജിത സി.എം.സി. (66):** സി.എം.സി സന്യാസിനി സമൂഹത്തിന്റെ തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായിരുന്ന ബഹു. സി. തെരേസ് സുജിത പുതിയിടത്ത് 2024 ആഗസ്റ്റ് 18 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2024 ആഗസ്റ്റ് 19 ന് നെല്ലിക്കാംപൊയിൽ പ്രൊവിൻഷ്യൽ ഹൗസ് ചാപ്പലിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ കാർമികത്വത്തിൽ നടന്നു. കൂടരഞ്ഞി, മേരിക്കുന്ന്, നെല്ലിക്കാംപൊയിൽ, നടവയൽ, തോട്ടുംമുക്കം, ഇറ്റലി, താമരശ്ശേരി, കുന്നുംകൈ, ചെട്ടിയാംപറമ്പ്, പടുപ്പ്, പടന്നക്കാട്, കീഴ്പ്പള്ളി എന്നീ മഠങ്ങളിൽ ബഹു. സി. തെരേസ് സേവനം ചെയ്തിട്ടുണ്ട്. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർഥിക്കാം.




**8. ശ്രീമതി അന്നക്കുട്ടി കുന്നത്തുമാക്കൽ (84):** ബഹു. തോമസ് പതിക്കൽ അച്ചന്റെ പ്രിയപ്പെട്ട സഹോദരി ശ്രീമതി അന്നക്കുട്ടി കുന്നത്തുമാക്കൽ 2024 ആഗസ്റ്റ് 17 ന് നിര്യാതയായി. മൃതസംസ്കാര ശുശ്രൂഷകൾ 2024 ആഗസ്റ്റ് 18 ന് ശാന്തിനഗർ സെന്റ് മേരീസ് ദൈവാലയ സെമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട സഹോദരിയുടെ വേർപാടിൽ

വേദനിക്കുന്ന ബഹു. തോമസ് അച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാകുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കായി പ്രാർഥിക്കാം.

**7. സ്നേഹസ്മൃതി**

1. റവ. ഫാ. ജോസഫ് മഴുവഞ്ചേരി - 02-09-1985
2. റവ. ഫാ. ഇഗ്നേഷ്യസ് മുളങ്കാട്ടിൽ - 04-09-2023
3. റവ. ഫാ. അഗസ്റ്റിൻ മണക്കാട്ടുമറ്റം - 05-09-2007
4. റവ. ഫാ. കുര്യാക്കോസ് മുണ്ടപ്ലാക്കൽ - 11-09-2020
5. റവ. ഫാ. തോമസ് കൊച്ചുപറമ്പിൽ - 13-09-2013
6. റവ. ഫാ. സോസിമൂസ് മുണ്ടിയാനിപ്പുറം സി.എം.ഐ. - 15-09-1966
7. റവ. ഫാ. ലൊയോള പെരികിലക്കാട്ട് സി.എം.ഐ. - 17-09-1988
8. റവ. ഫാ. കഴിക്കച്ചാലിൽ ജോർജ് (സീനിയർ) - 19-09-1979
9. റവ. ഫാ. സബീനൂസ് ഈന്തുംപ്ലാക്കൽ സി.എം.ഐ. - 20-09-1979
10. റവ. ഫാ. കഴിക്കച്ചാലിൽ ജോർജ് (ജൂനിയർ) - 20-09-1988
11. റവ. ഫാ. അഗസ്റ്റിൻ നടുവിലേക്കുറ്റ് - 22-09-1982

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*



# അനുസ്മരണം
## റവ. ഫാ. ജോസഫ് വീട്ടിയാങ്കൽ (83)

"ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് ആരു നമ്മെ വേർപെടുത്തും? ക്ലേശമോ, ദുരിതമോ, പീഢനമോ, നഗ്നതയോ, ആപത്തോ, വാളോ? ഉയരത്തിനോ, ആഴത്തിനോ, മറ്റേതെങ്കിലും സൃഷ്ടിക്കോ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ദൈവ സ്നേഹത്തിൽ നിന്ന് നമ്മെ വേർപെടുത്താൻ കഴിയില്ലെന്ന് എനിക്ക് ഉറപ്പുണ്ട്". (റോമ.8: 36, 39) പൗലോസ് അപ്പസ്തോലന്റെ ഈശോയോടുള്ള അഗാധമായ സ്നേഹം വെളിപ്പെടുത്തുന്ന ഈ ദൈവവചനം സ്വന്തം ജീവിതത്തിൽ പകർത്തിയ ശ്രേഷ്ഠനായ ഒരു പുരോഹിതനാണ് വിട പറഞ്ഞത്. തലശ്ശേരി അതിരൂപതാംഗമായ ബഹു. ജോസഫ് വീട്ടിയാങ്കൽ അച്ചൻ 2024 ആഗസ്റ്റ് 02 ന് രാവിലെ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. വി. ബലി മധ്യേ നിത്യസമ്മാനത്തിനായി വിളിക്കപ്പെടുന്നതിനെക്കാൾ ഭാഗ്യപ്പെട്ട മരണം ഒരു പുരോഹിതന് ലഭിക്കാനില്ല. വി. കുർബ്ബാന മധ്യേ ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ട അച്ചനെ ആശുപത്രിയിൽ എത്തിച്ചെങ്കിലും ഹൃദയാഘാതം സംഭവിക്കുകയായിരുന്നു. കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു ബഹു. വീട്ടിയാങ്കലച്ചൻ. ജനഹൃദയങ്ങളിൽ പൗരോഹിത്യത്തിന്റെ മഹത്വം ആവോളം ഉയർത്തിപ്പിടിച്ച തീക്ഷ്ണമതിയായ ഒരു പുരോഹിതനാണ് കാലയവനികയ്ക്കുള്ളിൽ മറഞ്ഞത്.

1941 മാർച്ച് 04 ന് പാലാ രൂപതയിലെ പ്രവിത്താനത്ത് വീട്ടിയാങ്കൽ പരേതരായ ജോസഫ് - ത്രേസ്യാമ്മ ദമ്പതികളുടെ മൂത്ത മകനായി അച്ചൻ ജനിച്ചു. ആറു സഹോദരിമാരും മൂന്ന് സഹോദരൻമാരുമാണ് അച്ചനുള്ളത്. അച്ചാമ്മ മാത്യു പാലമറ്റം, റവ. സി. എൽസീന മേരി എഫ്.സി.സി (പാലാ), ആന്റണി (പാലാക്കുഴി), റവ. സി. ജെസ്റ്റി എഫ്.സി.സി (ചെമ്മലമറ്റം), റവ. സി. ജോൺസി എഫ്.സി.സി (കല്ലൂർക്കുളം), മൈക്കിൾ (മുല്ലൂർക്കര-തൃ ശ്ശൂർ), റവ. സി. ബിൻസി എഫ്.സി.സി (പുലിയന്നൂർ), സെലിൻ ഫ്രാൻസീസ് (ഉഴുന്നുംപുറം - തൃശ്ശൂർ), പരേതനായ മാത്യു എന്നിവരാണ് സഹോദരങ്ങൾ. 1959 ൽ തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി വൈദികനാകാൻ കുന്നോത്ത് സെന്റ് ജോസഫ്സ് മൈനർ സെമിനാരിയിൽ പ്രവേശിച്ചു. ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും തത്വശാസ്ത്ര - ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1968 മാർച്ച് 16 ന് കടയത്തൂർ സെന്റ് അഗസ്റ്റ്യൻസ് ദൈവാലയത്തിൽ വച്ച് പാലാ രൂപതയുടെ പ്രഥമ മെത്രാൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു. താമരശ്ശേരി രൂപതയിലെ മരുതോങ്കര പള്ളിയിൽ 1968 ഏപ്രിൽ മാസത്തിൽ അസിസ്റ്റന്റ് വികാരിയായി ബഹു. വീട്ടിയാങ്കൽ അച്ചൻ പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചു. പശുക്കടവ് പള്ളിയിലും അസിസ്റ്റന്റ് വികാരിയായി ശുശ്രൂഷ ചെയ്തു. നമ്മുടെ അതിരൂപതയിൽ പതിമൂന്ന് ഇടവകകളിൽ

ശ്രേഷ്ഠമായ ഇടയശുശ്രൂഷ ബഹു. വീട്ടിയാങ്കൽ അച്ചൻ നല്കി. ബളാൽ, ആനിക്കാംപൊയിൽ, മണിക്കടവ്, കോഴിച്ചാൽ, രാജഗിരി, കുടിയാൻമല, പെരുമ്പടവ്, മേരിഗിരി, കൊളക്കാട്, വരക്കാട്, ചായ്യോം എന്നീ ഇടവകകളിൽ വികാരിയായി ശുശ്രൂഷ ചെയ്തു.

2020 ജൂൺ 28 ന് കരുവഞ്ചാൽ ശാന്തി ഭവനിൽ വിശ്രമജീവിതത്തിനായി എത്തി. മേരിഗിരി ഇടവകയിൽ പാരീഷ്ഹാളിന്റെ നിർമ്മാണം, പള്ളിമുറിയുടെ നവീകരണം, മേരിഗിരി, കോഴിച്ചാൽ, പെരുമ്പടവ്, കുടിയാന്മല ഇടവകകളിൽ മനോഹരമായ സെമിത്തേരികൾ, കൊളക്കാട് ഇടവകയിൽ സ്കൂൾകെട്ടിടത്തിന്റെ നിർമ്മാണം എന്നിങ്ങനെ നിരവധി നിർമ്മാണപ്രവർത്തനങ്ങൾ ബഹു. വീട്ടിയാങ്കലച്ചന്റെ നേതൃത്വത്തിൽ നടന്നു. നിർമ്മാണപ്രവർത്തനങ്ങളിൽ ബഹു. വീട്ടിയാങ്കലച്ചന്റ കാര്യശേഷി അതുല്യമായിരുന്നു. ലളിതമായ ജീവിതമായിരുന്നു ബഹു. വീട്ടിയാങ്കലച്ചന്റേത്. നാലു ജോഡി ഡ്രസ്സുകൾ മാത്രമാണ് അച്ചൻ ഉപയോഗിച്ചിരുന്നത്. പണം കൈയിൽ സൂക്ഷിക്കുമായിരുന്നില്ല. തന്റെ കൈയിൽ പണം വന്നാൽ ആവശ്യക്കാർക്ക് അത് നല്കുമായിരുന്നു. അച്ചൻ ഒരിക്കലും സ്വന്തം മുറി പൂട്ടുമായിരുന്നില്ല. അച്ചന്റെ ജീവിതം പഠിക്കുമ്പോൾ ഇത്രത്തോളം ഒരുവൈദികന് ലളിതമായി ജീവിക്കാൻ സാധിക്കുമോ എന്ന് നാം ചിന്തിക്കും.

മലബാറിലെ ദൈവജനത്തെ അച്ചടക്കമുള്ള ആരാധനാസമൂഹമായി രൂപപ്പെടുത്തുവാനും തന്നെ ഏല്പിച്ച നാടിനെയും ദൈവജനത്തെയും നെഞ്ചോട് ചേർത്തുപിടിപ്പ് അവർക്കുവേണ്ടി നല്ലിടയനെപ്പോലെ നിലകൊള്ളുവാനും ബഹു. വീട്ടിയാങ്കലച്ചന് കഴിഞ്ഞിരുന്നു. ആഴമായ ആത്മീയ ജീവിതത്തിൽ നിന്നാണ് ഉൾക്കരുത്തും തീക്ഷ്ണതയുമുള്ള പൗരോഹിത്യജീവിതം അച്ചൻ സ്വന്തമാക്കിയത്. തന്റെ ഇടവകയിൽ ഏതൊരു കാര്യം ചെയ്യുമ്പോഴും മണിക്കൂറുകളോളം ഈശോയുടെ മുമ്പിൽ ആലോചന ചോദിച്ച് തീരുമാനമെടുക്കുന്ന ശൈലിയായിരുന്നു ബഹു. വീട്ടിയാങ്കലച്ചന്റെത്. അച്ചന്റെ നിർമ്മലമായ ജീവിതം വ്യക്തമായ നിലപാടുകളോടെ ആരോടും സംസാരിക്കാനുള്ള ഉൾക്കരുത്ത് അച്ചന് നല്കി. തലശ്ശേരി വൈദിക കൂട്ടായ്മയിൽ തന്റേതായ സ്ഥാനവും വ്യക്തിപ്രഭാവവും ഉണ്ടായിരുന്ന ആളായിരുന്നു ബഹു. വീട്ടിയാങ്കലച്ചൻ.

തലശ്ശേരി അതിരൂപതയുടെ വളർച്ചയിൽ വിസ്മരിക്കാനാവാത്ത സംഭാവനകൾ നല്കിയാണ് ബഹു. വീട്ടിയാങ്കലച്ചൻ കാലയവനികയിൽ മറയുന്നത്. ഇടവകയിൽ ശുശ്രൂഷ ചെയ്യുന്ന വൈദികർക്ക് അനുകരിക്കാവുന്ന ഒട്ടനവധി മാതൃകകൾ സമ്മാനിച്ചാണ് ബഹു. വീട്ടിയാങ്കലച്ചൻ യാത്രയാകുന്നത്. അഭിമാനകരമായ പൗരോഹിത്യ ജീവിതം ദൈവജനത്തിന് സമ്മാനിച്ച് നിത്യസമ്മാനത്തിനായി നിത്യപുരോഹിതന്റെ പക്കലേയ്ക്ക് യാത്രയായ ഞങ്ങളുടെ പ്രിയപ്പെട്ട വീട്ടിയാങ്കലച്ചാ, അങ്ങയുടെ ഓർമ്മകൾക്കു മുമ്പിൽ പ്രണാമം...

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
ചാൻസലർ



# അനുസ്മരണം

## റവ. ഫാ. മാത്യു കുടിലിൽ (29)

*"കർത്താവേ! എന്റെ ശക്തിയുടെ ഉറവിടമേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു. അങ്ങാണ് എന്റെ രക്ഷാശിലയും കോട്ടയും വിമോചകനും, എന്റെ ദൈവവും എനിക്ക് അഭയം തരുന്ന പാറയും" (സങ്കീ 18, 1-2).*

തലശ്ശേരി അതിരൂപതയെ മുഴുവൻ തീവ്രദുഃഖത്തിലാഴ്ത്തിയ സങ്കടവാർത്തയായിരുന്നു സ്വാതന്ത്ര്യദിന സന്ധ്യയിൽ എത്തിയത്. ഊർജസ്വലനും തീക്ഷ്ണമതിയുമായ യുവവൈദികൻ ബഹു. മാത്യു കുടിലിലച്ചൻ 2024 ആഗസ്ത് 15ന് വൈകിട്ട് ആസ്മികമായി നമ്മോടു വിടപറഞ്ഞു. കാസർഗോഡ് ജില്ലയിലെ മുള്ളേരിയ ഇൻഫന്റ് ജീസസ്സ്, ദേലംപാടി സെന്റ് മേരീസ് ഇടവകകളുടെ വികാരിയായി ശുശ്രൂഷചെയ്തുവരവേ ആണ് ഷിൻസച്ചന്റെ ആസ്മികമായ യാത്രപറച്ചിൽ. മൂന്നരവർഷം മാത്രം നീണ്ട പൗരോഹിത്യജീവിതമേ ഷിൻസച്ചന് ഈ ഭൂമിയിൽ ലഭിച്ചുള്ളു. നിത്യപുരോഹിതൻ സ്വർഗ്ഗത്തിലേയ്ക്ക് ഷിൻസച്ചനെ കൂട്ടിക്കൊണ്ട് പോയി. ഏവർക്കും പ്രിയങ്കരനായ മിടുക്കനായ ഒരു യുവവൈദികൻ എന്നാണ് ഷിൻസച്ചനെക്കുറിച്ച് എല്ലാവർക്കും പറയാനുള്ളത്.

എടൂർ ഇടവകയിൽ പരേതനായ കുടിലിൽ അഗസ്റ്റിന്റെയും ലിസ്സിയുടെയും മൂന്നുമക്കളിൽ ഇളയവനായി 1995 മാർച്ച് 31 ന് ഷിൻസച്ചൻ ജനിച്ചു. ലിന്റോ അഗസ്റ്റിൻ, ബിന്റോ അഗസ്റ്റിൻ എന്നിവർ സഹോദരങ്ങളാണ്. എടൂർ സെന്റ് മേരീസ് ഹൈസ്കൂളിൽനിന്നും സ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കി 2010 ജൂൺ തലശ്ശേരി സെന്റ് ജോസഫ്സ് മൈനർ സെമിനാരിയിൽ വൈദികപരിശീലനത്തിനായി പ്രവേശിച്ചു. തത്വശാസ്ത്രപഠനം കോട്ടയം വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിലും ദൈവശാസ്ത്രപഠനം ആലുവ മംഗലപ്പുഴ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിലുമായിരുന്നു. 2020 ഡിസംബർ 28ന് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു.

2021 ഫെബ്രുവരി 6ന് ചെമ്പന്തൊട്ടിയിൽ അസിസ്റ്റന്റ് വികാരിയായിട്ടാണ് ഷിൻസച്ചൻ പൗരോഹിത്യ ശുശ്രൂഷ ആരംഭിച്ചത്. 2022 ഫെബ്രുവരി 5 മുതൽ 2023 ഫെബ്രുവരി 3 വരെ നെല്ലിക്കാംപൊയിലും 2023 ഫെബ്രുവരി 4 മുതൽ 2023 മെയ് 5വരെ കുടിയാന്മല ഇടവകയിൽ അസ്തേന്തിയായും സേവനം ചെയ്തു. ഒരുപാടു സ്വപ്നങ്ങളോടെ പ്രോ വികാരിയായി

2023 മെയ് 14ന്  മുള്ളേരിയ, ദേലംപാടി പള്ളികളിൽ ശുശ്രൂഷ ആരംഭിച്ചു. മുള്ളേരിയ പള്ളിയിൽ പരിശുദ്ധ അമ്മയുടെ സ്വർഗാരോപണത്തിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും ആഘോഷങ്ങൾ കഴിഞ്ഞ് വൈകുന്നേരം 4 മണിക്ക് ദേലംപാടി പള്ളിയിലെ ദിവ്യബലിയർപ്പണവും കഴിഞ്ഞ് തിരികെ മുള്ളേരിയായിൽ എത്തി ദേശീയ പതാക അഴിച്ചുമാറ്റുന്നതിനിടയിലായിരുന്നു വൈദ്യുതാഘാതം ഏല്ക്കുന്നത്. ആശുപത്രിയിലെത്തിച്ച് വൈദ്യസഹായം നല്കിയെങ്കിലും മരണം സംഭവിക്കുകയായിരുന്നു.

ശുശ്രൂഷചെയ്ത ഇടവകകളിൽ ഏവർക്കും പ്രിയങ്കരനായിരുന്നു അച്ചൻ. സന്തോഷപ്രകൃതമായിരുന്നു ബഹുമാനപ്പെട്ട ഷിൻസച്ചന്റേത്. എപ്പോഴും പുഞ്ചിരിക്കുന്ന മുഖം ഏവർക്കും സമ്മാനിച്ച് എല്ലാവരോടും സൗഹൃദം സൂക്ഷിക്കുന്ന വ്യക്തിത്വമായിരുന്നു  അച്ചന്റേത്. അജപാലനപ്രവർത്തനങ്ങൾക്കൊപ്പം പുത്തൂർ സെന്റ് ഫിലോമിനാസ് കോളേജിൽ സോഷ്യൽവർക്കിൽ മാസ്റ്റേഴ്സ് ബിരുദം ഷിൻസച്ചൻ ചെയ്യുകയായിരുന്നു. ദൈവജനത്തിന്റെ ഹൃദയത്തിൽ ഇടംപിടിക്കുന്ന പൗരോഹിത്യശൈലി ഷിൻസച്ചനുണ്ടായിരുന്നു. ഒരു നല്ല അജപാലകനായി വളർന്നുവരുന്ന ഷിൻസച്ചനെ തലശ്ശേരി അതിരൂപത വളരെ പ്രതീക്ഷയോടെയാണ് നോക്കിയിരുന്നത്.

ഷിൻസച്ചന്റെ പ്രിയപ്പെട്ട അമ്മച്ചിയുടെയും സഹോദരങ്ങളുടെയും കുടുംബാംഗങ്ങളുടെയും വേദനയിൽ ആശ്വസിപ്പിക്കുവാൻ ഞങ്ങൾക്ക് വാക്കുകളില്ല. തലശ്ശേരി അതിരൂപതയിലെ വൈദിക കൂട്ടായ്മയിൽ എല്ലാവർക്കും ഷിൻസച്ചൻ ഏറെ പ്രിയങ്കരനായിരുന്നു. പ്രായവ്യത്യാസമില്ലാതെ ഏവരോടും ബന്ധം സൂക്ഷിക്കുവാൻ അച്ചന് കഴിഞ്ഞു. വളരെ ചുരുങ്ങിയ കാലമാണ് ഈ ലോകത്ത് ജീവിച്ചതെങ്കിലും ഞങ്ങളുടെ എല്ലാവരുടെയും മനസ്സിൽ ഒത്തിരി നല്ല ഓർമ്മകൾ നല്കിയിട്ടാണ് ഷിൻസച്ചൻ യാത്രയാകുന്നത്. എല്ലാവരെയും സ്നേഹിച്ച, വിനയവും എളിമയും പെരുമാറ്റത്തിൽ നിറഞ്ഞുനിന്ന വിശുദ്ധനായ ഒരു വൈദികനാണ് നിത്യപുരോഹിതന്റെ പക്കലേക്ക് മടങ്ങിയത്. ഞങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട ഒരാൾ വേർപിരിഞ്ഞ വേദനയാണ് ഈ വാർത്തകേട്ട ഓരോരുത്തരും അനുഭവിച്ചത്. പ്രിയപ്പെട്ട ഷിൻസച്ചാ പരിശുദ്ധ അമ്മയുടെ സ്വർഗാരോപണത്തിരുനാൾ ദിനമാണ് അച്ചനെ ഈശോ വിളിച്ചത്. ഈശോയുടെ തിരുമുഖം ദർശിക്കുവാൻ അങ്ങ് ആരംഭിച്ച യാത്രയിൽ പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം അങ്ങേയ്ക്കുണ്ട്. പ്രിയപ്പെട്ട ഷിൻസച്ചന്റെ ഓർമ്മകൾക്കുമുമ്പിൽ ബാഷ്പാഞ്ജലികൾ!

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
ചാൻസലർ

# പാസ്റ്ററൽ കൗൺസിൽ യോഗറിപ്പോർട്ട്
## 2024 ഓഗസ്റ്റ് 10

തലശ്ശേരി അതിരൂപതാ 19-ാമത് പാസ്റ്ററൽ കൗൺസിലിന്റെ മൂന്നാം സമ്മേളനം 2024 ഓഗസ്റ്റ് 10 ന് ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 1.45 വരെ നടന്നു. റവ. ഡോ. സി. റീന എസ്.എച്ച്. പ്രാർത്ഥനയ്ക്ക് നേതൃത്വം നല്കി. തലശ്ശേരി അതിരൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ സ്വാഗതം ആശംസിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോർജ് തയ്യിൽ അവതരിപ്പിച്ച മുൻയോഗ റിപ്പോർട്ട് ഭേദഗതികളില്ലാതെ യോഗം പാസാക്കി. വയനാട്, വിലങ്ങാട് പ്രദേശങ്ങളിൽ ഉണ്ടായ ഉരുൾപൊട്ടലിൽ മരിച്ചവർക്ക് യോഗം ആദരാഞ്ജലികൾ അർപ്പിച്ചു.

സീറോ മലബാർ സഭയുടെ കൂരിയ മെത്രാനായ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ പിതാവ് യോഗം ഉദ്ഘാടനം ചെയ്തു. നേതൃസ്ഥാനങ്ങളിലുള്ളവർ ഒന്നിലധികം അഭിപ്രായങ്ങൾ സ്വീകരിച്ചും കൂടിയാലോചനകളും ചർച്ചകളും നടത്തിയും തീരുമാനങ്ങൾ രൂപപ്പെടുത്തുമ്പോഴാണ് സിനഡാത്മക ശൈലി ഉണ്ടാകുന്നതെന്നും സഭയിൽ രൂപതാ തലത്തിൽ നേതൃത്വത്തിൽ ഉള്ളവർക്ക് ക്രിയാത്മകമായ ഉപദേശങ്ങളും ശുപാർശകളും നൽകുകയെന്ന ഉത്തരവാദിത്വമാണ് പാസ്റ്ററൽ കൗൺസിലുകൾക്ക് ഉള്ളതെന്നും തലശ്ശേരി അതിരൂപതാ ഇക്കാര്യത്തിൽ മാതൃകയാണെന്നും ഉദ്ഘാടന പ്രസംഗത്തിൽ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ പിതാവ് പ്രസ്താവിച്ചു.

തലശ്ശേരി അതിരൂപതാ ആർച്ച്ബിഷപ്പ് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. വയനാട് ദുരന്തത്തിന്റെ മറവിൽ 30 ലക്ഷം മലയോര കർഷകരുടെ ജീവിതം ദുഃസഹമാക്കുന്ന നിലപാടുകളും നയങ്ങളും രൂപീകരിക്കുവാൻ നടക്കുന്ന നീക്കങ്ങളും മാധവ് ഗാഡ്ഗിൽ, കസ്തൂരി രംഗൻ കമ്മീഷനുകളുടെ കർഷകവിരുദ്ധ ശുപാർശകൾ നടപ്പിലാക്കാനുള്ള ശ്രമങ്ങളും എതിർക്കപ്പെടേണ്ടതാണെന്നും അധ്യക്ഷപ്രസംഗത്തിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് പ്രസ്താവിച്ചു. ഖാദർ കമ്മീഷൻ നിർദ്ദേശങ്ങളിൽ ഭാവനാത്മകമായ ചില കാര്യങ്ങൾ ഉണ്ടെങ്കിലും സാമൂഹിക യാഥാർത്ഥ്യങ്ങൾ ഉൾക്കൊള്ളാത്തതും ഭരണഘടന ഉറപ്പാക്കുന്ന ന്യൂനപക്ഷ അവകാശങ്ങൾ ഹനിക്കുന്നതുമായ ശുപാർശകൾ

സർക്കാർ തള്ളിക്കളയണമെന്നും പാസ്റ്ററൽ കൗൺസിൽ ആവശ്യപ്പെട്ടു.

സർക്കാർ നല്കുന്ന വിവിധ ഇൻഷൂറൻസ് പരിരക്ഷകളെക്കുറിച്ചുള്ള ക്ലാസ് കിസാൻ സർവീസ് സൊസൈറ്റി ചെയർമാൻ ശ്രീ. ജോസ് തയ്യിൽ നയിച്ചു. എല്ലാവർക്കും ഇൻഷൂറൻസ് പരിരക്ഷ എന്ന ആശയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഈ ക്ലാസിന്റെ ഉള്ളടക്കം ആളുകളിലേക്ക് എത്തിക്കുവാൻ യോഗം തീരുമാനിച്ചു. അതിരൂപത നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന Help Desk പദ്ധതിയെക്കുറിച്ച് അതിരൂപതാ വൈസ്ചാൻസലർ ബഹു. ജോസഫ് റാത്തപ്പിള്ളിൽ അച്ചൻ വിഷയാവതരണം നടത്തി. ന്യൂനപക്ഷങ്ങൾക്ക് ലഭിക്കേണ്ട സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ ആളുകളെ സഹായിക്കുവാൻ ഉതകുന്ന രീതിയിൽ Help Desk ന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുവാൻ തീരുമാനിച്ചു. വരാൻപോകുന്ന ത്രിതലപഞ്ചായത്ത് തിരഞ്ഞെടുപ്പിനെക്കുറിച്ചുള്ള വിഷയാവതരണം ശ്രീ. ജോർജ് തയ്യിൽ നടത്തി. രാഷ്ട്രീയ മേഖലയിൽ നേതാക്കൾ വളർന്നുവരുവാൻ രാഷ്ട്രീയ പാർട്ടികളിൽ പ്രവർത്തിക്കുവാൻ യുവജനങ്ങളെ പറഞ്ഞ് പ്രോത്സാഹിപ്പിക്കണമെന്ന അഭിപ്രായം ഉയർന്നുവന്നു.

പ്ലാറ്റിനം ജൂബിലിക്കായുള്ള ഒരുക്കത്തിന്റെ ഭാഗമായി 2025 സാമൂദായികശാക്തീകരണ വർഷമായി തലശ്ശേരി അതിരൂപതയിൽ ആചരിക്കുവാൻ തീരുമാനിച്ചു. സമുദായ ശാക്തീകരണമെന്ന വിഷയത്തെക്കുറിച്ച് അതിരൂപതാ പ്രൊക്യുറേറ്റർ ബഹു. ജോസഫ് കാക്കരമറ്റത്തിലച്ചൻ വിഷയാവതരണം നടത്തി. ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യുസേഴ്സ് കമ്പനിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി യോഗത്തെ അറിയിച്ചു. ദിവ്യകാരുണ്യവർഷ സമാപനത്തിന്റെ ഭാഗമായി 2024 ഡിസംബർ 14ന് തോമാപുരത്തുവച്ച് നടക്കുന്ന ദിവ്യകാരുണ്യ കോൺഗ്രസിനെക്കുറിച്ച് മോൺ. ആന്റണി മുതുകുന്നേൽ യോഗത്തെ അറിയിച്ചു. തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ റിട്ടയർമെന്റ് ജീവിതം ആഹ്ലാദപ്രദവും സുരക്ഷിതവുമാക്കാൻ ഉദ്ദേശിച്ചുകൊണ്ട് കുന്നോത്ത് ആരംഭിക്കുവാൻ തീരുമാനിച്ചു. ഹാപ്പിവില്ലേജ് പദ്ധതിയുടെ ബ്രൗഷർ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവഹിച്ചു. വികാരി ജനറാൾ മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ ഏവർക്കും നന്ദിപറഞ്ഞു.

**ശ്രീ. ജോർജ് തയ്യിൽ**
*സെക്രട്ടറി*

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ജനറൽ സെക്രട്ടറി*

# നവീകരണ ധ്യാനം

അതിരൂപതാതല നവീകരണ ധ്യാനം ഇതിനോടകം പതിനഞ്ച് ഫൊറോനകളിൽ വിജയകരമായി പൂർത്തിയായി. 2024 നവംബർ - ഡിസംബർ മാസങ്ങളിലായി ബാക്കിയുള്ള നാല് ഫൊറോനകളിൽ നടത്തുന്ന ധ്യാനങ്ങളുടെ വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.

**MANIKKADAVE FORANE 2024 November 26-29 (Tuesday - Friday)**

| No | Parish | Retreat Team | Ph. Number |
|---|---|---|---|
| 1 | Anara | Fr. Austin Chackamkunnel & Team | 9497436252 |
| 2 | Kalanki | Fr. Joseph Vadakkepparambil & Team | 9495097312 |
| 3 | Kanjirakolly | Fr. Robin Karikattu MCBS & Team | 9526573695 |
| 4 | Manikkadave | Fr. Kuriakose Kolakkunnel & Team | 9495546307 |
| 5 | Manippara | Fr. Joseph Muttathukunnel & Team | 6282042414 |
| 6 | Mattara | Fr. Jacob Mookkilikkatt OCD & Team | 9074445136 |
| 7 | Mundanoor | Fr. Lijo OFM Cap & Team | 9188868486 |
| 8 | Santhinagar | Fr. Jesbin Illickal OCD & Team | 9400549047 |

**KANHANGAD FORANE 2024 December 05-08 (Thursday - Sunday)**

| No | Parish | Retreat Team | Ph. Number |
|---|---|---|---|
| 1 | Chayyoth | Fr. Robin Karikattu MCBS & Team | 9526573695 |
| 2 | Cheemeni | Fr. Lijo OFM Cap & Team | 9188868486 |
| 3 | Ennappara | Fr. Austin Chackamkunnel & Team | 9497436252 |
| 4 | Kalichanadukkom | Fr. Varghese Vettiyanickal & Team | 9645058343 |
| 5 | Kanhangad | Fr. Joseph Vadakkepparambil & Team | 9495097312 |
| 6 | Kanjiradukkom | Fr. Jacob Mookkilikkatt OCD & Team | 9074445136 |
| 7 | Neeleswaram | Msgr. Mathew Elamthuruthippadavil & Team | 9495616753 |
| 8 | Nelliyadukkom | Fr. Sebastian Muttathupara & Team | 9645158918 |
| 9 | Padannakkad | Fr. Joseph Muttathukunnel & Team | 6282042414 |
| 10 | Udayapuram | Fr. Roy CSSR & Team | 8281886480 |

**KASARGOD FORANE 2024 December 12-15 (Thursday - Sunday)**

| No | Parish | Retreat Team | Ph. Number |
|---|---|---|---|
| 1 | Badiyadukka | Fr. Sebastian Muttathupara & Team | 9645158918 |
| 2 | Hosangadi | Fr. Roy CSSR & Team | 8281886480 |
| 3 | Kasargod | Fr. Clint Vettikuzhiyil MCBS & Team | 8590673452 |

| | | | |
|---|---|---|---|
| 4 | Mulleria - Delam | Fr. Shaji OFM Con. & Team | 9446608997 |
| 5 | Perla - Kumbla | Msgr. Mathew Elamthuruthippadavil & Team | 9495616753 |
| 6 | Poinachi - Peria | Fr. Lijo OFM Cap & Team | 9188868486 |

**NELLICKAMPOIL FORANE 2024 December 19-22 (Thursday - Sunday)**

| No | Parish | Retreat Team | Ph. Number |
|---|---|---|---|
| 1 | Arabi | Fr. Robin Karikattu MCBS & Team | 9526573695 |
| 2 | Iritty | Msgr. Mathew Elamthuruthippadavil & Team | 9495616753 |
| 3 | Kalluvayal | Fr. Joseph Vadakkepparambil & Team | 9495097312 |
| 4 | Nellickampoil | Fr. Kuriakose Kolakkunnel & Team | 9495546307 |
| 5 | Padiyoor | Fr. Jiss Kalappura & Team | 8157922650 |
| 6 | Puravayal | Fr. Xavier Puthenpura (Sr.) & Team | 9496121536 |
| 7 | Thermala | Fr. Shaji OFM Con. & Team | 9446608997 |
| 8 | Thirur | Fr. Jacob Mookkilikkatt OCD & Team | 9074445136 |
| 9 | Ulickal | Fr. Joseph Muttathukunnel & Team | 6282042414 |
| 10 | Vilamana | Fr. Roy CSSR & Team | 8281886480 |

NB:

1) ബഹു. വികാരിയച്ചന്മാർ ധ്യാനഗുരുക്കന്മാരുമായി സംസാരിച്ച് ധ്യാനത്തിന്റെ ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

2) ധ്യാന വിളംബരത്തിനായി വരുന്ന അച്ചന്മാരെയും ഫോണിൽ ബന്ധപ്പെട്ട് ക്ഷണിക്കുമല്ലോ.

3) നവീകരണ ധ്യാനത്തിന് ഒരുക്കമായുള്ള വീട് വെഞ്ചരിപ്പും ഹോം മിഷനും മുൻകൂട്ടി നടത്തി ജനത്തെ ബഹു. വികാരിച്ചന്മാർ ഒരുക്കുമല്ലോ.

ദൈവാനുഗ്രഹപ്രദമായ ധ്യാനം ആശംസിക്കുന്നു.

ഏവരുടെയും സഹകരണം അഭ്യർത്ഥിച്ചുകൊണ്ട്,

**ഫാ. തോമസ് മാപ്പിളപ്പറമ്പിൽ**
*കോർഡിനേറ്റർ*

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*കൺവീനർ*

# PPF വാർത്തകൾ

### 1. പ്രത്യേക ശ്രദ്ധയ്ക്ക്

ബഹു. വൈദികർ ഹോസ്പിറ്റലിൽ അഡ്മിറ്റ് ആകേണ്ടി വരുമ്പോൾ, സാധ്യമായ ഇൻഷുറൻസ് തുക നേടിയെടുക്കുന്നതിനായി പ്രസ്തുത വിവരം മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചനെയും ബഹു. സ്കറിയ വരമ്പകത്തച്ചനേയും നിർബന്ധമായും അറിയിക്കണമെന്ന കാര്യം ഒരിക്കൽകൂടി സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തട്ടെ. കൃത്യമായ വിവരങ്ങൾ സമയത്ത് അറിയിക്കാത്തതുകൊണ്ട് ചുരുക്കം ചില ക്ലെയിമുകൾ നഷ്ടപ്പെടാൻ ഇടയായതുകൊണ്ടാണ് ഒരിക്കൽകൂടി ഇക്കാര്യം നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

### 2. PPF വിഹിതം

വാർഷിക ധ്യാനത്തിന് വരുമ്പോൾ PPF ഇടവകാ വിഹിതവും വ്യക്തി വിഹിതവും കുടിശിക തീർത്ത് അടയ്ക്കുന്ന നമ്മുടെ നല്ല പാരമ്പര്യം ഈ വർഷവും തുടരണമെന്ന് അഭ്യർത്ഥിക്കുന്നു. PPF വിഹിതം അടയ്ക്കുന്നതിൽ കുടിശിക വന്നിരിക്കുന്ന ചെറിയ ഇടവകകൾ കുടിശിക തീർക്കാൻ ബുദ്ധിമുട്ടുന്നുണ്ടെങ്കിൽ അഭിവന്ദ്യ പിതാവിന്റെ അനുവാദത്തോടെ രേഖാമൂലം അപേക്ഷ നല്കിയാൽ ആ അപേക്ഷ പരിഗണിക്കുന്നതാണ്. ചികിത്സക്കായി വലിയ തുക ചിലവഴിക്കേണ്ടി വരുന്നതിനാൽ കൃത്യതയോടെ വിഹിതങ്ങൾ അടയ്ക്കാൻ മറക്കരുതേ.

### 3. കുർബാന നിയോഗം

തലശ്ശേരി അതിരൂപതാ വൈദിക കൂട്ടായ്മയിൽ നിന്നും മരണംമൂലം വേർപിരിഞ്ഞ ബഹു. ജോസഫ് വീട്ടിയാങ്കൽ അച്ചനുവേണ്ടിയും ബഹു. മാത്യു കുടിലിൽ അച്ചനുവേണ്ടിയും ദിവ്യബലികൾ അർപ്പിക്കേണ്ടതാണ്.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റോലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

സെപ്റ്റംബർ മാസം എട്ടാം തീയതി പരിശുദ്ധ അമ്മയുടെ ജന്മദിനമാണല്ലോ. പാപരഹിതയായി ജനിച്ച്, ദൈവവരപ്രസാദ ത്തിൽ ജീവിച്ച പരിശുദ്ധ അമ്മയെ അനുകരിച്ച് നമുക്കും വിശു ദ്ധിയിൽ വളരാം. എട്ടുനോമ്പ് അനുഷ്ഠിച്ച് അമ്മയുടെ പിറവി ത്തിരുന്നാളിന് ഒരുങ്ങാം.

ഏലിയാ സ്ലീവാ മൂശ കാലത്ത് മിശിഹായുടെ രണ്ടാമത്തെ ആഗ മനത്തെയും വി. സ്ലീവായുടെ മഹത്വത്തെയും നാം ധ്യാനവിഷയമാ ക്കുകയാണല്ലോ. സെപ്റ്റംബർ 14 വി. കുരിശിന്റെ പുകഴ്ചയുടെ തിരു നാളാണ്. കുരിശുമരണം വഴി ഈശോ നേടിത്തന്ന രക്ഷയും ജീവനും നമുക്കും സ്വന്തമാക്കാം. വിശ്വാസം പരിശീലിക്കുന്ന എല്ലാ കുഞ്ഞു ങ്ങളെയും ഈ രക്ഷയുടെ അനുഭവത്തിലേക്ക് (രക്ഷയുടെ പാത യിൽ) നമുക്ക് നയിക്കാം.

## 1. ഓണപരീക്ഷ - സെപ്റ്റംബർ 01

ഓണപരീക്ഷ സെപ്റ്റംബർ 01-ാം തീയതിയാണ്. പരീക്ഷയുടെ സമയം രാവിലെ 11.30 മുതൽ 1.30 വരെ. **പരീക്ഷയുടെ സമയത്തിൽ മാറ്റം വരുത്താൻ പാടില്ല.** 01-ാം തീയതി ഞായറാഴ്ചത്തെ കുട്ടിക ൾക്കുവേണ്ടിയുള്ള കുർബാന പരീക്ഷാസമയം അനുസരിച്ച് ക്രമീ കരിക്കേണ്ടതാണ്.

## 2. മതബോധന മണിക്കൂർ

കുട്ടികളെ അനുധാവനം ചെയ്യുന്നതിന്റെ ഭാഗമായി മതബോധന മണി ക്കൂർ (എല്ലാ ശനിയാഴ്ചയും രാത്രി 8 മണി മുതൽ 9 മണി വരെ) കഴിഞ്ഞ അധ്യയനവർഷം മുതൽ ആരംഭിച്ചുവല്ലോ. ക്ലാസ് അധ്യാപകരുടെ വാട്സ്ആപ്പ് ഗ്രൂപ്പുവഴി മതബോധന മണിക്കൂറിൽ ചർച്ച ചെയ്യുകയും പഠിക്കുകയും ചെയ്യേണ്ട കാര്യങ്ങൾ നൽകുന്നതാണ്. വിശ്വാസപ രിശീലകർ അവ കുട്ടികൾക്ക് നൽകണം. മതബോധന മണിക്കൂറിൽ

പഠിക്കാനും ചർച്ച ചെയ്യാനും കൊടുത്ത കാര്യങ്ങൾ കുടുംബങ്ങളിൽ ചെയ്തിട്ടുണ്ടെന്ന് വിശ്വാസപരിശീലകർ ഉറപ്പുവരുത്തേണ്ടതാണ്.

### 3. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

### 4. എയ്ഞ്ചൽസ് നേഴ്സറി

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിൽ ഇതിനോടകം വളരെയധികം സൺഡേ സ്കൂളുകളിൽ ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായുള്ള എയ്ഞ്ചൽസ് നേഴ്സറി ആരംഭിച്ചു. ഈ വർഷവും സാധിക്കുന്നത്ര സൺഡേ സ്കൂളുകളിൽ എയ്ഞ്ചൽസ് നേഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകം ഓഫീസിൽ ലഭ്യമാണ്.

### 5. അസൈൻമെന്റ് ക്ലാസ് XII

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **'മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും'** എന്നതാണ്. കുട്ടികളെ വിഷയം നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാനുള്ള ക്രമീകരണങ്ങൾ അവർക്കു ചെയ്തുകൊടുക്കുമല്ലോ. അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി **നവംബർ 15 ആണ്.** ഇക്കാര്യം കുട്ടികളെ നേരത്തെ അറിയിച്ച് അസൈൻമെന്റ് എഴുതാൻ അവരെ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുറഞ്ഞത് പത്തുപേജെങ്കിലും അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാപേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം. താഴെ കൊടുത്തിരിക്കുന്ന മൂന്ന് അധ്യായങ്ങളെ ആസ്പദമാക്കിയാണ് വിഷയാവതരണം നടത്തേണ്ടത്.

**വിഷയം: "മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും"**

അധ്യായം1 : മാധ്യമങ്ങളും അവയുടെ നന്മയും

2 : മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ

3 : മാധ്യമങ്ങളെ എങ്ങനെ സമൂഹ നന്മയ്ക്കായി വിനിയോഗിക്കാം.

### 6. ഏകദിന സെമിനാർ

അതിരൂപതാ മതബോധനകമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഏകദിന സെമിനാർ എല്ലാ ഫൊറോനകളിലും നടത്തേണ്ടതാണ്. രാവിലെ 9.30 മുതൽ വൈകുന്നേരം 4 മണിവരെയായിരിക്കും ഏകദിന സെമിനാറിന്റെ സമയം. സെമിനാറിൽ ഫൊറോനയിലെ മുഴുവൻ വിശ്വാസപരിശീലകരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

### 7. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2024-2025 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർശനം സെപ്റ്റംബർ മാസത്തിൽ ആരംഭിക്കുന്നതാണ്. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതുകൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതുമാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടായിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്**. ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

### 8. ആസ്പെക്ട് 2024-2025

2024-2025 വിശ്വാസപരിശീലനവർഷത്തിൽ അധ്യാപകരുടെ തുടർപരിശീലനത്തിനായി ഉപയോഗിക്കുന്നത് സീറോമലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന **"വിശുദ്ധ കുർബാനയിലെ ദൈവാനുഭവം"** എന്ന പുസ്തകമാണ്. എല്ലാ വിശ്വാസപരിശീലകരും ഈ പുസ്തകത്തിന്റെ ഒരു കോപ്പി നിർബന്ധമായും വാങ്ങേണ്ടതും പഠനം ആരംഭിക്കേണ്ടതുമാണ്. സെപ്റ്റംബർ മാസം പുസ്തകങ്ങൾ പ്രധാനാധ്യാപകർക്ക് വിതരണം ചെയ്യുന്നതാണ്.

### 9. ദൈവശാസ്ത്രകോഴ്സ്

ശാസ്ത്ര സാങ്കേതിക വളർച്ചയുടെ ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് വിശ്വാസത്തിന്റെ ദൈവശാസ്ത്രപരവും ചരിത്രപരവുമായ അറിവ് പകർന്നു കൊടുക്കുവാൻ മതാധ്യാപകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് *Lumen Ecclesiae* ദൈവശാസ്ത്രകോഴ്സ്. 2023-24 അധ്യയനവർഷത്തിൽ 60 വയസ്സിൽ താഴെയുള്ള എല്ലാ വിശ്വാസപരിശീലകരെയും ദൈവശാസ്ത്ര പഠനത്തിനായി അയയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ. ഇടയ്ക്ക് വച്ച് മുടങ്ങിപ്പോയവരും നിർബന്ധമായും BTh കോഴ്സ് പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫോം വെബ്സൈറ്റിൽ (alphathalassery.org) ലഭ്യമാണ്.

### 10. പി.ടി.എ, മദർ പി.ടി.എ സംവിധാനങ്ങൾ

ഇടവകയിലെ വിശ്വാസപരിശീലന പ്രവർത്തനങ്ങളിൽ മാതാപിതാക്കളുടെ സജീവഭാഗഭാഗിത്വം ഉറപ്പുവരുത്താനായിട്ടാണ് പി.ടി.എ, മദർ പി.ടി.എ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. ബഹു. വികാരിയച്ചൻ ഡയറക്ടറും സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ സെക്രട്ടറിയും വിശ്വാസപരിശീലകരും കുട്ടികളുടെ രക്ഷിതാക്കളും അംഗങ്ങളുമായിട്ടുള്ള ഈ സംവിധാനങ്ങൾക്ക് രക്ഷിതാക്കളിൽ നിന്നു ജനറൽ ബോഡി തിരഞ്ഞെടുക്കുന്ന ഓരോ പ്രസിഡണ്ടുമാരും ഈരണ്ടു വൈസ് പ്രസിഡണ്ടുമാരുമുണ്ട്. ഡയറക്ടർ, പ്രസിഡണ്ട്,

വൈസ് പ്രസിഡണ്ടുമാർ, സെക്രട്ടറി എന്നിവരടങ്ങുന്ന എക്സിക്യൂട്ടീവു കമ്മിറ്റികളാണ് പി.ടി.എ യുടെയും മദർ പി.ടി.എ യുടെയും പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കുന്നത്.

## 11. ഇടവക മതബോധന കൗൺസിൽ

ബഹു. വികാരിയച്ചനാണ് കമ്മിറ്റിയുടെ അദ്ധ്യക്ഷൻ. സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ പ്രസിഡണ്ടായും സ്റ്റാഫ് സെക്രട്ടറി കമ്മിറ്റിയുടെ കൂടി സെക്രട്ടറിയായും പ്രവർത്തിക്കുന്നു. സ്റ്റാഫിൽ നിന്ന് എല്ലാ വിഭാഗങ്ങൾക്കും (സിസ്റ്റേഴ്സ്, അത്മായ അധ്യാപികമാർ, അധ്യാപകർ) മതിയായ പ്രാതിനിധ്യം ലഭിക്കത്തക്കവിധത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ഏതാനും പ്രതിനിധികൾ, പാരിഷ് കൗൺസിലിന്റെ രണ്ടോ മൂന്നോ പ്രതിനിധികൾ, പി.ടി.എ, മദർ പി.ടി.എ എന്നിവയുടെ ഭാരവാഹികൾ, യുക്തമെന്ന് ബഹു. വികാരിയച്ചനു തോന്നുന്നെങ്കിൽ സൺഡേ സ്കൂൾ ലീഡർ, ഇടവകയിൽ പ്രവർത്തിക്കുന്ന ഭക്തസംഘടനകളുടെ പ്രസിഡണ്ടുമാർ/പ്രതിനിധികൾ, വിശ്വാസപരിശീലന രംഗത്തു പ്രത്യേകം പരിശീലനം ലഭിച്ച ആരെങ്കിലും ഇടവകയിലുണ്ടെങ്കിൽ അവരിൽ നിന്നും ബഹു. വികാരിയച്ചൻ നോമിനേറ്റു ചെയ്യുന്ന രണ്ടോ മൂന്നോ പേർ എന്നിവരാണ് കമ്മിറ്റി അംഗങ്ങൾ. ഇടവകയിൽ സ്കൂളോ കോളേജോ ഉണ്ടെങ്കിൽ അവയുടെ ഓരോ പ്രതിനിധിയെ കൂടി കമ്മിറ്റിയിൽ ഉൾപ്പെടുത്തുന്നതും നന്നായിരിക്കും.

## 12. ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാത്തവരും ഓഫീസിൽ അറിയിക്കുമല്ലോ. **എല്ലാ മാസത്തെയും ആദ്യത്തെ ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ** വിശ്വാസ പരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

## 13. വിശ്വാസപരിശീലകരുടെ ധ്യാനം – "റേമ 2024"

| തീയതി | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|
| ഒക്ടോബർ 25–27 | ചെമ്പന്തൊട്ടി, വായാട്ടുപറമ്പ്, ആലക്കോട്, മേരിഗിരി, തളിപ്പറമ്പ്, തോമാപുരം |
| നവംബർ 22–24 | കാഞ്ഞങ്ങാട്, കാസർഗോഡ്, പനത്തടി, ചെറുപുഴ, മാലോം, വെള്ളരിക്കുണ്ട് |
| ഡിസംബർ 06–08 | മുകളിൽ പറഞ്ഞ തീയതികളിൽ ധ്യാനത്തിൽ പങ്കെടുക്കാൻ സാധിക്കാത്തവർ |

## 14. "റേമ 2024" ധ്യാനം – ബാച്ച് 2 – നന്ദി

ജൂലൈ 26–28 തീയതികളിൽ പരിയാരം മദർഹോമിൽവച്ച് വിശ്വാസപ

രിശീലകരുടെ രണ്ടാം ബാച്ചിന്റെ ധ്യാനം നടന്നു. 146 വിശ്വാസപരിശീലകർ ധ്യാനത്തിൽ പങ്കെടുത്തു.

### 15. സർവ്വേ ഫോം – നന്ദി

2024–2025 അധ്യയനവർഷത്തെ വിശ്വാസപരിശീലകരുടെയും കുട്ടികളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സർവ്വേ ഫോം സമയബന്ധിതമായി ഓഫീസിൽ എത്തിച്ച എല്ലാ പ്രധാനാധ്യാപകർക്കും നന്ദി.

### 16. വിയാനി ഡേ – നന്ദി

ഇടവക വൈദികരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് ബഹു. വൈദികരെ ആദരിച്ച എല്ലാ വിശ്വാസപരിശീലകർക്കും കുട്ടികൾക്കും നന്ദി.

### 17. മാതാവിന്റെ സ്വർഗാരോപണ തിരുന്നാൾ – നന്ദി

പരിശുദ്ധകന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുന്നാളിനോടും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തോടും അനുബന്ധിച്ച് എല്ലാ സൺഡേ സ്കൂളുകളിലും ഗ്രൂപ്പ് പ്രോഗ്രാമുകൾ അവതരിപ്പിക്കാൻ നേതൃത്വം നൽകിയ ബഹു. വൈദികർക്കും സിസ്റ്റേഴ്സിനും വിശ്വാസപരിശീലകർക്കും നന്ദി. വ്യത്യസ്തങ്ങളായ പ്രോഗ്രാമുകൾ അവതരിപ്പിച്ച കുട്ടികൾക്ക് അഭിനന്ദനങ്ങൾ.

### 18. സീറോ മലബാർ പ്രതിഭാ അവാർഡ്

ഓരോ രൂപതയിൽനിന്നും 12–ാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന–തിരഞ്ഞെടുക്കപ്പെടുന്ന 2 ആൺകുട്ടികൾക്കും 2 പെൺകുട്ടികൾക്കും സീറോമലബാർ വിശ്വാസപരിശീലന കമ്മീഷൻ പ്രത്യേകം പരിശീലനം നല്കിവരുന്നു.

**ഇടവകാതലം:** സീറോമലബാർ വിശ്വാസപരിശീലന കമ്മീഷൻ ഏർപ്പെടുത്തിയിരിക്കുന്ന 12–ാം ക്ലാസ്സ് കുട്ടികൾക്കുള്ള സഭാപ്രതിഭാ അവാർഡിനുള്ള ഫൊറോനാതല തെരഞ്ഞെടുപ്പ് ഒക്ടോബർ 02–ന് നടക്കുന്നതിനാൽ ഇടവകാതല തെരഞ്ഞെടുപ്പ് സെപ്റ്റംബർ 22–നുള്ളിൽ നടത്തേണ്ടതാണ്. 12–ാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിലും, വിശ്വാസജീവിതത്തിലും മികവു പുലർത്തുന്ന രണ്ട് ആൺകുട്ടികളെയും രണ്ട് പെൺകുട്ടികളെയുമാണ് ഫൊറോനതല തെരഞ്ഞെടുപ്പിനായി അയക്കേണ്ടത്. **40 കുട്ടികളിൽ കൂടുതലുള്ള ഇടവകയിൽനിന്നും 3 ആൺകുട്ടികളെയും 3 പെൺകുട്ടികളെയും ക്യാമ്പിന് അയക്കാവുന്നതാണ്.** ഇടവകയിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നവരുടെ പേരുകൾ സെപ്റ്റംബർ 25–ന് മുമ്പായി ബഹു. ഫൊറോന പ്രസിഡന്റിനെ അറിയിക്കേണ്ടതാണ്.

**ഫൊറോനതല ക്യാമ്പ് :** ഫൊറോനതല ക്യാമ്പ് **ഒക്ടോബർ 02–ന്** ഫൊറോന കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. ക്യാമ്പ് രാവിലെ 9.30ന് ആരംഭിച്ച് വൈകുന്നേരം 3.30ന് സമാപിക്കുന്നതാണ്. ക്യാമ്പിൽ പങ്കെടുക്കുന്നവർ ബൈബിൾ, നോട്ട്ബുക്ക്, പേന, ഉച്ചഭക്ഷണം എന്നിവ കൊണ്ടുവരേണ്ടതാണ്.

**അതിരൂപതാതല ക്യാമ്പ് :** ഫൊറോനതലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ അതിരൂപതാതല ക്യാമ്പ് **ഒക്ടോബറിൽ 12, 13** തീയതികളിലായി തലശ്ശേരി സന്ദേശഭവനിൽവച്ച് നടത്തുന്നു. ക്യാമ്പ് ശനിയാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് ഞായറാഴ്ച ഉച്ചയ്ക്ക് 1.00 മണിക്ക് അവസാനിക്കുന്നു. പങ്കെടുക്കുന്നവർ ബൈബിൾ, നോട്ട് ബുക്ക്, പേന, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്. ബഹു. ഫൊറോന പ്രസിഡന്റ് തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികളുടെ (2 ആൺ കുട്ടികൾ, 2 പെൺകുട്ടികൾ) പേര്, ഇടവക, ഫോൺനമ്പർ എന്നിവ വാട്ട്സ് ആപ്പിൽ അന്നുതന്നെ ഇടേണ്ടതാണ്. ക്യാമ്പിന് 300 രൂപ രജിസ്ട്രേഷൻ ഫീസായി നൽകേണ്ടതാണ്.

**19. സോൾട്ട് 2024:** ഈ വർഷം സൺഡേസ്കൂളിൽ 12-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കുവേണ്ടിയുള്ള ഓറിയന്റേഷൻ ക്ലാസ്സ് സോൾട്ട് 2024 സെപ്റ്റംബർ - നവംബർ മാസങ്ങളിൽ നടത്തുന്നതാണ്.

| തിയതി | സ്ഥലം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|
| സെപ്റ്റംബർ 22 | എടൂർ | എടൂർ, പേരാവൂർ |
| ഒക്ടോബർ 06 | ഉളിക്കൽ | കുന്നോത്ത്, മണിക്കടവ് നെല്ലിക്കാംപൊയിൽ |
| ഒക്ടോബർ 20 | ചെമ്പേരി | ചെമ്പന്തൊട്ടി, ചെമ്പേരി, പൈസക്കരി |
| ഒക്ടോബർ 27 | ആലക്കോട് | ആലക്കോട്, മേരിഗിരി, തളിപ്പറമ്പ്, വായാട്ടുപറമ്പ് |
| നവംബർ 10 | ചെറുപുഴ | ചെറുപുഴ, മാലോം, തോമാപുരം, വെള്ളരിക്കുണ്ട് |
| നവംബർ 17 | പടന്നക്കാട് | കാഞ്ഞങ്ങാട്, കാസർഗോഡ്, പനത്തടി |

## 20. "എൻലൈറ്റ് 2024-2025"

7, 8 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആനുകാലിക വിഷയങ്ങള ആസ്പദമാക്കിയുള്ള സെമിനാർ നടത്തുന്നു. സെമിനാർ സെപ്റ്റംബർ മാസം ആരംഭിച്ച് ജനുവരി മാസത്തിൽ അവസാനിക്കുന്നു. ▸ സെമിനാർ ഒരു ഫൊറോനയിൽ രണ്ടോ, മൂന്നോ സെന്ററുകളിൽ വച്ച് നടത്തുന്നതാണ്. ▸ സെപ്റ്റംബർ 15, ഒക്ടോബർ 13, 27, നവംബർ 17, 24, ഡിസംബർ 01, ജനുവരി 5, 12, 19 എന്നീ തീയതികളിലായിരിക്കും സെമിനാർ നടത്തുക. ▸ സെമിനാർ രാവിലെ 9.30 - ന് ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്നു. ▸ സെമിനാറിന്റെ സുഗമമായ നടത്തിപ്പിനുവേണ്ട ക്രമീകരണങ്ങൾ ഫൊറോന കമ്മിറ്റി ചെയ്യേണ്ടതാണ്.

## 21. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

2024-2025 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ

തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠ പുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേ ണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറി യിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

## 22. റീജിയണൽ സംഗമങ്ങൾ

2024-2025 പ്രവർത്തനവർഷത്തിൽ വിശ്വാസപരിശീലകർക്കായി നാല് സെന്ററുകളിൽവച്ച് റീജിയണൽ സംഗമങ്ങൾ നടത്തുന്നു. സംഗമം രാവിലെ 9 മണിക്ക് ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്നതാണ്.

| തിയതി | സ്ഥലം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|
| സെപ്റ്റംബർ 14 | ചെമ്പേരി | പൈസക്കരി, ചെമ്പേരി, ചെമ്പന്തൊട്ടി, വായാട്ടുപറമ്പ് |
| ഒക്ടോബർ 31 | കുന്നോത്ത് | പേരാവൂർ, എടൂർ, കുന്നോത്ത്, നെല്ലിക്കാംപൊയിൽ, മണിക്കടവ് |
| നവംബർ 02 | ചെറുപുഴ | ആലക്കോട്, മേരിഗിരി, ചെറുപുഴ, തളിപ്പറമ്പ് |

## 23. ആദരാഞ്ജലികൾ

ഏറ്റുപാറ സൺഡേസ്കൂളിലെ പ്രധാനാധ്യാപകൻ ബിനോജ് പാത്തി ക്കൽ സാറിന്റെ അമ്മ ത്രേസ്യാമ്മ പാത്തിക്കൽ, പുഞ്ച സൺഡേസ്കൂൾ മൂന്നാം ക്ലാസ്സ് വിദ്യാർത്ഥി മിലൻ മൈലാടൂർ എന്നിവർ നിത്യസമ്മാനത്തി നായി വിളിക്കപ്പെട്ടു. കുടുംബാംഗങ്ങളെ വിശ്വാസപരിശീലനകേന്ദ്രത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

## 24. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

ഡയറക്ടറച്ചൻ മാലോം, ഇരിട്ടി, മാങ്ങോട് എന്നീ സൺഡേസ്കൂളു കളിലും അസി. ഡയറക്ടറച്ചൻ പേരാവൂർ, നെല്ലിപ്പാറ, നെല്ലിക്കാംപൊയിൽ എന്നീ സൺഡേസ്കൂളുകളിലും സന്ദർശനം നടത്തി.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റോലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

### ബിരുദദാന ചടങ്ങ് നവംബർ 9 ശനിയാഴ്ച

ഈ ർഷം ബിരുദ-ബിരുദാനന്തര കോഴ്സുകൾ പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് നവംബർ 9 ന് നടത്തപ്പെടുന്നതാണ്. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

### ലോഗോസ് ബൈബിൾ ക്വിസ് - 2024

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന 24-ാമത് ലോഗോസ് ബൈബിൾ ക്വിസിനുള്ള രജിസ്ട്രേഷൻ ജൂലൈ 31 ന് പൂർത്തിയായി. ലോഗോസ് ബൈബിൾ ക്വിസ് 2024 ന്റെ പഠനഭാഗങ്ങളും തീയതിയും ഒരിക്കൽ കൂടി ശ്രദ്ധിക്കുമല്ലോ.

| പഠനഭാഗങ്ങൾ | |
|---|---|
| **ന്യായാധിപന്മാർ 1-10** | **പ്രഭാഷകൻ 34-40** |
| **വി. ലൂക്കാ 9-16** | **2 കൊറി 7-13** |

| പരീക്ഷാ തീയതികൾ | |
|---|---|
| രൂപതാതലം | : 2024 സെപ്റ്റംബർ 29, 2.00-3.30 pm |
| സംസ്ഥാനതലം | : 2024 നവംബർ 10 |
| മെഗാ ഫൈനൽ | : 2024 നവംബർ 23-24 |

### അഭിനന്ദനങ്ങൾ

ഈ വർഷത്തെ ലോഗോസ് ക്വിസിൽ ഏറ്റവും കൂടുതൽ ആളുകളെ പങ്കെടുപ്പിച്ച കൊളക്കാട് (833), പേരാവൂർ (537), തോമാപുരം (507) എന്നീ ഇടവകകളിലെ ബഹു. വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും മതാധ്യാപകർക്കും പ്രത്യേക അഭിനന്ദനങ്ങൾ.

## കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ സാഹിത്യമത്സരങ്ങൾ - 2024

**കവിത, കഥ, ലേഖനം, ഏകാങ്കനാടകം** എന്നീ ഇനങ്ങളിലാണ് മത്സരം. പ്രതിപാദന വിഷയം ബൈബിളിലെ ഏതു ഭാഗമാണെന്ന് വ്യക്തമാക്കിയിരിക്കണം. ബൈബിൾ പ്രമേയങ്ങളുടെ ആനുകാലികാവിഷ്കരണങ്ങൾ അനുവദനീയമാണ്. ചെറുകഥ ആറുപേജിലും (പ്രിന്റ് 3 പേജ്) ലേഖനം പത്തു പേജിലും (പ്രിന്റ് 6 പേജ്) കവിത അറുപതു വരികളിലും കവിയരുത്. ഏകാങ്കം മുപ്പതുമിനിട്ടുകൊണ്ട് അവതരിപ്പിക്കാവുന്നതായിരിക്കണം. കൃതി അനുകരണമോ വിവർത്തനമോ മുമ്പ് പ്രസിദ്ധീകരിച്ചിട്ടുള്ളതോ പ്രസിദ്ധീകരണത്തിന് എവിടെയെങ്കിലും ഏല്പിച്ചിട്ടുള്ളതോ ആയിരിക്കരുത്. ജൂനിയർ, സീനിയർ തിരിവോ പ്രായപരിധി നിബന്ധനകളോ രചനാ മത്സരങ്ങൾക്കില്ല. ബൈബിൾ പ്രമേയങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം രചനകൾ.

**രചനകളിൽ പേരോ വിലാസമോ എഴുതരുത്. പേരും വിലാസവും രൂപതയുടെ പേരും മറ്റൊരു കടലാസിലെഴുതി പിൻചെയ്തിരിക്കണം.** അല്മായർ, സെമിനാരി വിദ്യാർത്ഥികൾ, സന്ന്യാസിനികൾ എന്നീ ഗ്രൂപ്പുകൾക്ക് വെവ്വേറെയായിരിക്കും ലേഖനമത്സരം.

### ലേഖനത്തിന്റെ വിഷയം:

**അല്മായർ: ദൈവവചനം യുവജനങ്ങളുടെ ജീവിതത്തിൽ**

**സെമിനാരി വിദ്യാർത്ഥികൾ: യുവജനവും വചനജീവിതവും**

**സന്ന്യാസിനികൾ: മറിയം യുവജന വചനപ്രഘോഷണത്തിന്റെ മാതൃക**

മത്സരത്തിനയയ്ക്കുന്ന കൃതികളോടൊപ്പം വികാരിയുടെയോ സുപ്പീരിയറിന്റെയോ സാക്ഷ്യപത്രവും 50 രൂപ വീതം രജിസ്ട്രേഷൻ ഫീസും (MO/DD/Bank transfer to KCBC Bible Commission, A/c No. 0423053000006271, IFSC: SIBL0000423, SWIFT: SOININ55, South Indian Bank, Vennala branch) അയയ്ക്കേണ്ടതാണ്. ഇവ രണ്ടും ലഭിക്കാത്ത രചനകൾ സ്വീകരിക്കുന്നതല്ല.

ഒന്നും രണ്ടും മൂന്നും സ്ഥാനത്തെത്തുന്ന സമ്മാനാർഹർക്ക് യഥാക്രമം 2000 രൂപ, 1500 രൂപ, 1000 രൂപ ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും ബൈബിളും നല്കുന്നതാണ്. മത്സരത്തിനയയ്ക്കുന്ന കൃതികൾ തിരിച്ചു നല്കുന്നതല്ല. ആവശ്യമുള്ളവർ മത്സരത്തിന് അയയ്ക്കുന്നതിനു മുൻപ് കൃതികളുടെ കോപ്പികൾ കരുതേണ്ടതാണ്.

**കൃതികൾ ലഭിക്കേണ്ട അവസാന തീയതി 2024 ഒക്ടോബർ 1 ആണ്.**

**കൃതികൾ അയയ്ക്കേണ്ട വിലാസം:**

സെക്രട്ടറി, കെ.സി.ബി.സി ബൈബിൾ കമ്മീഷൻ, പി.ഒ.സി. പാലാരിവട്ടം, വെണ്ണല പി.ഒ, കൊച്ചി - 682028.

## വചനസർഗപ്രതിഭാ പുരസ്കാരത്തിന് കൃതികൾ ക്ഷണിക്കുന്നു

ദീർഘകാലം കെ.സി.ബി.സി ബൈബിൾ കമ്മീഷനെയും ബൈബിൾ സൊസൈറ്റിയെയും നയിച്ച ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിലിന്റെ ബഹുമാനാർഥം ഏർപ്പെടുത്തിയിരിക്കുന്ന വചനസർഗ പ്രതിഭാ പുരസ്കാരത്തിന് 2024-ലേക്കുള്ള എൻട്രികൾ ക്ഷണിക്കുന്നു. ബൈബിൾ മേഖലയിലെ ക്രിയാത്മക സംഭാവനകൾ പ്രോത്സാഹിപ്പിക്കുന്നതിന് കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയാണ് പുരസ്കാരം ഏർപ്പെടുത്തിയിരിക്കുന്നത്. 25000/- രൂപ ക്യാഷ് അവാർഡും പ്രശംസാഫലകവുമാണ് പുരസ്കാരം.

**ബാലസാഹിത്യവും ബൈബിൾ ഗെയിംസുമാണ് ഈ വർഷത്തെ വിഷയം.** (കുട്ടികൾക്കായി ബൈബിൾ ആധാരമാക്കിയുള്ള പ്രബോധനാത്മകമായ കൃതികളും സാങ്കേതികേതര ബൈബിൾ കളികളും) (മലയാളത്തിൽ മൂന്നു കോപ്പി വീതം നല്കണം) 2019 മുതലുള്ള രചനകളാണ് സ്വീകരിക്കപ്പെടുക. ജാതിമതഭേദമെന്യേ ആരും അവാർഡിനു പരിഗണിക്കപ്പെടും. പരിഗണനാർഹരായവരുടെ പേരുകൾ ആർക്കും നിർദേശിക്കാവുന്നതാണ്.

2024 ഒക്ടോബർ 1 നു മുമ്പ് സെക്രട്ടറി, കേരള കാത്തലിക് ബൈബിൾ സൊസൈറ്റി, പി.ഒ.സി. പാലാരിവട്ടം, പി.ബി നമ്പർ 2251, കൊച്ചി 682025 എന്ന വിലാസത്തിൽ എൻട്രികൾ സമർപ്പിക്കേണ്ടത്.

**ഫാ. തോമസ് മാപ്പിളപ്പറമ്പിൽ**
*ഡയറക്ടർ,*
*ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്

## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

രക്തം ചിന്താതെയും ജീവൻ വെടിയാതെയും ദൈവത്തിനും ദൈവമക്കൾക്കുംവേണ്ടി സമർപ്പിക്കപ്പെട്ട ജീവിതത്തിന്റെ ഉടമയായ പരിശുദ്ധ അമ്മയുടെ പിറവിതിരുനാളിന്റെയും, സുവിശേഷത്തെ സ്പന്ദിക്കുന്ന ജീവിതമാക്കിക്കൊണ്ട് സമർപ്പിത ജീവിതത്തിന്റെ വഴിത്താരയിലൂടെ വെളിച്ചമായി കടന്ന് നീങ്ങിയ വി. മദർതെരേസയുടെ തിരുനാളിന്റെയും ലോകത്തിന്റെ ശക്തികൾക്ക് മുമ്പിൽ വിജയം നേടിയ വി. കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാളിന്റെയും മംഗളങ്ങൾ ഒത്തിരി സ്നേഹത്തോടെ നേരുന്നു.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ : | മാതാവിന്റെ പിറവിതിരുനാൾ<br>കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധർ : | വി. മദർതെരേസ,വി. മത്തായി<br>വി. വിൻസെന്റ് ഡി പോൾ |
| പ്രാർത്ഥനാനിയോഗം : | മിഷൻലീഗ് സ്ഥാപകർക്കുവേണ്ടി |
| സുകൃതംജപം : | എന്റെ ഈശോയേ അങ്ങയുടെ വഴികളിലൂടെ എന്നെ നടത്തണമെ... |
| വിശുദ്ധയെ അറിയാൻ, സ്നേഹിക്കാൻ : | നവമാലിക അദ്ധ്യായം - 3 |

### 1. ശാഖകൾ ശ്രദ്ധിക്കാൻ

1 ഞായർ : എട്ട് നോമ്പ് ആരംഭം, നിയോഗം: മിഷൻലീഗ് സംഘടനയ്ക്കുവേണ്ടി

5 വ്യാഴം : മദർതെരേസയുടെ തിരുനാൾ, കാരുണ്യദിനം, അധ്യാപകദിനം, അഗതിമന്ദിര സന്ദർശനം

8 ഞായർ : മാതാവിന്റെ ജനനതിരുനാൾ

: നെല്ലിക്കാംപൊയിൽ മേഖലയിലുള്ള ശാഖകൾ സന്ദർശനം

9 തിങ്കൾ : ഫാ. ജോസഫ് മാലിപ്പറമ്പിൽ 26-ാം ചരമവാർഷികം. അനുസ്മരണം, അസാധാരണസമ്മേളനം, പൊതു ദിവ്യകാരുണ്യസ്വീകരണം, ഡയറക്ടേഴ്സ് ദിനം

14 ശനി : കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ
16 തിങ്കൾ : അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം ജന്മദിനം ആശംസകൾ അറിയിക്കുന്നു.
20 വെള്ളി : സാഹിത്യശില്പശാല - സന്ദേശഭവൻ
21 ശനി : സംസ്ഥാന സാഹിത്യമത്സരം
22 ഞായർ : പൈസക്കരി മേഖലയിലുള്ള ശാഖകൾ സന്ദർശനം
26 വ്യാഴം : ലോകബധിരദിനം
29 ഞായർ : വി. മിഖായേൽ, ഗബ്രിയേൽ, റഫായേൽ മാലാഖാമാരുടെ തിരുനാൾ
29 ഞായർ : ചെമ്പേരി മേഖലയിലുള്ള ശാഖകൾ സന്ദർശനം

**2. മേഖലകൾ ശ്രദ്ധിക്കാൻ:** ഫാ. ജോസഫ് മാലിപ്പറമ്പിൽ 26-ാം ചരമ വാർഷികം, ഡയറക്ടേഴ്സ് ദിനം, എക്സിക്യൂട്ടീവ്, എം റ്റി സി ഒന്നാം ക്ലാസ്സ്, ദിനാചരണങ്ങൾ - കാരുണ്യ പ്രവർത്തനം, അഗതിമന്ദിരങ്ങൾ സന്ദർശിക്കുന്നു, സംസ്ഥാന സാഹിത്യ മത്സരം, മേഖലാ കലോത്സവം, അധ്യാപക ദിനം, സംസ്ഥാന സാഹിത്യ മത്സരം.

**3. അധ്യാപകദിനം:** സെപ്റ്റംബർ 5-ാം തീയതി അധ്യാപക ദിനത്തോടനുബന്ധിച്ച് നമ്മുടെ അധ്യാപകർക്ക് ആശംസകളർപ്പിക്കുകയും എല്ലാ അധ്യാപകർക്കുംവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ. അതിരൂപതാതലത്തിൽ പേരട്ട സ്കൂളിൽവെച്ച് അധ്യാപകദിനം നടത്തുന്നതായിരിക്കും.

**4. കാരുണ്യ ദിനം**

സെപ്റ്റംബർ 5-ാം തീയതി വി. മദർതെരേസയുടെ തിരുനാളിനോടനുബന്ധിച്ച് എല്ലാ ശാഖകളും തങ്ങൾക്ക് തന്നിരിക്കുന്ന അഗതിമന്ദിരങ്ങളുമായി ഫോണിൽ വിളിച്ച് ആശംസകൾ അറിയിക്കുകയും സാധിക്കുന്ന കാരുണ്യപ്രവർത്തികൾ ചെയ്യുകയും ചെയ്യുമല്ലോ. അതിരൂപതാതലത്തിൽ കൂട്ടുപുഴ സ്നേഹഭവനിൽവെച്ച് അന്നേദിനം കാരുണ്യദിനാചരണം നടത്തുന്നതായിരിക്കും.

**5. വി. കൊച്ചുത്രേസ്യായുടെ തിരുനാളും, സ്ഥാപകദിനവും, അംഗത്വ നവീകരണവും**

ഒക്ടോബർ 1-ാം തീയതി വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് അംഗത്വ നവീകരണം നടത്തുമല്ലോ. അതിരൂപതാതല അംഗത്വ നവീകരണവും സ്ഥാപക ദിനവും, വി. കൊച്ചുത്രേസ്യായുടെ തിരുനാളാഘോഷവും കൊളക്കാട് ശാഖയിൽവെച്ച് നടത്തപ്പെടുന്നതാണ്.

**6. ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണവും; ഡയറക്ടേഴ്സ് ദിനവും**

സെപ്റ്റംബർ 9-ാം തീയതി ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക ഡയറക്ടർ ബഹു. ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ 26-ാം ചരമവാർഷികാനു

സ്മരണവും ഡയറക്ടേഴ്സ് ദിനവും ആചരിക്കുകയാണല്ലോ, അന്നേ ദിവസമോ 8-ാം തീയതി ഞായറാഴ്ച്ചയോ ശാഖകളിൽ അനുസ്മരണം നടത്തുമല്ലോ. അതിരൂപതാതല ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണവും, ഡയറക്ടേഴ്സ് ദിനാചരണവും കല്ലുവയൽ ശാഖയിൽവെച്ച് നടത്തപ്പെടുന്നതാണ്.

## 7. എം റ്റി സി പഠനസഹായി

ഓരോ മേഖലയ്ക്കും ആവശ്യമായ 2024 - 2025 വർഷത്തേയ്ക്കുള്ള എം റ്റി സി പഠനസഹായി എല്ലാ മേഖലയിലും എത്തിച്ചിട്ടുണ്ട്. എം റ്റി സി പഠനസഹായിൽ പറഞ്ഞിരിക്കുന്നതുപോലെ ക്ലാസ്സും ക്യാമ്പും നടത്താൻ മേഖലകൾ ശ്രദ്ധിക്കുമല്ലോ. എം റ്റി സി യെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ മാർഗ്ഗരേഖ പേജ് 61 കാണുക.

## 8. മിഷൻ പച്ചക്കറിത്തോട്ടം

പച്ചക്കറിത്തോട്ട മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ശാഖകൾ ഒക്ടോബർ 30ന് മുമ്പ് അതിരൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**നിബന്ധനകൾ**

1) 5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് മത്സരത്തിൽ പങ്കെടുക്കാം.

- മിനിമം 1 സെന്റ് സ്ഥലമുണ്ടായിരിക്കണം.(ഇടവകയുടെ സ്വന്തം സ്ഥലത്ത് കൃഷി ചെയ്യണം)
- ഏഴിനും 10 നുമിടയിൽ പച്ചക്കറി ഇനങ്ങൾ ഉണ്ടായിരിക്കണം.
- സ്ഥലമൊരുക്കാൻ, വിത്തിടൽ, സംരക്ഷണം, വിളശേഖരണം തുടങ്ങിയ വിവിധ ഘട്ടങ്ങളിലെ കുട്ടികളുടെ പങ്കാളിത്തം വ്യക്തമാക്കുന്ന ഫോട്ടോകൾ അതത് സമയങ്ങളിൽ ഇമെയിൽ ചെയ്യേണ്ടതാണ്. cmltly01@gmail.com. ഫോട്ടോകൾ അയക്കാത്ത പച്ചക്കറിത്തോട്ടം മത്സരത്തിന് പരിഗണിക്കുന്നതല്ല.
- മിഷൻ പച്ചക്കറിത്തോട്ടം എന്ന നെയിം ബോർഡ് ആദ്യാവസാനം ഉണ്ടായിരിക്കേണ്ടതാണ്.
- മിഷൻ പച്ചക്കറിയുടെ ആരംഭം മുതൽ അവസാനം വരെയുള്ള വരവു ചിലവു കണക്കുകൾ കൃത്യമായി നാൾ വഴി ബുക്കിൽ അതാത് സമയത്ത് രേഖപ്പെടുത്തി വയ്ക്കണം.
- ഡിസംബർ 10-ന് മുൻപ് മേഖലകൾ സന്ദർശനം പൂർത്തിയാക്കി മികച്ച 3 എണ്ണം രൂപതയ്ക്ക് നൽകുക.
- രണ്ടാം ഘട്ട സന്ദർശനം രൂപത റീജിയണൽ ഓർഗനൈസർമാരുടെ നേതൃത്വത്തിൽ മേഖല തന്നിരിക്കുന്ന ശാഖകൾ സന്ദർശിച്ച് റിപ്പോർട്ട് രൂപതയിൽ ഡിസംബർ 20 ന് മുൻപായി എത്തിക്കുക.
- മികച്ച ശാഖകൾ സന്ദർശിച്ച് വിലയിരുത്താൻ അതിരൂപതാ ടീം മൂന്നാം ഘട്ട സന്ദർശനം നടത്തുന്നതാണ്.

- 1, 2, 3 സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് യഥാക്രമം 5000, 3000, 2000 രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നതായിരിക്കും. കൂടാതെ പ്രോത്സാഹന സമ്മാനവും നൽകുന്നതാണ്.
- കൂടുതൽ വിവരങ്ങൾക്ക് മാർഗ്ഗരേഖ പേജ് 59 കാണുക.

## 9. ആൽബം നിർമ്മാണം

**"ദൈവകേന്ദ്രീകൃത കുടുംബം ദൈവവിളികളുടെ ഉറവിടവും ശക്തിയും"** എന്ന വിഷയത്തെ ആസ്പദമാക്കി ശാഖകളിൽ നിന്ന് മേഖലകളിൽ എത്തിക്കുന്ന ആൽബങ്ങളിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ആൽബം നവംബർ 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. പേപ്പർ കട്ടിംഗ്സ്, ഫോട്ടോസ് എന്നിവയാണ് പ്രധാനമായും ഉപയോഗിക്കേണ്ടത്. ഇവയ്ക്ക് ബോർഡുകൾ വരയ്ക്കാവുന്നതാണ്. ആൽബം **80** പേജിൽ കവിയരുത്. അളവ് ലീഗൽ പേപ്പർ സൈസ് (22 X 34 സെ.മി.) ആൽബത്തിൽ ആശംസകൾ, ഉള്ളടക്കം, തലക്കെട്ടുകൾ എന്നിവ ഒഴികെ മറ്റൊരു എഴുത്തുകളും പാടില്ല. ആൽബനിർമ്മാണത്തെക്കുറിച്ച് കൂടുതൽ അറിയാൻ മാർഗ്ഗരേഖ പേജ് 61 കാണുക. പല മീറ്റിംഗുകളിൽ അഭിപ്രായപ്പെട്ടതനുസരിച്ച് ആൽബത്തിന്റെ പേജുകളുടെ എണ്ണം 100-ൽ നിന്ന് 80 ആക്കി മാറ്റിയിട്ടുണ്ടെന്ന് ശ്രദ്ധിക്കുമല്ലോ. ശാഖയിലെ എല്ലാവരും കൂടി ഒരുമിച്ച് ചേർന്ന് ഒരു ആൽബമാണ് നിർമ്മിക്കേണ്ടത്.

## 10. ക്ലിക്ക് ഷോട്ട് - നിബന്ധനകൾ

- 5-ാം ക്ലാസ്സുമുതൽ12 ക്ലാസ്സ് വരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടിൾക്കും മത്സരത്തിൽ പങ്കെടുക്കാം. സാങ്കേതിക കാര്യങ്ങൾക്ക് മുതിർന്നവരുടെ സഹായം തേടാവുന്നതാണ്.
- സ്ക്രിപ്റ്റ് സ്വയം രചിച്ചതാവണം
- **"ദൈവകേന്ദ്രീകൃത കുടുംബം ദൈവവിളികളുടെ ഉറവിടവും ശക്തിയും"** എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം ഷോർട്ട് ഫിലിം.
- 6 മിനുട്ടിൽ കൂടുതൽ ദൈർഘ്യമുള്ളവ മത്സരത്തിൽ പരിഗണിക്കുന്നതല്ല. ആറ് മിനുട്ടിനുള്ളിൽ ടൈറ്റിൽസ്, സ്റ്റോറി മുതലായവയെല്ലാം ഉൾപ്പെടുത്തേണ്ടതാണ്.
- മിഷൻലീഗിൽ അംഗത്വമുള്ള എത്ര കുട്ടികൾക്കുവേണമെങ്കിലും ഷോർട്ട് ഫിലിമിൽ അഭിനയിക്കാം.
- പെൻഡ്രൈവിൽ ആക്കി നവംബർ 30 ന് മുമ്പ് അതിരൂപതയിൽ എത്തിക്കുക.
- ഒന്നാം സ്ഥാനം - 3000 രൂപയും, രണ്ടാം സ്ഥാനം - 2500 രൂപയും, മൂന്നാം സ്ഥാനം - 2000 രൂപയും. പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹനസമ്മാനവും ഉണ്ടായിരിക്കും.
- കൂടുതൽ വിവരങ്ങൾ മാർഗ്ഗരേഖ പേജ് 59 കാണുക.

## 11. പൂമ്പാറ്റ ആംഗ്യപ്പാട്ട് മത്സരം - നിബന്ധനകൾ

- 5-ാം ക്ലാസ്സുമുതൽ 10 ക്ലാസ്സ് വരെയുള്ള ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും മത്സരത്തിൽ പങ്കെടുക്കാം.
- മത്സരത്തിൽ 4 മുതൽ 8 പേർക്കുവരെ പങ്കെടുക്കാം
- പങ്കെടുക്കുന്നവർക്ക് അംഗത്വ കാർഡ് നിർബന്ധമാണ്.
- പാട്ട് സ്വയം എഴുതി അതിന് സംഗീതം നൽകി റെക്കോർഡ് ചെയ്ത ഗാനമാണ് ഉപയോഗിക്കേണ്ടത്.
- ആംഗ്യപ്പാട്ടിന്റെ ഒരു സമയത്തുപോലും വ്യക്തിപരമായ രീതിയിൽ തനിച്ച് നൃത്തം ചെയ്യാൻ പാടില്ല. മുഴുവൻ സമയവും ഒരു ലൈനിൽ നിന്ന് കളിക്കണം.
- പെൻഡ്രൈവിൽ ആക്കി നവംബർ 30 ന് മുമ്പ് അതിരൂപതയിൽ എത്തിക്കുക.
- 3 മിനിട്ടു മുതൽ 5 മിനിട്ടുവരെ നീളുന്ന ഗാനങ്ങൾ ഉപയോഗിക്കാവുന്നതാണ്.
- ടെക്നിക്കൽ കാര്യങ്ങൾക്ക് മുതിർന്നവരുടെ സഹായം തേടാവുന്നതാണ്.
- ഒന്നാം സ്ഥാനം - 3000 രൂപയും, രണ്ടാം സ്ഥാനം - 2500 രൂപയും, മൂന്നാം സ്ഥാനം - 2000 രൂപയും. പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും പ്രോത്സാഹനസമ്മാനവും ഉണ്ടായിരിക്കും
- ബൈബിൾ അധിഷ്ഠിതമായിരിക്കണം ഗാനങ്ങൾ.
- കൂടുതൽ വിവരങ്ങൾ മാർഗ്ഗരേഖ പേജ് - 59 - 60 കാണുക.

## 12. പ്രബന്ധരചന മത്സരം - നിബന്ധനകൾ

- **വിഷയം : "ദൈവകേന്ദ്രീകൃത കുടുംബം ദൈവവിളികളുടെ ഉറവിടവും ശക്തിയും"**
- 10 പേജിൽ കവിയരുത്, ഒരു പേജിൽ പരമാവധി 19 വരികൾ
- ശാഖാ ഡയറക്ടറച്ചന്റെ കത്തും അംഗത്വ കാർഡിന്റെ കോപ്പിയും രചനയോടൊപ്പം ഉണ്ടായിരിക്കണം.
- ഒരു ശാഖയിൽ നിന്നും ഒന്നിൽ കൂടുതൽ പേർക്ക് പങ്കെടുക്കാം.
- ഒന്നാം സമ്മാനം 2000 രൂപ, രണ്ടാം സമ്മാനം 1000 രൂപ, മൂന്നാം സമ്മാനം 500 രൂപ.
- അതിരൂപതയിൽ ലഭിക്കേണ്ട അവസാന തീയതി നവംബർ 30
- 18 വയസ്സിൽ താഴെയുള്ള മിഷൻലീഗ് അംഗങ്ങൾക്കാണ് മത്സരത്തിൽ പങ്കെടുക്കാൻ അനുവാദമുള്ളത്.
- കൂടുതൽ വിവരങ്ങൾ മാർഗ്ഗരേഖ പേജ് - 60 കാണുക.

## 13. സംസ്ഥാന സാഹിത്യമത്സരവും സാഹിത്യശില്പശാലയും

അതിരൂപതാതല സാഹിത്യമത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർ സെപ്റ്റംബർ 21-ാം തീയതി കണ്ണൂർ ശ്രീപുരം പാസ്റ്റ

റൽ സെന്ററിൽവച്ച് നടക്കുന്ന സംസ്ഥാന സാഹിത്യമത്സരത്തിൽ പങ്കെടുക്കേണ്ടതാണ്.

ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർ സെപ്റ്റംബർ 20-ാം തീയതി വൈകിട്ട് 7 മണിയോടെ തലശ്ശേരി സന്ദേശഭവനിൽ എത്തിച്ചേരേണ്ടതാണ്. അവർക്കുവേണ്ടി അതിരൂപതയുടെ നേതൃത്വത്തിൽ സാഹിത്യരചന പരിശീലനം ഉണ്ടായിരിക്കുന്നതാണ്.

## 14. അതിരൂപതാതല ടെലികിസ് മത്സരം

ലോഗോസ് പരീക്ഷക്ക് ഒരുങ്ങുവാനും, ദിവ്യകാരുണ്യ വർഷത്തിൽ വി. കുർബാനയെ കുറിച്ച് പഠിക്കുന്നതിനും, വി. കൊച്ചുത്രേസ്യായുടെ ജീവിതത്തെക്കുറിച്ച് കൂടുതൽ അറിയുന്നതിനുമായി അതിരൂപതയുടെ നേതൃത്വത്തിൽ സെപ്റ്റംബർ മാസം മുതൽ ടെലികിസ് മത്സരം നടത്തപ്പെടുന്നു. മത്സരത്തെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) 5-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികളാണ് മത്സരത്തിൽ പങ്കെടുക്കേണ്ടത്.
2) ഒരു കുട്ടിയോട് ചോദിക്കുന്ന സമയം 3 മിനുട്ട് ആയിരിക്കും.
3) ഏറ്റവും കുടുതൽ ഉത്തരം പറയുന്ന കുട്ടിക്കായിരിക്കും സമ്മാനം ലഭിക്കുക.
4) റീജിയൺ തിരിച്ചായിരിക്കും മത്സരം നടത്തപ്പെടുക.
5) **പഠനഭാഗം (സെപ്റ്റംബർ മാസം) :** ലോഗോസ് പഠനഭാഗം (ന്യായാധിപന്മാർ 1-10; 2 കോറി 7-13), നവമാലിക (1-3 അദ്ധ്യായങ്ങൾ), കുർബാന പുസ്തകത്തിൽ നിന്നും വി. കുർബാനയെ സംബന്ധിക്കുന്ന ചോദ്യങ്ങൾ.
6) ഫോൺ വിളിക്കേണ്ട സമയം ഓരോ റീജിയണും തന്നിരിക്കുന്ന ദിവസം 5 മണി മുതൽ 6 മണി വരെ മാത്രം ആയിരിക്കും.

- 01-09-24 ഞായറാഴ്ച: ഇരിട്ടി റീജിയൺ (മണിക്കടവ്, നെല്ലിക്കാംപൊയിൽ, കുന്നോത്ത്, എടൂർ, പേരാവൂർ എന്നീ മേഖലകൾ)

  വിളിക്കേണ്ട നമ്പർ: **9048340650.**

- 08-09-24 ഞായറാഴ്ച: ചെമ്പേരി റീജിയൺ (ചെമ്പേരി, തളിപ്പറമ്പ്, ചെമ്പന്തൊട്ടി, പൈസക്കരി എന്നീ മേഖലകൾ)

  വിളിക്കേണ്ട നമ്പർ: **9446916439.**

- 22-09-24 ഞായറാഴ്ച: ആലക്കോട് റീജിയൺ (ആലക്കോട്, വായാട്ടുപറമ്പ്, മേരിഗിരി, ചെറുപുഴ എന്നീ മേഖലകൾ)

  വിളിക്കേണ്ട നമ്പർ: **9496357819.**

- 29-09-24 ഞായറാഴ്ച: കാഞ്ഞങ്ങാട് റീജിയൺ (കാസർഗോഡ്, കാഞ്ഞങ്ങാട്, പനത്തടി, തോമാപുരം, വെള്ളരിക്കുണ്ട്, മാലോം എന്നീ മേഖലകൾ) വിളിക്കേണ്ട നമ്പർ: **9495345038.**

### 15. അതിരൂപതാ കലോത്സവം

ഈ വർഷത്തെ അതിരൂപതാ കലോത്സവം ഒക്ടോബർ 12-ാം തീയതി നടത്തപ്പെടുന്നതായിരിക്കും എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മപ്പെടുത്തുന്നു. അതിരൂപതാ കലോത്സവത്തിന് മുമ്പ് മേഖലകളിൽ മത്സരം നടത്തി സെപ്റ്റംബർ 25-നുള്ളിൽ ലിസ്റ്റ് അതിരൂപതയിൽ നൽകേണ്ടതാണ്. കലോത്സവത്തെ സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ മാർഗ്ഗരേഖ പേജ് 54-55 കാണുക. അതിരൂപതാ മത്സരം നടക്കുന്ന സ്ഥലവും സമയവും പിന്നീട് അറിയിക്കുന്നതായിരിക്കും.

### 16. അതിരൂപതാ കൗൺസിൽ വാർഷികം

മിഷൻലീഗ് അതിരൂപതാ കൗൺസിൽ വാർഷികം ഒക്ടോബർ 2-ാം തീയതി ബുധനാഴ്ച വെള്ളരിക്കുണ്ടിൽവെച്ച് (വെള്ളരിക്കുണ്ട് മേഖല) നടത്തുന്നു. 2023-2024 പ്രവർത്തന വർഷം അതിരൂപതാതലത്തിൽ ഗോൾഡൻ സ്റ്റാർ, സിൽവർ സ്റ്റാർ, മിഷൻ സ്റ്റാർ കരസ്ഥമാക്കിയ ശാഖകൾക്കും മേഖലകൾക്കുമുള്ള ട്രോഫിയും ക്യാഷ് അവാർഡുകളും മിഷൻലീഗിലൂടെ വളർന്ന് മികച്ച നേട്ടങ്ങൾ കൈവരിച്ചവരെ ആദരിക്കുന്ന ചടങ്ങും, ശ്രീ. ജെയ്സൺ മർക്കോസ് പ്രേഷിത അവാർഡ് ദാനവും കൗൺസിൽ വാർഷികസമ്മേളനത്തിൽ വച്ച് നടക്കുന്നതായിരിക്കും. വാർഷിക വിജയത്തിനായി എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കമല്ലോ. ഈ ആഘോഷ പരിപാടികളിൽ മുഴുവൻ ശാഖാ മേഖലാ ഭാരവാഹികളും വൈസ്ഡയറക്ടേഴ്സും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾ കത്തിലൂടെയും ഫോൺവിളിച്ചും അറിയിക്കുന്നതായിരിക്കും.

### 17. സെപ്റ്റംബർ മാസം അതിരൂപതാതല ശാഖാ സന്ദർശനം നടത്തുന്ന മേഖലകൾ

അതിരൂപതാ ഭാരവാഹികൾ സെപ്റ്റംബർ മാസം നെല്ലിക്കാംപൊയിൽ (സെപ്റ്റംബർ - 8), പൈസക്കരി (സെപ്റ്റംബർ - 22), ചെമ്പേരി (സെപ്റ്റംബർ - 29), എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്ന കാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

### 18. മിഷൻകലണ്ടർ

അതിരൂപതയിൽ നൽകിയ എണ്ണമനുസരിച്ച് ഈ വർഷവും മിഷൻ കലണ്ടർ മേഖലകളിൽ എത്തിക്കുന്നതാണ് എന്ന കാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

### 19. ലോഗോ നിർമ്മാണ മത്സര വിജയികൾ (ഡിജിറ്റൽ ലോഗോ)

| | |
|---|---|
| Ist | ആഗ്നസ് വാഴപ്പിള്ളിൽ (പെരിങ്ങാല) |
| IInd | ആഷിൻ പാത്തിക്കൽ (ഏറ്റുപാറ) |
| IIIrd | ജെയിംസ് നെല്ലിയാനി (കണ്ണൂർ) |
| | അൻസ പനയ്ക്കപ്പള്ളി (ചുള്ളി) |

**പൂർണ്ണമായും കൈകൊണ്ട് വരച്ച ലോഗോ**

| | |
|---|---|
| Ist | ആഗ്നസ് വാഴപ്പിള്ളിൽ (പെരിങ്ങാല) |
| IInd | ആഷിൻ പാത്തിക്കൽ (ഏറ്റുപാറ) |
| IIIrd | ജെയിംസ് നെല്ലിയാനി (കണ്ണൂർ) |

## 20. തിളക്കമാർന്ന വിജയം - അഭിനന്ദനങ്ങൾ

2023 - 2024 പ്രവർത്തനവർഷത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച വെച്ച നെല്ലിക്കാംപൊയിൽ, മണിക്കടവ്, വെള്ളരിക്കുണ്ട് മേഖലകളും, മണിക്കടവ്, കരുവഞ്ചാൽ, മണിപ്പാറ, അട്ടക്കണ്ടം, ഇരിട്ടി, നെല്ലിക്കാംപൊയിൽ, കനകപ്പള്ളി, പയ്യാവൂർ, കച്ചേരിക്കടവ്, അങ്ങാടിക്കടവ്, വെള്ളരിക്കുണ്ട്, ചേപ്പറമ്പ ശാഖകളും **ഗോൾഡൻസ്റ്റാർ** പുരസ്ക്കാരവും, ചെറുപുഴ മേഖല, പേരട്ട, മാട്ടറ, കുട്ടാപ്പറമ്പ, പൈസക്കരി, പേരാവൂർ ശാഖകൾ **സിൽവർസ്റ്റാർ** പുരസ്കാരവും, എടൂർ മേഖല കാഞ്ഞിരടുക്കം, പാത്തൻപ്പാറ, മേരിഗിരി, തയ്യേനി, കരയത്തുംചാൽ, ജയഗിരി, തടിക്കടവ് എന്നീ ശാഖകൾ **മിഷൻ സ്റ്റാർ** പുരസ്ക്കാരവും കരസ്ഥമാക്കി. അഭിമാനകരമായ ഈ വലിയ അംഗീകാരം നേടിയെടുക്കുവാൻ അദ്ധ്വാനിച്ച, സഹകരിച്ച എല്ലാ മേഖലാ - ശാഖാ ഡയറക്ടർമാരെയും, വൈസ് ഡയറക്ടേഴ്സിനെയും ഭാരവാഹികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

## 21. സെമിനാറുകൾ, ക്ലാസ്സുകൾ

- 28.07.2024 ന് മണിപ്പാറ ശാഖയിൽ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സെമിനാർ നടത്തി.
- 04.08.2024 ന് നെല്ലിപ്പാറ ശാഖയിൽ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സെമിനാർ നടത്തി.
- 11.08.2024 ന് പേരാവൂർ ശാഖയിൽ ഡയറക്ടർ ഫാ. ജോസഫ് വടക്കേപ്പറമ്പിൽ സെമിനാർ നടത്തി.
- 18.08.2024 ന് ചെറുപുഴ മേഖലയിലെ വൈസ് ഡയറക്ടേഴ്സിന് ഷേർളി പാമ്പനാൽ സെമിനാർ നടത്തി.
- 20.08.2024 ന് തളിപ്പറമ്പ് മേഖലയിൽ ശ്രീ. സുനിൽ കല്ലിടുക്കിൽ സെമിനാർ നടത്തി.

## 22. ആദരാഞ്ജലികൾ

ഒളിമങ്ങാത്ത സ്നേഹവായ്പ്പോടെ ഈ ഭൂമിയിൽ ദൈവം ഭരമേൽപ്പിച്ചിരുന്ന എല്ലാ ഉത്തരവാദിത്വങ്ങളും അതിന്റെ പൂർണ്ണതയിൽ പൂർത്തിയാക്കി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട ബഹുമാനപ്പെട്ട മാത്യു കുടിലിൽ അച്ചന്റെ ആത്മശാന്തിക്കായി അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരിശുദ്ധ അമ്മയുടെ പിറവിതിരുനാളിനായി നാം ഒരുങ്ങുമ്പോൾ നമ്മുടെ സഹനങ്ങളും ത്യാഗങ്ങളും സുകൃതങ്ങളും കോർത്തിണക്കി അമ്മയ്ക്ക് ഇഷ്ടപ്പെട്ട മനോഹരമായ ഒരു പിറന്നാൾ സമ്മാനം കൊടുക്കുവാൻ കൊച്ചു കൂട്ടുകാരെല്ലാവരും ശ്രദ്ധിക്കുമല്ലോ. ഒത്തിരി സ്നേഹത്തോടെ പിറവിതിരുനാളിന്റെ മംഗളങ്ങൾ ആശംസിക്കുന്നു.

അനുസ്മരിക്കുന്ന തിരുനാൾ : പരിശുദ്ധ അമ്മയുടെ ജനനതിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധർ : വി. വിൻസെന്റ് ഡി പോൾ
വി. മദർതെരേസ
പ്രാർത്ഥനാനിയോഗം : എല്ലാ അധ്യാപകർക്കും വേണ്ടി
സുകൃതജപം : കാവൽമാലാഖയേ എനിക്ക് കൂട്ടായിരിക്കേണമേ.
വചനം : ശക്തനായവൻ എനിക്ക് വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു. (വി. ലൂക്കാ 1 : 49)
പ്രവൃത്തി : അനാഥമന്ദിരങ്ങൾ സന്ദർശിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്യുക.
മനഃപാഠമാക്കുക : വി. മദർതെരേസായെക്കുറിച്ച് അധ്യാപകരോട് ചോദിച്ച് മനസ്സിലാക്കുക.
എയ്ഞ്ചൽസ് ബീറ്റ്സ് : അതിരൂപതാതല മത്സരം : മദർതെരേസ ഫാൻസിഡ്രസ്സ് മത്സരം (പെൺകുട്ടികൾക്ക് മാത്രം)
: മരിയൻ ഭക്തിഗാന മത്സരം (ആൺകുട്ടികൾക്ക് മാത്രം)

### 1. ശാഖകൾ ശ്രദ്ധിക്കാൻ

1 ഞായർ : എട്ട് നോമ്പ് ആരംഭം, നിയോഗം: തിരുബാലസഖ്യം സംഘടനയ്ക്കുവേണ്ടി

5 വ്യാഴം : മദർതെരേസയുടെ തിരുനാൾ, കാരുണ്യദിനം, അധ്യാപകദിനം, അഗതിമന്ദിര സന്ദർശനം

8 ഞായർ : മാതാവിന്റെ ജനനതിരുനാൾ
: നെല്ലിക്കാംപൊയിൽ മേഖലയിലുള്ള ശാഖകൾ സന്ദർശനം
14 ശനി : കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ
16 തിങ്കൾ : അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം ജന്മദിനം
ആശംസകൾ അറിയിക്കുന്നു.
22 ഞായർ : പൈസക്കരി മേഖലയിലുള്ള ശാഖകൾ സന്ദർശനം
26 വ്യാഴം : ലോകബധിരദിനം
29 ഞായർ : വി. മിഖായേൽ, ഗബ്രിയേൽ, റഫായേൽ മാലാഖാമാരുടെ
തിരുനാൾ
29 ഞായർ : ചെമ്പേരി മേഖലയിലുള്ള ശാഖകൾ സന്ദർശനം

**2. സെപ്റ്റംബർ മാസം അതിരൂപതാതല ശാഖാ സന്ദർശനം നടത്തുന്ന മേഖലകൾ**

അതിരൂപതാ ഭാരവാഹികൾ സെപ്റ്റംബർ മാസം നെല്ലിക്കാംപൊയിൽ (സെപ്റ്റംബർ - 8), പൈസക്കരി (സെപ്റ്റംബർ - 22), ചെമ്പേരി (സെപ്റ്റംബർ - 29), എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്ന കാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**3. ഈശോയെപ്പോലെ വളരാം... വലുതാകാം...**

ഈശോയെപ്പോലെ വളരാം... വലുതാകാം... എന്ന വർക്ക് ബുക്കിൽ ഈശോയെപ്പോലെ ആത്മാവിൽ നിറയാം എന്ന രണ്ടാം അദ്ധ്യായത്തിലൂടെ കടന്നുപോകുമ്പോൾ ഈശോ ആത്മാവിനാൽ നിറഞ്ഞാണ് ഓരോ പ്രവർത്തിയും ചെയ്തിരുന്നത്. നന്മ തിൻമകളെ തിരിച്ചറിയാനും വിവേകപൂർവ്വം ജീവിക്കാനും നമ്മെ ശക്തിപ്പെടുത്തുന്ന സഹായകനായ പരിശുദ്ധാത്മാവാണവൻ. ഈശോയെപ്പോലെ ആത്മാവിനാൽ ഞങ്ങളെയും നിറയ്ക്കണമേ എന്ന് പ്രാർത്ഥിക്കാം.

**4. നിറം കൊടുക്കാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ ആത്മാവിനാൽ എന്ന രണ്ടാം അധ്യായത്തിലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർ ചെയ്ത് ഏറ്റവും നല്ല 3 എണ്ണം സെപ്റ്റംബർ 20 ന് മുൻപ് അതിരൂപതയിലേക്ക് അയച്ചുതരുമല്ലോ.

**5. നിങ്ങൾക്കറിയാമോ?**

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ ആത്മാവിനാൽ എന്ന രണ്ടാം അധ്യായത്തിലെ നിങ്ങൾക്കറിയാമോ? എന്ന ചിത്രം പൂരിപ്പിച്ച് നല്ല 3 എണ്ണം സെപ്റ്റംബർ 20 ന് മുൻപ് അതിരൂപതയിലേക്ക് അയച്ചുതരുമല്ലോ.

**6. നിറം കൊടുക്കാമോ ആഗസ്റ്റ് മാസത്തെ വിജയികൾ**

I അഞ്ജന പൂവ്വത്തുംമൂട്ടിൽ - കനകപ്പള്ളി
II എയ്ഞ്ചൽ ആടുകുഴിയിൽ - ചായോത്ത്
III ഇവാൻ പോൾ കരിമാനപ്പിള്ളി - മുത്താറിക്കുളം

**7. വഴി കാട്ടാമോ ആഗസ്റ്റ് മാസത്തെ വിജയികൾ**

I യാഇതാൻ കണക്കശ്ശേരിൽ - പെരിങ്ങാല
II യാഡാൻ തോമസ് - പാടിയോട്ടുച്ചാൽ
III എറിക് ജോൺ തറയിൽ - കണിച്ചാർ

**8. മദർതെരേസ ഫാൻസിഡ്രസ്സ് മത്സരം**

വി. മദർതെരേസയുടെ തിരുനാളിനോടനുബന്ധിച്ച് പെൺകുട്ടികൾക്കായി മദർതെരേസ ഫാൻസി ഡ്രസ്സ് മത്സരം സംഘടിപ്പിക്കുന്നു. ഒരു ശാഖയിൽ നിന്ന് ഒരുകുട്ടിക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കുകയുള്ളൂ. **holychildhoodtly01@gmail.com** എന്ന **emil** അക്കൗണ്ടിലേയ്ക്ക് അയയ്ക്കുക. അയക്കേണ്ട അവസാന ദിവസം സെപ്റ്റംബർ 15. അയയ്ക്കുമ്പോൾ പേര്, വീട്ടുപേര്, ഇടവക, അംഗത്വ നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.

**9. മരിയൻ ഭക്തിഗാന മത്സരം**

പരിശുദ്ധ അമ്മയുടെ ജനനതിരുനാളിനോടനുബന്ധിച്ച് ആൺകുട്ടികൾക്കായി മരിയൻ ഭക്തിഗാനമത്സരം സംഘടിപ്പിക്കുന്നു. കരോക്കെ ഉപയോഗിക്കാൻ പാടില്ല. ഒരുപാട്ടിന്റെ പല്ലവി, അനുപല്ലവി, പല്ലവി പാടി അവസാനിപ്പിക്കണം. ഒരു ശാഖയിൽ നിന്ന് ഒരുകുട്ടിക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കുകയുള്ളൂ. പാടുന്നതിന്റെ വീഡിയോ **holychildhoodtly01@gmail.com** എന്ന **emil** അക്കൗണ്ടിലേയ്ക്ക് അയയ്ക്കുക. അയക്കേണ്ട അവസാന ദിവസം സെപ്റ്റംബർ 15. അയയ്ക്കുമ്പോൾ പേര്, വീട്ടുപേര്, ഇടവക, അംഗത്വ നമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്തൊലേറ്റ്

"അവൻ മാംസംവച്ചു യുവത്വം വീണ്ടെടുക്കട്ടെ. യൗവനോൻമേഷത്തിന്റെ നാളുകളിലേക്ക് അവൻ മടങ്ങിവരട്ടെ". (ജോബ് 33:25)

സ്നേഹമുള്ള ഡയറക്ടറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

ദൈവത്തിന്റെ സൃഷ്ടികളിൽ ഏറ്റവും വിശുദ്ധിയുള്ളവളും എല്ലാ മനുഷ്യരുടെയും ആത്മീയ ദാതാവുമായ പരി.കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ അനുസ്മരിക്കുന്ന മാസമാണല്ലോ സെപ്റ്റംബർ. പരി.കന്യകാമറിയത്തിന്റെ ജനനത്തിരുനാളിന്റെ മംഗളങ്ങൾ എല്ലാവർക്കും സ്നേഹപൂർവ്വം നേരുന്നു. 2024 - 2025 പ്രവർത്തന വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ ഫൊറോന സമിതികൾ പുതിയ കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുമല്ലോ.

## യൂണിറ്റുകൾ/മേഖലകൾ ശ്രദ്ധിക്കാൻ

സെപ്റ്റംബർ 01 - എട്ട്നോമ്പ് ആരംഭം
സെപ്റ്റംബർ 05 - മദർ തെരേസയുടെ തിരുനാൾ കാരുണ്യദിനം
അധ്യാപക ദിനം - അധ്യാപകരെ ആദരിക്കുക
അഗതിമന്ദിര സന്ദർശനം നടത്തുക
സെപ്റ്റംബർ 08 - മാതാവിന്റെ ജനനതിരുനാൾ
യുണിറ്റ്/ മേഖല തലത്തിൽ ജപമാല റാലി നടത്തുക
സെപ്റ്റംബർ 26 - ലോക ബധിരദിനം

## യൂണിറ്റ്/മേഖല ഇലക്ഷൻ

എല്ലാ യൂണിറ്റുകളിലും 19 മേഖലകളിലും ഇലക്ഷൻ വളരെ ഭംഗിയായി നടത്തപ്പെട്ടു. ക്രമീകരണങ്ങൾ നടത്തിയ ഡയറക്ടറച്ചന്മാർക്കും ആനിമേറ്റേഴ്സിനും എല്ലാ യുവജനസുഹൃത്തുക്കൾക്കും നന്ദി. എല്ലാ യൂണിറ്റ് ഭാരവാഹികൾക്കും മേഖല ഭാരവാഹികൾക്കും അതിരൂപത യുവജന കുടുംബത്തിന്റെ അഭിനന്ദനങ്ങൾ. പുതിയ പ്രവർത്തനവർഷം ദൈവാനുഗ്രഹപ്രദമാകട്ടെയെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## ദുരിത ബാധിതർക്ക് ഒരു കൈത്താങ്ങ്

കെസിവൈഎം, എസ്എംവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ ദുരന്തഭൂമിയിൽപ്പെട്ട കൂടപ്പിറപ്പുകൾക്കായി അതിരൂപ

തയിലെ വിവിധ ഇടവകകളിൽ നിന്നും സമാഹരിച്ച അവശ്യവസ്തുക്കൾ ഉരുൾപ്പൊട്ടൽ കനത്ത നാശം വിതച്ച വിലങ്ങാട് സന്ദർശിച്ച് വിതരണം ചെയ്തു. പരസ്പരം കാണുകയോ സംസാരിക്കുകയോ ചെയ്തിട്ടില്ലെങ്കിലും ദുരന്തഭൂമിയിലെ തങ്ങളുടെ പ്രിയപ്പെട്ടവർക്കായി സഹായഹസ്തം നീട്ടിയ വർക്ക്, വിവിധ ഫൊറോനകളിലെ വിഭവസമാഹരണത്തിന് നേതൃത്വം നൽകിയ ഫൊറോന വികാരിയച്ചൻമാർ, ഫൊറോന പ്രസിഡന്റുമാർ, ഫൊറോന ഡയറക്ടർമാർ, ഫൊറോന സമിതി അംഗങ്ങൾ, ആനിമേറ്റഴ്സ്, ഇടവകകളിലെ സമാഹരണത്തിനും ആവശ്യ വസ്തുക്കൾ ഫൊറോന കേന്ദ്രത്തിൽ എത്തിക്കുന്നതിനും നേതൃത്വം നൽകിയ വികാരിയച്ചൻമാർ, യൂണിറ്റ് പ്രസിഡന്റുമാർ, എക്സിക്യൂട്ടീവ് അംഗങ്ങൾ, ഇതര ഭക്തസംഘടന ഭാരവാഹികൾ എന്നിവർക്കും ആവശ്യമായ വാഹന സൗകര്യം ഒരുക്കി തന്ന തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിക്കും, കരുവഞ്ചാൽ ഏത്തക്കാട്ട് ട്രേഡേഴ്സിനും തലശ്ശേരി അതിരൂപത യുവജന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

### അഭിനന്ദനങ്ങൾ

ജപ്പാനിലെ പ്രശസ്തമായ NIMS ഗവേഷണ കേന്ദ്രത്തിൽ നിന്നും സ്കോളർഷിപ്പോടുകൂടി ഗവേഷണം നടത്താൻ തിരഞ്ഞെടുക്കപ്പെട്ട ഹെലൻ സിബിക്ക് തലശ്ശേരി അതിരൂപത യുവജന പ്രസ്ഥാനത്തിന്റെ അഭിനന്ദനങ്ങൾ.

### വിയാനി ഡേ

വിയാനി ദിനത്തോടനുബന്ധിച്ച് അതിരൂപതാ സമിതിയുടെ നേതൃത്വത്തിൽ 19 ഫൊറോന ഡയറക്ടർമാരെ ആദരിച്ച് ആശംസകൾ നേർന്നു. വിവിധ ഫൊറോനകളുടെ നേതൃത്വത്തിലും വിവിധ യൂണിറ്റുകളുടെ നേതൃത്വത്തിലും ബഹു. വികാരിയച്ചൻമാരെ ആദരിച്ച് ആശംസകൾ നേർന്നു.

### പ്രതിഷേധം

ഒളിംപിക്സ് വേദിയിൽ ക്രൈസ്തവർ പരിശുദ്ധമായി കരുതുന്ന അന്ത്യ അത്താഴ വേളയെ അവഹേളിച്ച നടപടിക്കെതിരെ തലശ്ശേരി അതിരൂപതയിലെ കെസിവൈഎം-ന്റെ നേതൃത്വത്തിൽ പ്രതിഷേധിച്ചു.

### യുവജനസ്നേഹിതനായ ബഹു. ഷിൻസച്ചനെ സ്മരിക്കുമ്പോൾ

യുവത്വത്തെ സ്നേഹിക്കുകയും യുവജനങ്ങളെ വിശ്വാസത്തിലും മൂല്യങ്ങളിലും വളർത്തിയെടുക്കുകയും ചെയ്ത ഒരു തീക്ഷണത നിറഞ്ഞ യുവജന ശുശ്രൂഷകനെയാണ് ബഹു. കുടിലിൽ ഷിൻസച്ചന്റെ അപ്രതീക്ഷിത വിയോഗത്തിലൂടെ അതിരൂപതയ്ക്ക് നഷ്ടമാകുന്നത്. അകലങ്ങളിലായിരുന്ന കാസർഗോഡ് ഫൊറോനയിലെ വ്യത്യസ്ത പള്ളികളിലെ യുവജനങ്ങൾ ഒരുമിച്ചുകൂടാൻ ഷിൻസച്ചൻ നടത്തിയ പരിശ്രമവും അതുകണ്ട വിജയവും വിസ്മരിക്കാൻ സാധിക്കുകയില്ല.

ദൈവിക പദ്ധതിക്ക് മുമ്പിൽ ഷിൻസച്ചനെ സമർപ്പിക്കുന്നു. അതിരൂപ തയിലെ യുവജനങ്ങൾക്കാവശ്യമായ ഊർജ്ജവും ശക്തിയും ദിശാബോ ധവും ഈശോയുടെ വലതുഭാഗത്തിരുന്ന് ഞങ്ങൾക്കു വാങ്ങിതരട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അതിരൂപതയുടെ തേങ്ങലായി അച്ചന്റെ വിയോഗം മാറു മ്പോൾ ഷിൻസച്ചന്റെ ഓർമകൾക്കും നന്മകൾക്കും മുൻപിൽ അതിരൂപത യുവജന കുടുംബത്തിന്റെ പ്രണാമം

**ഫൊറോന വാർത്തകൾ**

- കെസിവൈഎം **മണിക്കടവ് ഫൊറോനയുടെ** നേതൃത്വത്തിൽ സംഘ ടിപ്പിച്ച യൂറോ കോപ്പ ചാമ്പ്യൻസ് പ്രവചന മത്സരത്തിലെ വിജയികളെ നറുക്കെടുപ്പിലൂടെ മണിക്കടവ് ഫൊറോന അസി. വികാരി ഫാ. നിധിൻ തകിടിയേൽ തിരഞ്ഞെടുത്തു.
- കെസിവൈഎം **എടൂർ ഫൊറോനയുടെ** നേതൃത്വത്തിൽ കാരാപറമ്പ് മൈത്രി ഭവനിൽ വെച്ച് വയോജന ദിനാഘോഷം നടത്തപ്പട്ടു.
- കെസിവൈഎം പനത്തടി ഫൊറോനയുടെ ആഭിമുഖ്യത്തിൽ അതിരൂ പതാതലത്തിൽ വി. അൽഫോൻസാമ്മ എന്ന വിഷയത്തെ ആസ്പദ മാക്കി ചിത്രരചന മത്സരം നടത്തി.
- കെസിവൈഎം **പൈസക്കരി ഫൊറോനയുടെ** ആഭിമുഖ്യത്തിൽ വി. തോമസ്മൂർ അനുസ്മരണവും സമൂഹത്തെ കാർന്നു തിന്നുന്ന ലഹരി യുടെ ഉപയോഗം ഇല്ലാത്ത ഒരു ലോകം എന്ന ലക്ഷ്യം കൈവരിക്കുന്ന തിനുള്ള പ്രവർത്തനവും സഹകരണവും ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തെ മുൻനിർത്തിക്കൊണ്ട് ലഹരി വിരുദ്ധ ദിനാചരണവും സമൂ ഹത്തിന്റെ ആരോഗ്യത്തിനും വളർച്ചയ്ക്കും വേണ്ടി ഡോക്ടേഴ്സ് ചെയ്യുന്ന പ്രവർത്തനങ്ങൾക്ക് നന്ദി അർപ്പിക്കുന്നതിന്റെ ഭാഗമായി ഡോ. വിഞ്ചു തോമസിനെ ആദരിക്കുകയും ചെയ്തു.
- കെസിവൈഎം **വെള്ളരിക്കുണ്ട് ഫൊറോനയുടെ** നേതൃത്വത്തിൽ പുന്ന ക്കുന്ന് ഹോളി ട്രിനിറ്റി അഗതിമന്ദിരം സന്ദർശിക്കുകയും ഉച്ചഭക്ഷണം നൽകുകയും ചെയ്തു.

**നൈറ്റ് വിജിൽ**

ഫൊറോന തലത്തിൽ നൈറ്റ് വിജിൽ ദൈവാനുഗ്രഹപ്രദമായി ക്രമീ കരിച്ച **പൈസക്കരി ഫൊറോന** ഭാരവാഹികളെ അഭിനന്ദിക്കുന്നു.

**ഫാ. മാത്യു മുക്കുഴി**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റോലേറ്റ്

സ്നേഹമുള്ളവരെ, പരിശുദ്ധ അമ്മയുടെ പിറവി തിരുനാളിനൊരുക്കമായുള്ള എട്ടുനോമ്പിലേക്ക് നമ്മൾ പ്രവേശിക്കുകയാണല്ലോ. പരമ്പരാഗതമായി അമ്മമാർ എല്ലാവരും വലിയ താത്പര്യത്തോടും ഭക്തിയോടും കൂടി അനുഷ്ഠിക്കുന്ന ഒന്നാണ് എട്ടുനോമ്പ്. മാത്രമല്ല സെപ്റ്റംബർ മാസം മാതൃവേദി സംഘടനയുടെ അംഗത്വ സ്വീകരണ-നവീകരണ മാസം കൂടിയാണല്ലോ. പരമാവധി അമ്മമാരെ സംഘടനയിൽ അംഗങ്ങളാക്കാൻ ഉത്സാഹിക്കുമല്ലോ. പരിശുദ്ധ അമ്മയെപ്പോലെ കുടുംബത്തിലെ അമ്മ നന്മനിറഞ്ഞവൾ ആകുമ്പോൾ ഭർത്താവിന്റേയും കുഞ്ഞുങ്ങളുടേയും മറ്റ് കുടുംബാംഗങ്ങളുടേയും ജീവിതത്തിൽ അത് വളർച്ചയ്ക്കും സുവിശേഷാനുസൃതമായ ജീവിതത്തിനും കാരണമാകും. അതിനായി ഒത്തൊരുമിച്ച് പ്രയത്നിക്കാം.

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

ആഗസ്റ്റ് 22-24 തീയതികളിലായി തലശ്ശേരിയിൽവച്ച് നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 140 ഓളം പേർ സംബന്ധിച്ചു.

**Time Schedule**

- കോഴ്സിന്റെ ഒന്നാം ദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചൻമാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സിയുടെ ഫീസ് **1600** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ്ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.

- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**
- ഈ വർഷത്തെ എം.പി.സി. കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു.

| MPC - 2024 | | | |
|---|---|---|---|
| September | 19-21 | (Thursday, Saturday) | Padannakkad |
| October | 17-19 | (Thursday, Saturday) | Thalassery |
| November | 14-16 | (Thursday, Saturday) | Padannakkad |
| December | 19-21 | (Thursday, Saturday) | Thalassery |

- അടുത്ത വർഷത്തെ എം.പി.സി കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു.

| MPC - 2025 | | | |
|---|---|---|---|
| January | 02-04 | (Thusday-Saturday) | Thalassery |
| January | 23-25 | (Thusday-Saturday) | Padannakkad |
| February | 13-15 | (Thusday-Saturday) | Thalassery |
| March | 20-22 | (Thusday-Saturday) | Padannakkad |
| April | 03-05 | (Thusday-Saturday) | Thalassery |
| April | 22-24 | (Tuesday-Thursday) | Padannakkad |
| May | 15-17 | (Thusday-Saturday) | Thalassery |
| June | 12-14 | (Thusday-Saturday) | Thalassery |
| July | 17-19 | (Thusday-Saturday) | Padannakkad |
| August | 21-23 | (Thusday-Saturday) | Thalassery |
| September | 18-20 | (Thusday-Saturday) | Padannakkad |
| October | 16-18 | (Thusday-Saturday) | Thalassery |
| November | 13-15 | (Thusday-Saturday) | Padannakkad |
| December | 18-20 | (Thusday-Saturday) | Thalassery |

## II . മാതൃവേദി

### (a) അതിരൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ്

ജൂലൈ മാസത്തിൽ ഓൺലൈനായി എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, ആഗസ്റ്റ് മാസത്തെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെട്ടരീതിയിൽ എങ്ങനെ

നടത്താം എന്ന് ചർച്ച ചെയ്യുകയും ചെയ്തു. മീറ്റിംഗിൽ അതിരൂപതാ ഭാര വാഹികൾ എല്ലാവരും  പങ്കെടുത്തു.

**(b) മാതൃസംഗമം:** ആഗസ്റ്റ് 15-ാം തീയതി മണ്ഡപം യൂണിറ്റിലെ അമ്മ മാർക്കായി അമ്മ സംഗമം നടത്തപ്പെട്ടു. 'അമ്മമനസ്സ്' എന്ന പേരിൽ കുടും ബത്തിൽ നിന്നും സമ്മാനങ്ങൾ കൊണ്ടുവരികയും അമ്മമാർക്ക് അത് നല്കി ആദരിക്കുകയും ചെയ്തു. ഇടവകയിലെ 70 വയസ്സിനു മുകളിലുള്ള അമ്മമാരെ മാതൃവേദി അംഗങ്ങൾ ആദരിക്കുകയും ചെയ്തു. അമ്മമാരുടെ വിവിധ കലാപരിപാടികൾ ഈ പ്രോഗ്രാമിനു മാറ്റു കൂട്ടി. രൂപതാ ഡയറക്ട റച്ചൻ വി. കുർബ്ബാനയും ക്ലാസും  നല്കി.

ആഗസ്റ്റ് 11, 16 തീയതികളിൽ മാടത്തിൽ, നെല്ലിക്കുറ്റി യൂണിറ്റുകളിൽ അമ്മമാർക്കായി ഡയറക്ടറച്ചൻ വി. കുർബ്ബാനയും ക്ലാസും നല്കി.

**(c) മേഖലാ സന്ദർശനം**

ജൂലൈ 25, ആഗസ്റ്റ് 5, 12, 21 തീയതികളിൽ അതിരൂപതാ ഡയറക്ടറുടെ നേതൃത്വത്തിൽ യഥാക്രമം മണിക്കടവ്, മാലോം, പേരാവൂർ, നെല്ലിക്കാംപൊ യിൽ, എടൂർ എന്നീ മേഖലകളുടെ സന്ദർശനം നടത്തപ്പെട്ടു. രൂപതാ ടീം അംഗങ്ങളും മേഖലാ ഭാരവാഹികളും പങ്കെടുത്തു. വിശദമായ ചർച്ചകൾ നടത്തി സംഘടനയെ ശക്തിപ്പെടുത്താനുള്ള തീരുമാനങ്ങൾ എടുത്തു.

**(d) അഗതിമന്ദിര സന്ദർശനം - "മിസരിക്കോർദിയ 2024"**

ദിവ്യകാരുണ്യ വർഷത്തോടനുബന്ധിച്ച് അതിരൂപതാതല ജീവകാരു ണ്യപ്രവർത്തനത്തിന്റെ ഭാഗമായി ആഗസ്റ്റ് 3ന് അതിരൂപതാ ടീം അംഗങ്ങളും, ചെമ്പേരി മേഖലാ ഭാരവാഹികളും യൂണിറ്റ് അംഗങ്ങളും ചേർന്ന് ചെമ്പേരി കരുണാലയം സന്ദർശിച്ചു. അമ്മമാരുടെ നേതൃത്വത്തിൽ കരുണാലയം പരി സരം വൃത്തിയാക്കുകയും ചെയ്തു. അന്നേ ദിവസത്തെ ഉച്ചഭക്ഷണം അമ്മമാർ സ്പോൺസർ ചെയ്തു. അതിരൂപതയിൽ നിന്നും 5000 രൂപ ധന സഹായം നല്കി. അതോടൊപ്പം ചെമ്പേരി മേഖലയിലെ വിവിധ യൂണിറ്റു കളും ധനസഹായം നൽകി.

**(e) ദിവ്യകാരുണ്യ ജ്വാല പ്രോഗ്രാം**

ദിവ്യകാരുണ്യ വർഷത്തോടനുബന്ധിച്ച്, ദിവ്യകാരുണ്യ ജ്വാല എടൂർ മേഖലയുടെ വെളിമാനം സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽ വച്ചും, വായാട്ടു പറമ്പ് മേഖലയുടെ വെള്ളാട് സെന്റ് സെബാസ്റ്റ്യൻ പള്ളിയിൽ വച്ചും, കുന്നോത്ത് മേഖലയുടെ കുന്നോത്ത് സെന്റ് തോമസ് ഫൊറോനാ ദൈവാ ലയത്തിൽ വച്ചും യഥാക്രമം ജൂലൈ 27, ആഗസ്റ്റ് 26, 28 എന്നീ തീയതികളിൽ നടത്തപ്പെട്ടു. ജപമാല, പതാക ഉയർത്തൽ എന്നിവയ്ക്കുശേഷം രംഗപൂജ യോടെ പ്രോഗ്രാം ആരംഭിച്ചു. എടൂർ ഫൊറോന വികാരി റവ. ഫാ. തോമസ്

വടക്കേമുറിയിൽ, വെള്ളാട് ഇടവക വികാരി ഫാ. ജേക്കബ് പള്ളിനീരാക്കൽ, കുന്നോത്ത് ഫൊറോന വികാരി റവ. ഫാ. സെബാസ്റ്റ്യൻ മൂക്കിലക്കാട്ട് എന്നിവർ ജ്വാല ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി. മേഖല ഡയറക്ടർമാർ അനുഗ്രഹപ്രഭാഷണവും, ആനിമേറ്റേഴ്സ് ആശംസകളും അർപ്പിച്ചു. "ദിവ്യ കാരുണ്യവും മാതൃത്വവും" എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപത ഡയറക്ടറച്ചൻ ക്ലാസ് എടുത്തു. വിവിധ മത്സരങ്ങൾക്ക് വിജയികളായവർക്ക് സമ്മാനങ്ങൾ നല്കി. തുടർന്ന് ആരാധനയും, കുമ്പസാരവും, ദിവ്യകാരുണ്യ പ്രദക്ഷിണവും, ദിവ്യബലിയും ജ്വാല പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരുന്നു. മേഖലാ ഭാരവാഹികളുടേയും, യൂണിറ്റ് ഭാരവാഹികളുടേയും അംഗങ്ങളുടേയും സജീവസാന്നിദ്ധ്യം പ്രോഗ്രാമിന്റെ വിജയത്തിന് കാരണമായി.

### (f) ഗ്ലോബൽ മാതൃവേദി ജനറൽ ബോഡി

കാക്കനാട് വച്ച് നടത്തിയ ഗ്ലോബൽ മാതൃവേദി ജനറൽ ബോഡിയിൽ അതിരൂപതയിൽ നിന്നും ഡയറക്ടർ. ആനിമേറ്റർ, ഭാരവാഹികൾ, സെനറ്റ് മെമ്പേഴ്സ് എന്നിവർ പങ്കെടുക്കുകയുണ്ടായി. സഭയുടെ തലവനായ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവ് ഉദ്ഘാടനകർമ്മം നിർവ്വഹിച്ച് സന്ദേശം നല്കി. മാതൃവേദി ബിഷപ്പ് ഡെലഗേറ്റ് മാർ ജോസഫ് പുളിക്കൽ അനുഗ്രഹപ്രഭാഷണം നടത്തി. വചനമുത്ത് മത്സരത്തിൽ മൂന്നാം സ്ഥാനത്തിന് അർഹയായ തലശ്ശേരി മാതൃവേദി അംഗം ശ്രീമതി റോസ്‌ലി വരിക്കപ്ലാത്തടത്തിൽ സമ്മാനം ഏറ്റുവാങ്ങി. പ്രോത്സാഹനസമ്മാനത്തിന് അർഹയായ ശ്രീമതി ലിസി ആഞ്ഞിലിതോപ്പിലിനും സമ്മാനം ലഭിച്ചു. റിയാദ് രൂപത കേരളത്തിലെ എല്ലാ രൂപതകൾക്ക് ഓരോ വീൽചെയർ നല്കി. അതിന്റെ ഉദ്ഘാടനകർമ്മം ഈ സമ്മേളനത്തിൽ മാർ റാഫേൽ തട്ടിൽ പിതാവ് തലശ്ശേരി അതിരൂപത മാതൃവേദി ഡയറക്ടർക്ക് നല്കി നിർവ്വഹിച്ചു.

### (g) കെസിബിസി വനിതാ കമ്മീഷൻ സെമിനാർ

പാലാരിവട്ടം പിഒസിയിൽ വച്ച് നടന്ന കെസിബിസി വനിതാ കമ്മീഷന്റെ ത്രിദിന പഠനക്യാമ്പിൽ അതിരൂപതാ ഭാരവാഹികൾ ആയ ശ്രീമതി ഡിംപിൾ ജോസ് കൂട്ടുങ്കൽ, ശ്രീമതി പ്രസന്ന മാങ്ങാട്ട്, ശ്രീമതി മേരികുട്ടി തോപ്പുകാലായിൽ എന്നിവർ പങ്കെടുത്തു.

### (h) വിവിധതരം മത്സരങ്ങൾ

#### 1. ഗ്രാന്റ് പേരൻസ് ഡേ ഫോട്ടോ മത്സരം

മക്കളും കൊച്ചുമക്കളും കുടുംബസമേതം തങ്ങളുടെ ഗ്രാന്റ് പേരൻസിനെ ആദരിക്കൽ ഫോട്ടോ മത്സരത്തിൽ 40 പേർ പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സമ്മാനം : ജീന പെരുമ്പള്ളിൽ – കൊളക്കാട്

രണ്ടാം സമ്മാനം : സജിന കല്ലുങ്കൽ - രാജമുടി
മൂന്നാം സമ്മാനം : ഷൈനി പാലമറ്റം - പാടാൻകവല

**2. വി. അൽഫോൻസാമ്മ വീഡിയോ മത്സരം**

വി. അൽഫോൻസാമ്മയുടെ തിരുനാൾ ദിനത്തോടനുബന്ധിച്ച് അമ്മയുടെ വേഷം ധരിച്ച് അമ്മ പറഞ്ഞ സൂക്തങ്ങൾ പ്രഘോഷിക്കുന്നതിന്റെ വീഡിയോ മത്സരം. 75 ഓളം അമ്മമാർ പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സമ്മാനം : നവ്യ നവീൻ - പൈസക്കരി
രണ്ടാം സമ്മാനം : റോണി കീച്ചേരിയിൽ - പൂളക്കുറ്റി
മൂന്നാം സമ്മാനം : സിനി ആനിതോട്ടത്തിൽ - കരിക്കോട്ടക്കരി

**3. ദിവ്യകാരുണ്യ ചിത്രരചനാമത്സരം**

ദിവ്യകാരുണ്യവർഷത്തോടനുബന്ധിച്ച് ജൂലൈ മാസത്തിൽ നടത്തിയ ദിവ്യകാരുണ്യചിത്രരചനാ മത്സരത്തിൽ 50 ലേറെ പേർ പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സമ്മാനം : റീന തുളിശ്ശേരിയിൽ - വെള്ളരിക്കുണ്ട്
രണ്ടാം സ്ഥാനം : സിസിലി കുമ്പളാനിക്കൽ - കടുമേനി
മൂന്നാം സ്ഥാനം : ജിസ്മി പുത്തൻപുരയിൽ - ലിസ്സിഗിരി

**4. മികച്ച മേഖലകൾ, യൂണിറ്റുകൾ**

2023 ജൂൺ മുതൽ ഡിസംബർ വരെയുള്ള പ്രവർത്തനങ്ങളെ വിലയിരുത്തി കണ്ടെത്തിയതിൽ സമ്മാനർഹരായവർ.

**സമ്മാനർഹരായ മേഖലകൾ**

ഒന്നാം സ്ഥാനം - മേരിഗിരി
രണ്ടാം സ്ഥാനം - നെല്ലിക്കാംപൊയിൽ
മൂന്നാം സ്ഥാനം - മണിക്കടവ്

**സമ്മാനർഹരായ യൂണിറ്റുകൾ**

**200-ൽ താഴെ കുടുംബങ്ങളുള്ള യൂണിറ്റുകളിൽ**

ഒന്നാം സ്ഥാനം - ഹൊസങ്കടി
രണ്ടാം സ്ഥാനം - കാഞ്ഞിരക്കൊല്ലി
മൂന്നാം സ്ഥാനം - വട്ടിയറ

**സമ്മാനർഹരായ യൂണിറ്റുകൾ**

**200-നു മുകളിൽ കുടുംബങ്ങളുള്ള യൂണിറ്റുകളിൽ**

ഒന്നാം സ്ഥാനം - പെരുമ്പടവ്
രണ്ടാം സ്ഥാനം - കച്ചേരിക്കടവ്

മൂന്നാം സ്ഥാനം - മണിക്കടവ്
മൂന്നാം സ്ഥാനം - പയ്യാവൂർ

i) **ദിവ്യകാരുണ്യവർഷ ജീവകാരുണ്യ പ്രവർത്തനം (മിസരിക്കോർദിയ)**
സെപ്റ്റംബർ 5 - മലബാർ ചാരിറ്റബിൾ ട്രസ്റ്റ്, ചായോത്ത്

j) **ദിവ്യകാരുണ്യ വർഷ ജ്വാല**

- സെപ്റ്റംബർ 11 - ആലക്കോട്
- സെപ്റ്റംബർ 12 - നെല്ലിക്കാംപൊയിൽ
- സെപ്റ്റംബർ 17 - മണിക്കടവ്

k) **ദിവ്യകാരുണ്യ ഓൺലൈൻ ആരാധന**

- ആഗസ്റ്റ് 23ന് ദിവ്യകാരുണ്യവർഷ പ്രതിമാസ ഓൺലൈൻ ആരാധന നടത്തി.

**അടുത്ത മാസത്തെ ഓൺലൈൻ ആരാധന**

- സെപ്റ്റംബർ 27 - 8.00 pm - 09.00 pm

l) **സെപ്റ്റംബർ മാസത്തെ മാർഗ്ഗരേഖ**

1 - എട്ട് നോമ്പാരംഭം. എട്ടു നോമ്പെടുത്ത് ഈ ദിവസങ്ങളിൽ വി. കുർബ്ബാനയിൽ സംബന്ധിക്കുക.

5 - അധ്യാപകദിനം - അധ്യാപകരെ ആദരിക്കൽ (നിലവിലുള്ള അധ്യാപകർ, വിരമിച്ചവർ) - സ്കൂളുകൾ സന്ദർശിച്ചും വിശ്രമിക്കുന്നവരെ വീടുകളിൽ പോയും ആദരിക്കുക.

- മദർ തെരേസയുടെ തിരുനാൾ. മദർതെരേസയായി വേഷവിധാനം ചെയ്ത് മദർതെരേസയുടെ വാക്കുകൾ കോർത്തിണക്കി 2 മിനിറ്റ് ദൈർഘ്യമുള്ള ഒരു വീഡിയോ സന്ദേശം സെപ്റ്റംബർ 5ന് 4pm നു മുമ്പായി 9400206974 എന്ന നമ്പറിലേക്ക് അയക്കുക.

അതിരൂപതാതല ജീവകാരുണ്യപ്രവർത്തനം മലബാർ ചാരിറ്റബിൾ ട്രസ്റ്റ് @ ചായോത്ത്.

8 - പരി. അമ്മയുടെ പിറന്നാൾദിനത്തിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ച് വി. ബലിയർപ്പണത്തിൽ പങ്കുചേരുക. അന്നേ ദിവസം പള്ളിയിൽ വരുന്നവർക്ക് മധുര പലഹാരങ്ങൾ വിതരണം ചെയ്യുക. അംഗത്വസ്വീകരണവും നവീകരണവും നടത്തുക.

10 - ലോക ആത്മഹത്യാ വിരുദ്ധ ദിനത്തിൽ ആത്മഹത്യ : തിരുത്താനാത്ത അവിവേകം എന്ന വിഷയത്തെക്കുറിച്ച് വെബിനാർ @ 8.00 pm

14 - വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ. ഭവനങ്ങളിൽ കുരിശുരൂപം അലങ്കരിച്ച് പ്രതിഷ്ഠിക്കുക.

15 – അന്താരാഷ്ട്ര ജനാധിപത്യദിനത്തിൽ ഇന്ത്യയിൽ ജനാധിപത്യ മൂല്യങ്ങൾ സംരക്ഷിക്കപ്പെടാനായി പ്രാർത്ഥിക്കുക.

16 – ജ്വാല @ നെല്ലിക്കാംപൊയിൽ

17 – ജ്വാല @ മണിക്കടവ്

21 – വി. മത്തായിയുടെ തിരുനാൾ – മത്തായി നാമധാരികൾക്ക് ആശംസ നേരുക. വി. മത്തായിയുടെ സുവിശേഷം ഒരധ്യായം വായിക്കുന്നു. ഒരു വചനം പറഞ്ഞ് വാട്സാപ്പ് സ്റ്റാറ്റസ് ഇടുക. അന്താരാഷ്ട്ര സമാധാനദിനത്തിൽ ലോക സമാധാനത്തിനുവേണ്ടി സമാധാന പ്രാർത്ഥന ചൊല്ലി കാഴ്ച വയ്ക്കുക.

27– വി. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ – വിശുദ്ധന്റെ മാദ്ധ്യസ്ഥ്യം തേടി പ്രാർത്ഥിക്കുകയും ഇടവകയിലെ ഏറ്റവും പാവപ്പെട്ട ഒരു കുടുംബത്തിന് സഹായം എത്തിക്കുകയും ചെയ്യുക. അന്താരാഷ്ട്ര വിനോദയാത്രാ ദിനത്തിൽ മേഖലാ തലത്തിൽ വിനോദയാത്രകൾ സംഘടിപ്പിക്കുക.

– ദിവ്യകാരുണ്യ വർഷ ഓൺലൈൻ ആരാധന, സന്ദേശം (8.00pm –9.00pm)

28– ജ്വാല @ പൈസക്കരി

29– മുഖ്യദൂതൻമാരുടെ തിരുനാൾദിനം അവരുടെ മാധ്യസ്ഥ്യം തേടി പ്രത്യേകമായി പ്രാർത്ഥിക്കുക. നമ്മുടെ ആർച്ചുബിഷപ്പിന് ആശംസകൾ നേർന്നുകൊണ്ട് ആശംസാകാർഡ് തയ്യാറാക്കുക.

ലോക ഹൃദയദിനത്തിൽ ഹൃദ്രോഗികൾക്കായി പ്രാർത്ഥിക്കുകയും ഹൃദയാരോഗ്യം സംരക്ഷിക്കണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് മേഖലാ തലത്തിൽ സെമിനാർ സംഘടിപ്പിക്കുകയും ചെയ്യുക.

**പ്രത്യേക പ്രവർത്തനങ്ങൾ**

- **ദിവ്യകാരുണ്യ പൂക്കളനിർമ്മാണ മത്സരം** – ദിവ്യകാരുണ്യത്തിന്റെ അതിമനോഹരമായ പൂക്കളം (പൂക്കളും മറ്റു വസ്തുക്കളും ഉപയോഗിക്കാം) 5 പേരിൽ കുറയാത്ത ടീമായി ചേർന്ന് നിർമ്മിക്കുക. 30നു മുമ്പായി 9400206974 എന്ന നമ്പറിലേക്ക് അയക്കുക.
- യൂണിറ്റ് മേഖലാതല സാഹിത്യകലാമത്സരങ്ങൾ സെപ്റ്റംബർ 25–നുള്ളിൽ നടത്തി 28ന് മുമ്പ് അതിരൂപതയിൽ വിജയികളുടെ പേര് ഏൽപ്പിക്കുക.
- വീട്ടിലൊരു പച്ചക്കറിത്തോട്ടം ആരംഭിക്കുക. നൂതന കൃഷിരീതികൾ പരിചയപ്പെടുത്തുന്ന വെബിനാർ ഫൊറോന തലത്തിൽ സംഘടിപ്പിക്കുക.

## III. ഡയറക്ടേഴസ് & ആനിമേറ്റേഴ്സ് മീറ്റ്

ആഗസ്റ്റ് 20ന് ചെമ്പേരി എഞ്ചിനിയറിഗ് കോളേജിൽ വെച്ച് 'ഫാമിലി കൊയ്നോണിയ' എന്ന പേരിൽ നടത്തിയ ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ് മീറ്റിംഗിൽ അതിരൂപത ഡയറക്ടറച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു.

വെരി റവ. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അധ്യക്ഷത വഹിച്ച യോഗം വെരി റവ. മോൺ. ആന്റണി മുതുകുന്നേൽ ഉദ്ഘാടനം ചെയ്തു. ഗ്രൂപ്പ് ചർച്ചയും റിപ്പോർട്ട് അവതരണവും ഉണ്ടായിരുന്നു. അതിരൂപതാ ആനിമേറ്റർ സി. ലിന്റ സിഎച്ച്എഫ് നന്ദിയും പറഞ്ഞു. 120 ഓളം പേർ മീറ്റിംഗിൽ പങ്കെടുത്തു.

ആഗസ്റ്റ് 31 ന് കാസർഗോഡ് റീജണിലുള്ള മേഖല ഡയറക്ടർമാർ, ആനിമേറ്റർമാർ എന്നിവരുടെ സംഗമം പടന്നക്കാട് വെച്ച് നടത്തി.

## IV. ഗ്രാന്റ് പേരൻസ് ഡേ ആഘോഷം

മാർപാപ്പ ആഹ്വാനം ചെയ്ത ഗ്രാന്റ് പേരൻസ് ഡേ ആഘോഷം അതിരൂപതാതലത്തിൽ പൈസക്കരി മേഖലയിലെ ചന്ദനയ്ക്കാംപാറ ഇടവകയിൽ വെച്ച് സമുചിതമായ രീതിയിൽ ആഘോഷിച്ചു. വി. കുർബ്ബാന, കുമ്പസാരം, ആദരിക്കൽ, സ്നേഹവിരുന്ന് എന്നിവ ഈ സംഗമത്തിന് കൂടുതൽ ഉണർവേകി. അതിരൂപത ഡയറക്ടർ വി. കുർബ്ബാനയർപ്പിച്ച് സന്ദേശം നല്കുകയും, ഫൊറോന ഡയറക്ടർ ആശംസകൾ അർപ്പിക്കുകയും ചെയ്തു. മേഖലാ ടീമിന്റെ നേതൃത്വത്തിൽ ചന്ദനയ്ക്കാംപാറ യൂണിറ്റ് പരിപാടികൾ സംഘടിപ്പിച്ചു. 47 ഓളം പേർ ഈ സ്നേഹസംഗമത്തിൽ പങ്കെടുത്തു.

## V. സീറോമലബാർ മാട്രിമോണി

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തുകൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക.

Phone : **9400206974, 8078122191.**

## VI. പ്രശാന്തി കൗൺസിലിംഗ് സെന്റർ

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ ശാക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്. Phone : **9400206974, 8078122191.**

## VII. അമല പ്രോലൈഫ്

2024 ആഗസ്റ്റ് 15 ന് വൈകുന്നേരം 4.45 ന് അമല പ്രൊലൈഫ് എക്സിക്യുട്ടീവ് മീറ്റിംഗ് എംഎസ്എംഐ നവദർശൻ സെന്ററിൽ വച്ച് നടത്തപ്പെട്ടു. ബഹു. ഡയറക്ടർ ദിവ്യകാരുണ്യ ആരാധനയ്ക്ക് നേതൃത്വം നല്കി. ആരാധനയ്ക്കുശേഷം മീറ്റിംഗ് ആരംഭിച്ചു. സി. സ്റ്റെല്ല എല്ലാവരെയും സ്വാഗതം

ചെയ്തു സംസാരിച്ചു. ഫാ. ജോബി കോവാട്ട്, സി. ലിന്റ സിഎച്ച്എഫ്, ബ്രദർ നിഖിൽ, സി. സ്റ്റെല്ല എംഎസ്എംഐ, ശ്രീ. സെലസ്റ്റിൻ വടക്കേൽ, സണ്ണി ആശാരിപ്പറമ്പിൽ, ടോമി ഓലിക്കൽ, ലോറൻസ് കടിക്കാട്ട്, സിജി, റോബിൻ, ഡിംപിൾ ജോസ് എന്നിവർ പങ്കെടുത്തു. ബഹു. ഡയറക്ടർ അച്ചന്റെ അധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിൽ പ്രധാന വിഷയങ്ങൾ ചർച്ച ചെയ്ത തീരുമാനങ്ങളെടുത്തു.

## VIII. സഖറിയാസ് കൺവെൻഷൻ

മാനന്തവാടി രൂപതയിലെ ചുങ്കക്കുന്ന് ഫൊറോനയിലെ 10 ഇടവകകളിൽ നിന്നായി 60 വയസ്സിന് മുകളിൽ ഉള്ളവർക്കായി സഖറിയാസ് കൺവെൻഷൻ നടത്തി. വിവിധ ഇടവകകളിൽ നിന്ന് 750 ഓളം അപ്പച്ചന്മാരും അമ്മച്ചിമാരും ഈ കൺവെൻഷനിൽ പങ്കെടുത്തു. ഡയറക്ടർ അച്ചൻ അവർക്ക് വി. കുർബാന അർപ്പിച്ച് ക്ലാസ് നല്കി.

ജൂലൈ 25, 30, ആഗസ്റ്റ് 5 എന്നീ തീയതികളിലായി രാജപുരം, അങ്ങാടിക്കടവ്, എടൂർ എന്നീ യൂണിറ്റുകളിൽ സഖറിയാസ് കൺവെൻഷൻ നടത്തപ്പെട്ടു. വചനപ്രഘോഷണം, വി. കുർബ്ബാന, ആരാധന, കുമ്പസാരം, സ്നേഹവിരുന്ന്, ക്ലാസ് എന്നിവ നടത്തി.

ആഗസ്റ്റ് 26, 27, 28 തീയതികളിലായി മേരിഗിരി ഫൊറോനാതല സഖറിയാസ് കൺവെൻഷൻ നടത്തി.

## IX. പ്രോലൈഫ് മാരേജ് ബ്യൂറോ

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ: പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജി.ഫീ 500 രൂപ നാല് മാസത്തേക്ക്. Web Site: www.prolifemarry.com

**X. ഫാമിലി അപ്പൊസ്റ്റോലേറ്റിന്റെ** Mail ID: familytly92@gmail.com
Web Site: www.familytly.com

**റവ. ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

**അധ്യാപകദിനം**

സെപ്റ്റംബർ 5-ാം തീയതി അധ്യാപക ദിനമായി ആചരിക്കുക യാണല്ലോ. പി.ടി.എ യുടെ നേതൃത്വത്തിൽ സ്കൂളുകളിൽ അധ്യാപ കദിനം ഭംഗിയായി ആചരിക്കണം. എല്ലാ അധ്യാപകർക്കും എന്റെ ഹൃദയം നിറഞ്ഞ അധ്യാപകദിനാശംസകൾ. സെപ്റ്റംബർ 5-ാം തീയതി എല്ലാവരെയും സമർപ്പിച്ച് വിശുദ്ധബലി അർപ്പിച്ച് പ്രാർത്ഥി ക്കുന്നതാണ്. സ്കൂളിനും വിദ്യാർത്ഥികൾക്കും വേണ്ടിയുള്ള നിങ്ങ ളുടെ സ്വപ്നങ്ങളും കഠിനാദ്ധ്വാനവും യാഥാർത്ഥ്യമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പ്രിയപ്പെട്ട അധ്യാപകരെ മനുഷ്യ സംസ്ക്കാരത്തെ നിർമ്മിക്കു കയും നവീകരിക്കുകയും ചെയ്യുകയാണ് നിങ്ങൾ. നമ്മുടെ സമൂ ഹത്തെ കുറേക്കൂടി നന്മകളാൽ വളർത്താൻ ഗുരുഭൂതർക്ക് കഴിയും. അധ്യാപകദിനം ഗുരുക്കന്മാരെ ആദരിക്കാനുള്ള ദിനമാണ്. ആദര വിന്റെ ഒരു സംസ്ക്കാരം ചിലപ്പോഴെങ്കിലും നാം അറിയാതെ നഷ്ട മാകുന്നുണ്ട്. റിട്ടയർ ചെയ്തവരും ഇപ്പോൾ ജോലി ചെയ്യുന്നവരുമായ ഗുരുക്കന്മാരിലൂടെ നമ്മുടെ സമൂഹത്തിനു വന്ന മാറ്റവും വളർച്ചയും വിദ്യാർത്ഥികളെ ബോധ്യപ്പെടുത്തണം. നഷ്ടമാകുന്ന ആദരവിന്റെ സംസ്കൃതി പുന:സ്ഥാപിക്കാൻ സഹപ്രവർത്തകരെക്കുറിച്ചും പ്രധാ നാധ്യാപകരെക്കുറിച്ചും വിദ്യാർത്ഥികളോട് ആദരവോടെ സംസാരി ക്കുകയും അവരുടെ നന്മ പറയുകയും അധ്യാപകരെ ബഹുമാനി ക്കാൻ കുട്ടികളെ പഠിപ്പിക്കുകയും ചെയ്യണം.

നമ്മുടെ സ്കൂളുകളിൽ നിന്ന് റിട്ടയർ ചെയ്ത അധ്യാപകരെ ഫോണിൽ വിളിച്ച് സ്നേഹാന്വേഷണങ്ങൾ നടത്താനും അവരുടെ അഡ്രസ്സും ഫോൺ നമ്പറും ഉൾപ്പെട്ട രജിസ്റ്റർ സ്കൂളിൽ സൂക്ഷി ക്കാനും ശ്രദ്ധിക്കണം.

അധ്യാപകദിനം പുനരർപ്പണത്തിനുള്ള അവസരം കൂടിയാണ്. എല്ലാ അധ്യാപകരും ആത്മപരിശോധന നടത്തേണ്ട ദിനം. തങ്ങളുടെ

ഉത്തരവാദിത്വങ്ങൾ യഥാസമയം ഭംഗിയായി നിറവേറ്റാൻ കഴിയുന്നുണ്ടോ എന്ന് ചിന്തിക്കണം. നല്ല ഗുരുഭൂതരുടെ കീഴിൽ വിദ്യ അഭ്യസിക്കാനാണ് ശിഷ്യർക്ക് താൽപര്യം. നിങ്ങൾക്കെല്ലാവർക്കും വിദ്യാർത്ഥികളുടെ മനസ്സിൽ 'നല്ല' എന്ന വിശേഷണം ലഭിക്കട്ടെ എന്നാണ് എന്റെ ആശംസയും പ്രാർത്ഥ നയും.

## മെയിന്റനൻസ് ഗ്രാന്റ്

മുൻ വർഷങ്ങളിലെ തുക ലഭിച്ചില്ലെങ്കിലും ഈ വർഷവും മെയിന്റനൻസ് ഗ്രാന്റിന് അപേക്ഷ നൽകണം. പ്രൊപ്പോസൽ നൽകുന്നതോടനുബന്ധിച്ച് പ്രധാന അധ്യാപകർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ താഴെ കൊടുക്കുന്നു. വിശദമായ കാര്യങ്ങൾ കെ.ഇ. ആർ അധ്യായം XXVIII ൽ വ്യക്തമാക്കിയിട്ടുണ്ട്:

1) സെപ്റ്റംബർ 10-ാം തീയതിക്ക് മുമ്പായി മെയിനന്റനൻസ് ഗ്രാന്റിനുള്ള പ്രൊപ്പോസൽ തയാറാക്കി കോർപ്പറേറ്റ് ഓഫീസിൽ നല്കണം.

2) പ്രൊപ്പോസലിൽ ഉൾപ്പെടുത്തേണ്ട രേഖകൾ:

| | | |
|---|---|---|
| A. Maintenance Grant Application (Form 28) | - | 4 എണ്ണം വീതം |
| B. Expenture Statement (Form -29) | - | 4 എണ്ണം വീതം |
| C. Property Statement - (Form -10) | - | 2 എണ്ണം വീതം |
| D. Audit Certififcate | - | 4 എണ്ണം വീതം |

3) കെ.ഇ.ആർ പ്രകാരം 20000 രൂപയിലധികം ഗ്രാന്റ് ലഭിച്ച വിദ്യാലയങ്ങൾ മുൻവർഷത്തെ Expenture Statement ഓഡിറ്റു ചെയ്യണം. ഈ നിർദേശത്തിന് ഭേദഗതി വന്നിട്ടില്ല. ഓഡിറ്റ് ചെയ്യാതെ അപേക്ഷ കൊണ്ടുവരരുത്.

4) മെയിനന്റനൻസ് ഗ്രാന്റ് പ്രൊപ്പോസലിലെ എല്ലാ ഫോമുകളിലും ഒരേ തീയതിയായിരിക്കണം.

5) അക്കാദമിക് വർഷത്തിന്റെ അവസാന ദിവസങ്ങളിലാണ് മെയിന്റനൻസ് ഗ്രാന്റ് അനുവദിച്ചുകൊണ്ട് വിദ്യാഭ്യാസ ഓഫീസർമാർ ഉത്തരവ് പുറപ്പെടുവിക്കുന്നത്. തുടർന്ന് ബിൽ സബ്മിറ്റ് ചെയ്ത് ട്രഷറിയിൽ നിന്ന് മാർച്ച് 31നു മുമ്പ് തുക ലഭിക്കാൻ ബുദ്ധിമുട്ടാണ്. അതിനാൽ പ്രധാന അധ്യാപകർ മെയിന്റനൻസ് ഗ്രാന്റ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് വിദ്യാഭ്യാസ ഓഫീസിൽ നിന്ന് വളരെ നേരത്തെ ലഭിക്കുന്നതിന് പരിശ്രമിക്കണം.

6) മെയിന്റനൻസ് ഗ്രാന്റിന്റെ അനുവദിക്കപ്പെട്ട ഉത്തരവ് സ്കൂളിലാണ് ലഭിക്കുന്നതെങ്കിൽ ഉടൻ തന്നെ അതിന്റെ ഒറിജിനൽ കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കണം. കോപ്പി സ്കൂളിൽ സൂക്ഷിക്കണം.

7) മുൻവർഷങ്ങളിലെ മെയിന്റനൻസ് ഗ്രാന്റ് തുക ലഭിച്ചിട്ടില്ലെങ്കിൽ അത് കൃത്യമായി ലഭ്യമാക്കാൻ പ്രധാന അധ്യാപകർ പരിശ്രമിക്കണം. കോർപ്പ

റേറ്റ് ഓഫീസിൽ നിന്ന് റിമൈൻഡർ ലെറ്ററുകൾ വാങ്ങിച്ച് വിദ്യാഭ്യാസ ഓഫീസിൽ കൊടുക്കണം.

8) മെയിന്റനൻസ്ഗ്രാന്റ് തുക വിനിയോഗിക്കുമ്പോൾ കെ.ഇ.ആർ. അധ്യായം XXVIII ലെ നിർദേശങ്ങൾക്കനുസൃതമായിരിക്കണം. സ്കൂളിലെ ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾ, ചുറ്റുമതിൽ, ഗെയിറ്റ്, കിണർ, കളിസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണത്തിന്, ഇലക്ട്രിക്കൽ ഫിറ്റിങ്ങ്സ്, ഗ്ലോബ്, ചാർട്ടുകൾ, ചോക്ക്, ക്ലീനിങ്ങ് മെറ്റീരിയൽ, രജിസ്റ്ററുകൾ, എന്നിവ വാങ്ങുന്നതിന് മെയിന്റനൻസ് ഗ്രാന്റ് തുക ഉപയോഗിക്കാം.

9) മെയിന്റനൻസ് ഗ്രാന്റ് രജിസ്റ്റർ സ്കൂളിൽ കൃത്യതയോടെ ഭംഗിയായി സൂക്ഷിക്കണം.

10) മാനേജരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് എല്ലാ സ്കൂളിനും ഉണ്ട്. അത് ക്ലോസ് ചെയ്യരുത്. അതിലേക്കാണ് ഫണ്ട് നൽകുന്നത്. ഈ അക്കൗണ്ടിൽ മെയിന്റനൻസ് ഗ്രാന്റ് ലഭിക്കുമോയെന്ന് അന്വേഷിക്കുക. പ്രസ്തുത അക്കൗണ്ടിലേക്ക് മെയിന്റനൻസ് ഗ്രാന്റ് ലഭിക്കുവാനുള്ള നടപടികൾ ആരംഭിക്കണം.

11) അതതു അക്കാദമിക് വർഷം തന്നെ മെയിന്റനൻസ് ഗ്രാന്റ് തുക ലഭ്യമാക്കുന്നതിന് പ്രധാന അധ്യാപകരുടെ സത്വരശ്രദ്ധയുണ്ടാകണം. കോർപ്പറേറ്റ് ഓഫീസിൽ അവസാന നിമിഷം പ്രൊപ്പോസൽ എത്തിക്കുന്ന പ്രവണത ഒഴിവാക്കണം.

**ഗുരുസാദരം**

തലശ്ശേരി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിവിധ വിദ്യാലയങ്ങളിൽ നിന്നും വിരമിച്ച തലശ്ശേരി അതിരൂപതാംഗങ്ങളായ ചെറുപുഴ, തോമാപുരം റീജിയണിലെ എല്ലാ അധ്യാപക അനധ്യാപകരുടെയും സംഗമവും **(ഗുരുസാദരം)** അധ്യാപകദിനാചരണവും 2024 സെപ്റ്റംബർ 3 ചൊവ്വാഴ്ച രാവിലെ 9.30 ന് പാലാവയൽ സെന്റ് ജോൺസ് ഹൈസ്കൂൾ ഓഡിറ്റോറിയത്തിൽ വെച്ചും ചെമ്പേരി റീജിയണിലെ വിരമിച്ച എല്ലാ അധ്യാപക അനധ്യാപകരുടെയും സംഗമം 2024 സെപ്റ്റംബർ 14 ശനിയാഴ്ച രാവിലെ 9.30 ന് വിമൽജ്യോതി ഓഡിറ്റോറിയത്തിൽ വെച്ചും നടത്തപ്പെടുന്നു.

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

# നിർമലഗിരി കോളേജ്
## കൂത്തുപറമ്പ്

### The success Spark

നിർമ്മലഗിരി കോളേജിലെ വനിതാ സെൽ, IQAC എന്നിയുടെ സഹകരണത്തോടെ, I DC, II DC, III DC വിദ്യാർത്ഥികൾക്കായി 2024 ഓഗസ്റ്റ് 5, 6 തീയതികളിൽ 'ദി സക്സസ് സ്പാർക്ക്' എന്ന പേരിൽ ഒരു മോട്ടിവേഷണൽ ടോക്ക് സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം കോളേജ് പ്രിൻസിപ്പൽ ഡോ. സെബാസ്റ്റിൻ ടി.കെ., ഐ.ക്യു.എ.സി. കോ-ഓർഡിനേറ്റർ റവ. ഡോ. മാർട്ടിൻ ജോസഫ് റിസോഴ്സ് പേഴ്സനെ പരിചയപ്പെടുത്തി. വനിതാ സെൽ കൺവീനർ ഡോ. സി. സുജാമോൾ ജോസഫ് സ്വാഗതം പറഞ്ഞു. മോട്ടിവേഷണൽ സെഷനുകൾ നയിച്ചത് മനഃശാസ്ത്രജ്ഞനും സോഫ്റ്റ് സ്കിൽ ട്രെയിനറുമായ ശ്രീ. പ്രദീപൻ മാലോത്ത് ആണ്.

### സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ

ഹിസ്റ്ററി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിനാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. ഓഗസ്റ്റ് 12 മുതൽ 16 വരെ നീണ്ടുനിന്ന പ്രോഗ്രാമിൽ, പ്രസംഗ മത്സരം, ചിത്ര രചന, ദേശഭക്തി ഗാനം, ഡോക്യുമെന്ററി, ക്വിസ് എന്നീ മത്സരങ്ങൾ നടത്തപ്പെട്ടു. വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങളും നല്കപ്പെട്ടു. ഡോ. ടി.കെ. സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്ത പ്രോഗ്രാമിൽ ഐ ക്യു എ സി കോർഡിനേറ്റർ റവ. ഡോ. മാർട്ടിൻ ജോസഫ്, റവ. ഡോ. ജോബി ജേക്കബ്, ഇക്കണോമിക്സ് വിഭാഗം അധ്യാപകൻ ശ്രീ. മനു കെ.എം. എന്നിവർ സംസാരിച്ചു.

### വർക്ക് ഷോപ്പ് സംഘടിപ്പിച്ചു

AI Tools in Education എന്ന വിഷയത്തിൽ വർക്ക് ഷോപ്പ് ഓഗസ്റ്റ് 16 ന് ഐക്യുഎസി യുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. തേവര സേക്രട്ട് ഹാർട്ട് കോളേജ് ഇംഗ്ലീഷ് വിഭാഗം പ്രൊഫസർ റവ. ഡോ. സാബു കുമ്പുക്കൽ നേതൃത്വം നൽകി.

അന്താരാഷ്ട്ര ഫോക് ലോർ ദിനത്തോട് അനുബന്ധിച്ച് മലയാള വിഭാഗത്തിന്റെയും ഐക്യുഎസിയുടെയും നേതൃത്വത്തിൽ 'ജീവിത ശൈലിയും ആയുർവേദവും' എന്ന വിഷയത്തിൽ ഏകദിന സെമിനാറും, ഭക്ഷണമേളയും സംഘടിപ്പിച്ചു. പെരുമ്പുന്ന അർച്ചന ഹോസ്പിറ്റൽ ഡോ. ജിജി വർഗീസ് BAMS സെമിനാറിന് നേതൃത്വം നൽകി.

സ്ത്രീ അനുഭവമെഴുത്ത് എന്ന വിഷയത്തെകുറിച്ച് മലയാള ത്തിലെ പ്രശസ്ത എഴുത്തുകാരി എച്ചുമുക്കുട്ടി സംസാരിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. ടി. കെ. സെബാസ്റ്റ്യൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ വകുപ്പ് അധ്യക്ഷ ഡോ. ദീപമോൾ മാത്യു സ്വാഗത വും മാളവിക വിനോദ് നന്ദിയും ആശംസിച്ചു.

**പി ആർ ഒ**
നിർമലഗിരി കോളേജ്

## മരിയൻ പിൽഗ്രിം മിനിസ്ട്രി

തലശ്ശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ വിശുദ്ധ നാട് തീർത്ഥാടനം (ജോർദ്ദാൻ, ഇസ്രായേൽ, പാലസ്തീൻ, ഈജിപ്ത്) 2024 നവംബർ 12 മുതൽ 23 വരെയും, യൂറോപ്പ് മരിയൻ തീർത്ഥാടനം (ഇറ്റലി, വത്തിക്കാൻ, ഫ്രാൻസ്, സ്പെയിൻ, ജർമ്മനി, സ്വിറ്റ്സർലൻഡ്, പോർച്ചുഗൽ) 2024 ഒക്ടോബർ 20 മുതൽ നവംബർ 4 വരെയും ക്രമീകരിക്കുന്നു. യാത്രകളെക്കുറിച്ച് കൂടുതൽ അറിയാനും സീറ്റുകൾ ബുക്ക് ചെയ്യുന്നതിനും 7306266198, 9447301718 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**ഫാ. ജോർജ് വെള്ളരിങ്ങാട്ട്**
**ഡയറക്ടർ, മരിയൻ വെള്ളരിങ്ങാട്ട്**

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

### കോളേജ് സന്ദർശിച്ച് മേജർ ആർച്ച് ബിഷപ്പ്

സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവും ഒമ്പതോളം പിതാക്കന്മാരും ഓഗസ്റ്റ് പതിനാലാം തീയതി ഉച്ചക്ക് 12.00 മണിക്ക് കോളേജ് സന്ദർശിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ. ബെന്നി ജോസഫ് സാറിനെയും സ്റ്റാഫ് അംഗങ്ങളെയും മാനേജ്മെന്റിനെയും കണ്ട് സംസാരിക്കുകയും ചെയ്തു.

### പ്ലേസ്മെന്റ് വാർത്തകൾ May 2024

- മംഗലാപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന പ്രമുഖ ITES കമ്പനിയായ GLOWTOUCH TECHNOLOGIES നടത്തിയ ക്യാമ്പസ് റിക്രൂട്ട്മെന്റിലൂടെ വിമൽജ്യോതിയിൽ നിന്നും 2024 അധ്യയന വർഷത്തിൽ പഠനം പൂർത്തിയാക്കിയ 6 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. പ്രതിവർഷം 3 ലക്ഷത്തോളം രൂപ ശമ്പളം വാഗ്ദാനം ചെയ്യുന്നു.
- പ്രോഡക്റ്റ് ഡെവലപ്മെന്റ് കമ്പനിയായ KOTTACKAL BUSINESS SOLUTIONS നടത്തിയ റിക്രൂട്ട്മെന്റിൽ പങ്കെടുത്ത 2 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. വിദ്യാർത്ഥികൾ സെപ്റ്റംബർ ആദ്യ വാരത്തിൽ ജോലിയിൽ പ്രവേശിക്കണം.
- ഇന്ത്യയിൽ നിന്നുള്ള മൾട്ടി നാഷണൽ IT കമ്പനിയായ TCS നടത്തിയ റിക്രൂട്ട്മെന്റിൽ 100 ൽ അധികം വിദ്യാർത്ഥികൾ പങ്കെടുത്തു. 20 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. TCS ഈ അധ്യയന വർഷത്തിൽ ഏറ്റവും അധികം കുട്ടികളെ ജോലിക്ക് തിരഞ്ഞെടുത്ത ക്യാമ്പസുകളിൽ ഒന്ന് വിമൽജ്യോതിയാണ് എന്നത് അഭിമാനാർഹമാണ്.

- ENTERPRISE MOBILITY SOLUTIONS മേഖലയിൽ പ്രവർത്തിക്കുന്ന അതിപ്രശസ്ത കമ്പനിയായ SOTI ജൂലൈ അവസാന വാരത്തിൽ നടത്തിയ റിക്രൂട്ട്മെന്റിൽ 120 അവസാന വർഷ വിദ്യാർത്ഥികൾ പങ്കെടുത്തു. സെക്ഷൻ ലിസ്റ്റ് ലഭ്യമായിട്ടില്ല. സെപ്റ്റംബർ പകുതിയോടെ സെക്ഷൻ പ്രോസസ്സ് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.
- 2025 അധ്യയന വർഷത്തിൽ പഠനം പൂർത്തിയാകുന്ന വിദ്യാർത്ഥികൾക്കുള്ള PLACEMENT ട്രെയിനിങ്, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലായി നടത്തപ്പെടുന്നു. അതുപോലെ ഈ വിദ്യാർത്ഥികൾക്കുള്ള GD, INTERVIEW TRAINING, RESUME BUILDING SESSIONS മുതലായവയും ഈ മാസങ്ങളിൽ നടത്തപ്പെടുന്നു.

## എം.ബി.എ. വാർത്തകൾ

വിമൽജ്യോതി എംബിഎ കോളേജിലെ രണ്ടാം സെമസ്റ്റർ വിദ്യാർത്ഥികൾ അവരുടെ ഇൻഡസ്ട്രി പരിശീലനത്തിന്റെ ഭാഗമായി 30 ദിവസത്തെ ഓർഗനൈസേഷൻ സ്റ്റഡി ആരംഭിച്ചു. കേരളത്തിന് അകത്തും പുറത്തും ഉള്ള വിവിധങ്ങളായ കമ്പനികളുടെ എല്ലാ ഡിപ്പാർട്ട്മെന്റുകളെയും പറ്റി വിശദമായ പഠനവും പരിശീലനവും ഈ കാലയളവിൽ വിദ്യാർഥികൾക്ക് ലഭിക്കുന്നതാണ്. പഠനത്തിലെ കണ്ടെത്തലുകളും നിർദേശങ്ങളും വിദഗ്ധ പാനലിന് മുൻപിൽ അവർ അവതരിപ്പിക്കുകയും റിപ്പോർട്ടുകൾ സമർപ്പിക്കുകയുംചെയ്യും.

കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനും താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക. **9497517396, 8111918367.**

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# സാൻജോസ് മെട്രോപോളിറ്റൻ അക്കാഡമി ഫോർ റിസേർച്ച് ആന്റ് ട്രെയിനിംഗ്

Ph: 8281750777, 8281730777; E-mail: sanjoseacademytly@gmail.com
ചെമ്പേരി, വെള്ളരിക്കുണ്ട്, ഇരിട്ടി

## IELTS, OET, UKVI

IELTS, OET, UKVI, തുടങ്ങിയ കോഴ്സുകളിലേക്കുള്ള പുതിയ ബാച്ചുകൾ എല്ലാ തിങ്കളാഴ്ചകളിലും ആരംഭിക്കുന്നു. ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്. കോഴ്സുകളെകുറിച്ച് കൂടുതൽ അറിയുവാനും അഡ്മിഷൻ എടുക്കുവാനും താഴെപ്പറയുന്ന നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

Ph : 82817507777, 8281730777

ഓൺലൈനായി അപേക്ഷിക്കാൻ വെബ്സൈറ്റ് സന്ദർശിക്കുക.

www.sanjoseacademy.in

**ജർമൻ**

ജർമൻ ഭാഷയുടെ സെപ്റ്റംബർ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ജർമൻ ഭാഷയുടെ പുതിയ ബാച്ചുകൾ എല്ലാ മാസവും 1-ാം തീയതി വിമൽജ്യോതി കോളേജിൽ ആരംഭിക്കുന്നു. അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ നേരത്തെ തന്നെ പേര് രജിസ്റ്റർ ചെയ്യുക. സാൻജോസ് അക്കാദമിയുടെ എല്ലാ കോഴ്സുകൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാണ്.

**ഫാ. സ്കറിയ വടശ്ശേരിൽ**
*ഡയറക്ടർ*

# ലെയ്റ്റി അപ്പൊസ്തൊലേറ്റ്
## എ. കെ. സി. സി.

### കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത ആഗസ്റ്റ് മാസത്തെ പ്രവർത്തന റിപ്പോർട്ട്

**അതിരൂപത എക്സിക്യൂട്ടീവ്**

ജൂലൈ 9 ന് എടൂർ ഫൊറോന പാരിഷ് ഹാളിൽ വെച്ച് കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. എടൂർ ഫൊറോന വികാരി വെരി റവ. ഫാ. തോമസ് വടക്കേമുറി യോഗം ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ ഡയറക്ടർ ഡോ. ഫിലിപ്പ് കവിയിൽ മുഖ്യഭാഷണം നടത്തി. രൂപതാ പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് അധ്യക്ഷത വഹിച്ചു. വിവിധ ഫൊറോനകളിലെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു.

**പ്രധാനപ്പെട്ട യോഗതീരുമാനങ്ങൾ**

1 അതിരൂപതാധ്യക്ഷന്റെ നിർദ്ദേശ പ്രകാരം, സമുദായത്തിന്റെ പത്രമായ ദീപികയുടെ സർക്കുലേഷൻ വർദ്ധിപ്പിക്കുന്നതിന് വേണ്ടി കത്തോലിക്ക കോൺഗ്രസ് ഇടവക തലത്തിൽ സജീവമായി പ്രവർത്തിക്കുവാൻ തീരുമാനിച്ചു.

2 വയനാട്, വിലങ്ങാട് എന്നിവിടങ്ങളിലെ പ്രകൃതി ദുരന്തബാധിതരെ സഹായിക്കുന്നതിനായി അതിരൂപതാ നിർദ്ദേശ പ്രകാരം ഇടവകയിൽ നടത്തുന്ന ഫണ്ട് ശേഖരണത്തിൽ കത്തോലിക്കാ കോൺഗ്രസ് പ്രവർത്തകർ ആത്മാർത്ഥമായി സഹകരിക്കാൻ തീരുമാനിച്ചു.

3 ഓഗസ്റ്റ് 17 കർഷക ദിനത്തിൽ അതിരൂപതയിലെ എല്ലാ ഇടവകകളിലും ഏറ്റവും നല്ല കർഷകരെ ആദരിക്കുന്നതിന് തീരുമാനിച്ചു.

**പൊതുപ്രവർത്തനങ്ങൾ**

**മെഡിക്കൽ ക്യാമ്പുകൾ**

മുള്ളേരിയ ഇടവകയിൽ (21 -7ന്) മെഡിക്കൽ ക്യാമ്പ് നടത്തി. അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് ഉദ്ഘാടനം ചെയ്തു. ബഹു. ഇടവക വികാരി ഷിൻസ് കുടിലിൽ അച്ചൻ പ്രസംഗിച്ചു.

കരുവഞ്ചാൽ സെന്റ് ജോസഫ് ഹോസ്പിറ്റലിന്റെ സഹകരണത്തോടെ (27-7ന്) കുടിയാൻമല ഇടവകയിലും ചെമ്പേരി ഇടവകയിലും നേത്ര പരിശോധന ക്യാമ്പും മെഡിക്കൽ ക്യാമ്പും നടത്തി. ചെമ്പേരി ലൂർദ് മാതാ ബസിലിക്ക റെക്ടർ വെരി റവ. ഡോ. ജോർജ് കാഞ്ഞിരക്കാട്ട് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. പോൾ വള്ളോപ്പള്ളി ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം, സെക്രട്ടറി സിജോ കണ്ണേഴത്ത് ചെമ്പേരി ഫൊറോന ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

ആലക്കോട്, തിരുമേനി ഇടവകകളിൽ ഡെങ്കിപ്പനി പ്രതിരോധ ഹോമിയോമരുന്ന് വിതരണം ചെയ്തു.

**വനം വന്യജീവി വകുപ്പിൽ നിന്ന് സഹായം**

കാസറഗോഡ് ഡിസ്ട്രിക്റ്റിൽ തയ്യേനി യൂണിറ്റിലെ കടന്നൽ കുത്തേറ്റ് നിര്യാതനായ വേളൂർ സണ്ണിയുടെ കുടുംബത്തിന് സർക്കാരിൽ നിന്നും ധനസഹായം നേടികൊടുക്കുന്നതിനായി പ്രവർത്തിച്ചു.

**പുളിങ്ങോം ആറാട്ട്കടവ് കുടിയിറക്ക് വിഷയം**

പുളിങ്ങോം ആറാട്ട്കടവ് കുടിയിറക്ക് വിഷയത്തിൽ അതിരൂപത പ്രസിഡന്റിന്റെ നേതൃത്വത്തിൽ സ്ഥലം സന്ദർശിച്ചു സ്ഥിതിഗതികൾ വിലയിരുത്തി. ഈ വിഷയം പൊതു സമൂഹത്തിന്റെ ശ്രദ്ധയിലേക്ക് കൊണ്ടുവരാൻ മാധ്യമ ഇടപെടലുകൾ നടത്തി.

**നിവേദനം**

ലൈവ് സ്റ്റോക്ക് ഫാമുകളുമായി ബന്ധപ്പെട്ട കർഷകർക്ക് പഞ്ചായത്തുകൾ നൽകുന്ന ലൈസൻസിൽ ഭേദഗതി വരുത്തിക്കൊണ്ട് സർക്കാർ ഇറക്കിയ പുതിയ വിജ്ഞാപനം റദ്ദാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കൃഷി മന്ത്രിക്കും ലൈവ്സ്റ്റോക്ക് ലൈസൻസ് നൽകുന്ന വിഭാഗത്തിനും നിവേദനം നൽകി.

**സംഘടന പ്രവർത്തനങ്ങൾ**

കാസർഗോഡ് ഫൊറോനയിൽ എല്ലാ ഇടവകകളിലും യൂണിറ്റ് സ്ഥാപിച്ച് സമ്പൂർണ്ണ കത്തോലിക്കാ കോൺഗ്രസ് ഫൊറോനയായി പ്രഖ്യാപിച്ചു. ഇതിനായി മുൻകൈയെടുത്ത് പ്രവർത്തിച്ച ഫൊറോന ഡയറക്ടർ റവ. ഫാ. ചാക്കോ കുടിപ്പറമ്പിലിനെ കൃതജ്ഞതയോടെ അനുമോദിക്കുകയും ഫൊറോന പ്രസിഡണ്ട് സ്റ്റീഫൻ കീച്ചേരികുന്നിലിനെ ആദരിക്കുകയും ചെയ്തു.

മൂവാറ്റുപുഴ നിർമല കോളേജിലും പൈങ്ങോട്ടൂർ സെൻറ് ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂളിലും ഒരു പ്രത്യേക വിഭാഗം പ്രാർത്ഥനാമുറി ആവശ്യപ്പെട്ട് കൊണ്ട് മതസൗഹാർദം തകർക്കാൻ ശ്രമിക്കുന്നതിനെ

തിരായി അതിരൂപത കമ്മറ്റി ശക്തമായ പ്രതിഷേധിക്കുകയും ഇത്തര ത്തിലുള്ള നടപടികൾ ഒരിക്കലും നടത്തുവാൻ അനുവദിക്കുകയില്ലെന്നു പ്രഖ്യാപിക്കുകയും ചെയ്തു.

**നെല്ലിക്കാംപൊയിൽ ഫൊറോന കമ്മിറ്റി**

അതിരൂപതാ ഭാരവാഹികളുടെ നേതൃത്വത്തിൽ നെല്ലിക്കാംപൊയിൽ ഫൊറോന സന്ദർശിക്കുകയും പുതിയ ഫൊറോന കമ്മിറ്റി രൂപീകരി ക്കുകയും ചെയ്തു. ഗ്ലോബൽ ഡയറക്ടർ ഡോ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ ഫൊറോന വികാരി വെരി റവ. ഫാ. ജോസഫ് കാവനാടി അധ്യക്ഷത വഹിക്കുകയും ഫൊറോന ഡയറക്ടർ റവ. ഫാ. ജോസ് കളരിക്കൽ മുഖ്യഭാഷണം നടത്തുകയും ചെയ്തു. സുരേഷ് കാഞ്ഞിരത്തിങ്കൽ, ബെന്നിച്ചൻ മഠത്തിനകം, ഷീജ കാറുകുളം, വർഗീസ് പള്ളിച്ചിറ, ജോർജ് കാനാട്ട് എന്നീ രൂപതാ ഭാരവാഹികൾ യോഗത്തിൽ സംബന്ധിച്ചു.


**നെല്ലിക്കാംപൊയിൽ ഫൊറോന ഭാരവാഹികൾ:**

തോമസ് വർഗീസ് വരമ്പുംങ്കൽ (പ്രസിഡണ്ട്), സ്കറിയ വലിയമറ്റം (സെക്രട്ടറി), ജോയ് പറപ്പള്ളിൽ (ട്രഷറർ), ജോയ് നെടുംകോട്ടായിൽ (വൈസ് പ്രസിഡണ്ട്), മേരിക്കുട്ടി വരിക്കാംതൊട്ടിയിൽ (വൈസ് പ്രസിഡണ്ട്), ബിജു കാഞ്ഞിരത്തംകുന്നേൽ (ജോ. സെക്രട്ടറി).

ചെമ്പേരി ലൂർദ് മാതാ ബസിലിക്ക പ്രഖ്യാപന ചടങ്ങിൽ കത്തോലിക്കാ കോൺഗ്രസ് ഡയറക്ടർമാരുടെയും അതിരൂപത നേതാക്കളുടെയും പ്രവർത്തകരുടെയും സജീവ സാന്നിധ്യം ശ്രദ്ധേയമായി.

പുതിയ ഫൊറോനകമ്മിറ്റികൾ രൂപികരിക്കുന്നതിന്റെ ഭാഗമായി മാലോം, മണിക്കടവ് ഫൊറോനകൾ രൂപത ഭാരവാഹികൾ സന്ദർശിച്ചു.

| | |
|---|---|
| **ഫിലിപ്പ് വെളിയത്ത്** | **ഫാ. ഫിലിപ്പ് കവിയിൽ** |
| *പ്രസിഡണ്ട്* | *ഡയറക്ടർ* |



# കുടുംബ കൂട്ടായ്മ

## FAMILY RENEWAL UNITS IN THALASSERY (FRUITS)

**1. നന്ദി... അഭിനന്ദനങ്ങൾ**

കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ ഫൊറോനാതല നേതൃ സംഗമം വിജയകരമായി നടത്തുവാൻ നേതൃത്വം നൽകി സഹക രിച്ച നിങ്ങളെ ഓരോരുത്തരേയും അഭിനന്ദിക്കുകയും ആത്മാർത്ഥമായി നന്ദി പറയുകയും ചെയ്യുന്നു. എല്ലാ ഫൊറോനാ സംഗമങ്ങളും വളരെ കൃത്യമായും ജനപങ്കാളിത്തത്തോടുംകൂടെ സംഘടിപ്പിച്ച ബഹു. ഫൊറോനാ വികാരിയച്ചന്മാരേയും ബഹു. വൈദികരേയും ബഹു. സിസ്റ്റേഴ്സിനെയും അല്മായ ഭാരവാഹികളെയും ആദരവോടെ അനു സ്മരിക്കുന്നു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് സംഗമ ങ്ങൾ ഉദ്ഘാടനം ചെയ്ത് ചർച്ചകൾക്ക് നേതൃത്വം കൊടുത്തത് ദൈവ ജനത്തിന് വലിയ ഉണർവ്വും ആവേശവും പകർന്നു. അതിരൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ അച്ചൻ എല്ലാ സംഗമങ്ങൾക്കും അധ്യക്ഷത വഹിച്ച് സംസാരിച്ചു. മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി അച്ചനും, റവ. ഡോ. ജോസഫ് കാക്കര മറ്റത്തിൽ അച്ചനും ക്ലാസുകൾക്ക് നേതൃത്വം നല്കി.

**2. സംഗമ പങ്കാളിത്തം**

| | തീയതി | ഫൊറോന | പങ്കെടുത്തവർ |
|---|---|---|---|
| 1. | 20.06.2024 | പേരാവൂർ | 800 |
| 2. | 20.06.2024 | എടൂർ | 550 |
| 3. | 22.06.2024 | തളിപ്പറമ്പ് | 300 |
| 4. | 27.06.2024 | മണിക്കടവ് | 550 |
| 5. | 27.06.2024 | പൈസക്കരി | 600 |
| 6. | 28.06.2024 | നെല്ലിക്കാംപൊയിൽ | 550 |
| 7. | 01.07.2024 | ആലക്കോട് | 750 |
| 8. | 01.07.2024 | വായാട്ടുപറമ്പ | 400 |
| 9. | 08.07.2024 | കാസർഗോഡ് | 100 |
| 10. | 08.07.2024 | കാഞ്ഞങ്ങാട് | 350 |

| | | | |
|---|---|---|---|
| 11. | 11.07.2024 | ചെമ്പേരി | 700 |
| 12. | 12.07.2024 | കുന്നോത്ത് | 800 |
| 13. | 19.07.2024 | ചെമ്പന്തൊട്ടി | 600 |
| 14. | 20.07.2024 | മേരിഗിരി | 700 |
| 15. | 20.07.2024 | ചെറുപുഴ | 750 |
| 16. | 25.07.2024 | തോമാപുരം | 900 |
| 17. | 25.07.2024 | വെള്ളരിക്കുണ്ട് | 600 |
| 18. | 01.08.2024 | മാലോം | 400 |
| 19. | 01.08.2024 | പനത്തടി | 700 |

**3. "EWS" ചർച്ചാ വിഷയം**

ഓഗസ്റ്റ് മാസം ചർച്ച ചെയ്യുവാനായ് നല്കിയ EWS സർട്ടിഫിക്കറ്റ് എല്ലാ കൂട്ടായ്മകളിലും ചർച്ച ചെയ്ത് ക്രോഡീകരിച്ച റിപ്പോർട്ട് അതിരൂപതാ ഓഫീസിലേക്ക് നിർബന്ധമായും അയയ്ക്കേണ്ടതാണ്. ഓഗസ്റ്റ് മാസത്തിൽ ഈ വിഷയം ചർച്ച ചെയ്യാൻ സാധിക്കാതെ പോയവർ സെപ്റ്റംബർ മാസത്തിൽ എല്ലാ കുടുംബക്കൂട്ടായ്മകളിലും ചർച്ച ചെയ്യേണ്ടതാണ്. നമ്മുടെ ജനത്തിന് വളരെ ഉപകാരപ്രദമായ ഈ കാര്യം എല്ലാ യൂണിറ്റിലും ചർച്ച ചെയ്തു എന്ന് ഉറപ്പു വരുത്തുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. EWS നെക്കുറിച്ച് ചർച്ച ചെയ്ത് ഓരോ ഇടവകയും കൈക്കൊണ്ട പ്രായോഗിക നിർദ്ദേശങ്ങൾ റിപ്പോർട്ടിൽ രേഖപ്പെടുത്തേണ്ടതാണ്.

**4. ഓഫീസ് ഫോൺ**

കുടുംബക്കൂട്ടായ്മ ഓഫീസുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് താഴെ പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

ഓഫീസ് ഫോൺ : 8330870228

സി. ലിസി തേങ്ങുംമൂട്ടിൽ SABS : 6238167217

ബ്രദർ ജോസഫ് കലവനാൽ : 9605901228

**5. ഭാരവാഹികളുടെ ലിസ്റ്റ്**

കുടുംബക്കൂട്ടായ്മ യൂണിറ്റ് ഭാരവാഹികളുടെ ലിസ്റ്റും ഫോൺ നമ്പറും ഇനിയും 43 ഇടവകകളിൽ നിന്നും ലഭിക്കാനുണ്ട്. 2024 സെപ്റ്റംബർ 15-ന് മുൻപ് പ്രസ്തുത ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ. ഇതുമായി ബന്ധപ്പെട്ട സംശയ നിവാരണത്തിന് ഓഫീസുമായി ബന്ധപ്പെടുമല്ലോ.

മാതാവിന്റെ പിറവിത്തിരുന്നാൾ മംഗളാശംസകളോടെ...

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

### ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മ

ഞായറാഴ്ച 4-ാം തീയതി, ആലക്കോട് സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ അതിരൂപതാ ബധിരസമൂഹം ഒരുമിച്ചുകൂടി വി. കുർബാന അർപ്പിക്കുകയും, ബൈബിൾ ക്ലാസിൽ പങ്കെടുക്കുകയും ചെയ്തു. വിശ്വാസസമൂഹത്തിന് ഏറ്റവും വലിയ അനുഗ്രഹമായി മാറുന്ന ചെമ്പേരി ലൂർദ്മാതാ ദേവാലയത്തിന്റെ ബസിലിക്ക പദവി ചടങ്ങുകളിൽ പങ്കുചേരുവാനും ദൈവാനുഗ്രഹം പ്രാപിക്കുവാനും തീരുമാനിച്ചു.

### ബാംഗ്ലൂർ എഫാത്താ മിഷൻ

11-ാം തീയതി ഞായറാഴ്ച മൂന്ന് മാസങ്ങൾക്കുശേഷം വീണ്ടും ബാംഗ്ലൂർ അതിരൂപത ബധിര സമൂഹത്തിനായുള്ള ആംഗ്യഭാഷ വി. കുർബാന പുനരാരംഭിച്ചു. തുടർന്ന് ബൈബിൾ ക്ലാസ് നൽകുകയും ഓഗസ്റ്റ് 31 ന് പരിശുദ്ധ ദൈവമാതാവിന്റെ ബസിലിക്ക ദൈവാലയത്തിൽ നടത്തപ്പെടുന്ന ഭിന്നശേഷി സൗഹൃദ ബലിയർപ്പണത്തിൽ പങ്കുചേരുവാൻ തീരുമാനിക്കുകയും ചെയ്തു.

### ചെമ്പേരി ലൂർദ് മാതാ ബസിലിക്ക പ്രഖ്യാപനം

സീറോ മലബാർ സഭയിലെ അഞ്ചാമത്തെ ബസിലിക്ക ദൈവാലയമായി ചെമ്പേരി ലൂർദ് മാതാ ദേവാലയം പ്രഖ്യാപിക്കപ്പെടുന്ന അനുഗ്രഹീത നിമിഷങ്ങളിൽ അതിരൂപതയിലെ ബധിരസമൂഹവും ബലിയർപ്പണത്തിലും ആഘോഷങ്ങളും പങ്കുചേർന്നു. രൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് വിശ്വാസികൾ ബലിയർപ്പണത്തിൽ പങ്കാളികളായി. കൂട്ടായ്മ അംഗങ്ങളായ ആന്റണി, വീണ മാർട്ടിൻ, ഷൈബി വിനോദ്, നീതു സുനിൽ തുടങ്ങിയവർ വായനകൾക്കും പ്രാർത്ഥനകൾക്കും നേതൃത്വം നൽകി. ബധിരസമൂഹത്തിനായി പ്രത്യേക സംവിധാനങ്ങൾ ഒരുക്കി സ്നേഹത്തോടെ ഞങ്ങളെ സ്വീകരിക്കു

കയും ആംഗ്യഭാഷയിൽ തിരുകർമ്മങ്ങളിൽ പങ്കുചേരുവാൻ അവസരം നൽകുകയും ചെയ്ത ബഹു. ബസിലിക്ക റെക്ടർ ജോർജ് കാഞ്ഞിരക്കാട്ട് അച്ചനും, പാരിഷ് കൗൺസിൽ അംഗങ്ങൾക്കും ആദം മിനിസ്ട്രിയുടെ പ്രത്യേകമായ നന്ദി.

## സ്വാതന്ത്ര്യ ദിനാഘോഷം ജ്യോതിഭവൻ നരിമാളം

പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും ഭാരതാംബയുടെ സ്വാതന്ത്ര്യദിന ആഘോഷവും നരിമാളം ജ്യോതിഭവൻ സ്പീച്ച് ആൻഡ് ഹിയറിങ് സ്കൂളിൽ നടത്തപ്പെട്ടു. ബധിര വിദ്യാർത്ഥികളുടെ ബാൻഡ് മേളവും സ്റ്റുഡന്റ് പോലീസ് കേഡറിലേക്ക് പരിശീലനം പൂർത്തിയാക്കിയവരുടെ ക്യാപ്പിങ് സെർമണിയും ആഘോഷങ്ങൾക്ക് തിളക്കമേകി. ആലക്കോട് കൂട്ടായ്മ പ്രസിഡണ്ട് ശ്രീ. സനീഷിന്റെ നേതൃത്വത്തിൽ മധുര പലഹാരങ്ങൾ വിതരണം ചെയ്തു. കുട്ടികളോട് ഒന്ന് ചേർന്ന് ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. സ്കൂൾ അധികൃതർ ഒരുക്കിയ സ്നേഹവിരുന്നിൽ പങ്കുചേർന്നു. സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ പങ്കുചേരുവാൻ ജ്യോതി ഭവനിലേക്ക് ഞങ്ങളെ ക്ഷണിച്ച ബഹുമാനപ്പെട്ട മാനേജർ സി. റിൻസി, പ്രിൻസിപ്പൽ സി. ഫിൻസി, സ്കൂൾ മാനേജ്മെൻറ് എന്നിവർക്ക് പ്രത്യേകം നന്ദി.

## സെന്റ് മേരിസ് ബസിലിക്ക - ബാംഗ്ലൂർ

പരിശുദ്ധ അമ്മയുടെ ജനനതിരുനാൾ അനുബന്ധിച്ച് ബാംഗ്ലൂർ അതിരൂപത ഭിന്നശേഷി വിഭാഗം ശിവാജി നഗർ സെന്റ് മേരിസ് ബസിലിക്ക പള്ളിയിൽ ഒരുക്കിയ സ്പെഷലി ഏബിൾഡ് അംഗങ്ങൾക്കായുള്ള ബലി അർപ്പണത്തിൽ അതിരൂപത ഭിന്നശേഷി സേവന വിഭാഗം ഡയറക്ടർ ഫാദർ ഗബ്രിയേൽ ക്രിസ്റ്റി പരിശുദ്ധ കുർബാനയ്ക്ക് നേതൃത്വം നൽകി. ശാരീരികവും മാനസികവുമായ ക്ലേശങ്ങൾ അനുഭവിക്കുന്ന നിരവധി വിശ്വാസികൾ പരിശുദ്ധ ബലിയിൽ പങ്കുചേർന്നു. ബധിര വിശ്വാസസമൂഹത്തിനായി ആദം മിനിസ്ട്രി ഡയറക്ടർ ഫാ. ജോർജ് കളരിമുറിയിൽ ആംഗ്യഭാഷയിൽ പരിഭാഷ നൽകി. രോഗികൾക്കായി പ്രത്യേക പ്രാർത്ഥന നടത്തി.

**ഫാ. ജോർജ് കളരിമുറിയിൽ**
*ഡയറക്ടർ*

# കെ. സി. ബി. സി. മദ്യവിരുദ്ധസമിതി

## മുക്തിശ്രീ, എ. ഡി. എസ്. യു, പ്രതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രം

**വിമോചന യാത്ര**

എടൂരിൽ നിന്നാരംഭിച്ച വിമോചന യാത്ര തലശ്ശേരി അതിരൂപത അദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഉദ്ഘാടനം നിർവ്വഹിച്ചു. എടൂർ ഫൊറോന വികാരി വെരി റവ. ഫാ. തോമസ് വടക്കേമുറി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. മദ്യനയത്തെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ, രാഷ്ട്രീയ പാർട്ടികൾ ഒന്നാണെന്നും, ഈ രംഗത്ത് മദ്യവിരുദ്ധസമിതി പ്രവർത്തകർ ഊർജ്ജസ്വലരാകണമെന്നും അഭിവന്ദ്യ പിതാവ് പ്രസംഗത്തിൽ ചൂണ്ടിക്കാട്ടി. AKCC ഗ്ലോബൽ ഡയറക്ടർ റവ. ഫാ. ഫിലിപ്പ് കവിയിൽ അനുഗ്രഹപ്രഭാഷണവും, മദ്യവിരുദ്ധ സമിതി അതിരൂപതാ ഡയറക്ടർ റവ. ഫാ. ജോസഫ് പൂവത്തോലി ആമുഖപ്രഭാഷണവും നടത്തി. ജാഥാ ക്യാപ്റ്റൻമാരായ ശ്രീ. ടോമി വെട്ടിക്കാട്ട്, ശ്രീമതി ഷിനോ പാറക്കൽ എന്നിവർക്ക് പിതാവ് പതാക കൈമാറി. എടൂർ, നെല്ലിക്കാംപൊയിൽ, പൈസക്കരി, ചെമ്പേരി, ചെമ്പന്തൊട്ടി, വായാട്ടുപറമ്പ്, ആലക്കോട്, മേരിഗിരി, ചെറുപുഴ, തോമാപുരം, വെള്ളരിക്കുണ്ട് ഫൊറോനകളിലൂടെ യാത്ര കടന്നുപോയപ്പോൾ ആയിരക്കണക്കിന് ജനങ്ങൾ അതിൽ അണിചേർന്നു. ബഹു. ഫൊറോന വികാരിമാർ, ഇടവകാ വികാരിമാർ, മേഖലാ ഡയറക്ടർമാർ, സിസ്റ്റേഴ്സ്, ADSU പ്രവർത്തകർ, വിവിധ സംഘടനാഭാരവാഹികൾ, പൊതുപ്രവർത്തകർ എന്നിവർ വിവിധ സ്വീകരണയോഗങ്ങളിൽ പങ്കുചേർന്നു. എല്ലാവർക്കും അതിരൂപതാ കമ്മിറ്റിയുടെ ഹൃദയം നിറഞ്ഞ നന്ദി. വിമോചന യാത്ര മദ്യവിരുദ്ധ പ്രവർത്തനങ്ങളുടെ കാലോചിതമായ മാറ്റങ്ങൾ ഉൾകൊണ്ടുകൊണ്ടുള്ള ഒരു തുടക്കം മാത്രമാണെന്നും അതിരൂപതയിലാകെ സംഘടന ശക്തിപ്പെടുമെന്നും അതിരൂപതാ കമ്മിറ്റി വിലയിരുത്തി. മുക്തിശ്രീയുടെയും മദ്യവിരുദ്ധ സമിതിയുടെയും വോളണ്ടിയർമാർ അവതരിപ്പിച്ച **'പരേതന് പറയാനുള്ളത്'**

എന്ന ലഘുനാടകം മദ്യവിരുദ്ധ ആശയം സാധാരണക്കാരിൽ എത്തിക്കാനുള്ള ഏറ്റവും നല്ല ഉപാധിയായിരുന്നു. കലകളിലൂടെയുള്ള ആശയപ്രചാരണത്തിന് വ്യാപകമായ സ്വീകരണമാണ് ലഭിച്ചത്, വെള്ളരിക്കുണ്ടിൽ നടന്ന സമാപനസമ്മേളനം അതിരൂപതാ വികാരി ജനറാൾ മോൺ. ജോസഫ് ഒറ്റപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. വെള്ളരിക്കുണ്ട് ഫൊറോന വികാരി റവ. ഡോ. ജോൺസൺ അന്ത്യാകുളം അദ്ധ്യക്ഷത വഹിച്ചു. ജാഥാ ക്യാപ്റ്റന്മാരെയും നാടക അഭിനേതാക്കളെയും ജനറാളച്ചൻ ഷാൾ അണിയിച്ച് ആദരിച്ചു.

**സ്വാതന്ത്ര്യദിനം**

ജൂലൈ 23 ന് നെല്ലിക്കാംപൊയിൽ ചേർന്ന അതിരൂപതാ എക്സിക്യൂട്ടീവ് യോഗം 'വിമോചന യാത്ര' വിലയിരുത്തി. ഭാവിപ്രവർത്തനങ്ങൾക്ക് യാത്ര കൂടുതൽ പ്രയോജനകരമായി എന്ന് അംഗങ്ങൾ ചൂണ്ടിക്കാട്ടി. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് സന്ദേശപ്രചരണത്തിന് പുതിയ തുടക്കം കുറിക്കാൻ യോഗം തീരുമാനിച്ചു. ഡയറക്ടർ ഫാ. ജോസഫ് പൂവ്വത്തോലിൽ യോഗം ഉദ്ഘാടനം ചെയ്തു. ടോമി വെട്ടിക്കാട്ട്, ഷിനോ പാറയ്ക്കൽ, ജോസ് ചാലിശ്ശേരി, സോയി പുറവക്കാട്ട്, സോളി രാമച്ചനാട്ട്, ഷെൽസി കാവനാടി, ടി. ഡി. ദേവസ്യ എന്നിവർ പ്രസംഗിച്ചു.

**ടോമി വെട്ടിക്കാട്ട്**
*പ്രസിഡണ്ട്*

**ഫാ. ജോസഫ് പൂവത്തോലിൽ**
*ഡയറക്ടർ*

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി. എസ്. എസ്. എസ്.**

### അഭിനന്ദനങ്ങൾ

സോഷ്യൽ വർക്ക് സ്റ്റഡീസിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ TSSS എക്സിക്യൂട്ടീവ് ഡയറക്ടർ പ്രിയപ്പെട്ട ലൂക്കോസ് മാടശ്ശേരി അച്ചന് TSSS കുടുംബാംഗങ്ങളുടെ ഒരായിരം അഭിനന്ദനങ്ങൾ!

### സ്വാഗതം

TSSS-ന്റെ നേതൃത്വത്തിൽ പടന്നക്കാട് പ്രവർത്തിച്ചുവരുന്ന റേഡിയോ 4U 89.6 കമ്മ്യൂണിറ്റി റേഡിയോയുടെ സ്റ്റേഷൻ ഡയറക്ടറായി നിയമിതനായിരിക്കുന്ന പ്രിയപ്പെട്ട തോമസ് (ജിതിൻ) കളത്തിൽ അച്ചന് സ്നേഹപൂർവ്വം TSSS കൂട്ടായ്മയിലേക്ക് സ്വാഗതവും, പുതിയ കർമമേഖലയിലെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ഭാവുകങ്ങളും ആശംസകളും.

### മേഖലാ വാർഷിക പൊതുയോഗങ്ങൾ

2024 ഓഗസ്റ്റ് 20 ചൊവ്വാഴ്ച മേരിഗിരി, ആലക്കോട് മേഖലകളിലും, ഓഗസ്റ്റ് 21 ബുധനാഴ്ച തോമാപുരം, ചെറുപുഴ മേഖലകളിലും, ഓഗസ്റ്റ് 29 വ്യാഴാഴ്ച ചെമ്പേരി, പൈസക്കരി മേഖലകളിലും TSSS-ന്റെ 2023-24 വർഷത്തെ RCC വാർഷിക പൊതുയോഗങ്ങൾ സംഘടിപ്പിച്ചു. 2024 സെപ്റ്റംബർ 28 ശനിയാഴ്ച നെല്ലിക്കാംപൊയിൽ മേഖലയിൽ പൊതുയോഗം സംഘടിപ്പിക്കുന്നു.

### പ്രതിമാസ പരിപാടികൾ

2024 സെപ്റ്റംബർ മാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**1) സെപ്റ്റംബർ 01**

**58-ാമത് TSSS സ്ഥാപകദിനം (58th TSSS Day Celebration)**

**പ്രവർത്തനങ്ങൾ:** എല്ലാ മേഖലാ-യൂണിറ്റ് ഓഫീസുകളിലും TSSS-ന്റെ ഔദ്യോഗിക പതാക ഉയർത്തുകയും, TSSS ആന്തം ആലപിക്കുകയും ചെയ്യുക. അതാത് യൂണിറ്റുകളിലെ അംഗങ്ങൾക്ക് ഉപകാരപ്രദമാകുന്ന തരത്തിലുള്ള ഒരു സാമൂഹ്യക്ഷേമ പ്രവർത്തനം നടത്തുക.

**2) സെപ്റ്റംബർ 05**

**ദേശീയ അദ്ധ്യാപകദിനവും സാക്ഷരതാവാരവും (National Teachers Day & Literacy Week)**

**പ്രവർത്തനങ്ങൾ:** യുവജനങ്ങളുമായി ചേർന്ന് യൂണിറ്റ് അതിർത്തിക്കുള്ളിലെ അദ്ധ്യാപകരെ ആദരിക്കുകയും, വായന പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

**3) സെപ്റ്റംബർ 21**

**ലോക സമാധാനദിനം & അൽഷിമേഴ്സ് ദിനം (International Day of Peace/ Alzheimer's Day)**

**പ്രവർത്തനങ്ങൾ:** ലോക അൽഷിമേഴ്സ് ദിനത്തിൽ നമ്മൾ ഏറ്റെടുത്തിരിക്കുന്ന അൽഷിമേഴ്സ് രോഗിയുടെ കുടുംബത്തിന് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനായി എല്ലാ യൂണിറ്റുകളിലും ധനശേഖരണം നടത്തുക.

## SHG & JLG ലോണുകളുടെ വിതരണം

TSSS-ന്റെ നേതൃത്വത്തിൽ തലശ്ശേരി ധനലക്ഷ്മി ബാങ്കുമായി സഹകരിച്ച് വിവിധ SHG ഗ്രൂപ്പുകൾക്കായുള്ള ലോൺ വിതരണം 2024 സെപ്റ്റംബർ മാസത്തിൽ നടത്തുന്നു. 24 ഗ്രൂപ്പുകൾക്കായി രണ്ട് കോടി 60 ലക്ഷം രൂപയാണ് ഈ മാസത്തിൽ SHG ലോൺ ലഭ്യമാക്കുന്നത്. കനറാ ബാങ്കുമായി സഹകരിച്ചുകൊണ്ട് TSSS നടപ്പിലാക്കുന്ന JLG ലോൺ വിതരണം സെപ്റ്റംബർ മാസത്തിൽ സംഘടിപ്പിക്കുന്നു. 22 ഗ്രൂപ്പുകൾക്കായി 66 ലക്ഷം രൂപയാണ് ലോണുകളായി JLG ഗ്രൂപ്പുകൾക്ക് ലഭ്യമാക്കുക. ലോൺ ആവശ്യമുള്ളവർ അതാത് മേഖലകളിലെ TSSS പ്രോഗ്രാം ഓഫീസർമാരുമായി ബന്ധപ്പെടേണ്ടതാണ്.

## സബ്സിഡിയോടുകൂടി പുരപ്പുറ (ROOF TOP) സോളാർ പദ്ധതി

സൗരോർജ്ജ വൈദ്യുതിയെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്രസർക്കാരിന്റെ സഹകരണത്തോടെ നടപ്പിൽ വരുത്തുന്ന പുരപ്പുറ സോളാർപദ്ധതിയിലൂടെ TSSS-ന്റെ നേതൃത്വത്തിൽ 70-ലേറെ സോളാർ പാനലുകൾ ഇതുവരെ സ്ഥാപിക്കുവാൻ സാധിച്ചു. GEPS കമ്പനിയുമായി സഹകരിച്ചുകൊണ്ട് ലോകോത്തര നിലവാരമുള്ള സോളാർ പാനലുകളാണ് ഉപയോഗിച്ചുവരുന്നത്. സിബിൽ സ്കോർ മിനിമം 680 ഉള്ള ഏതൊരു വ്യക്തിക്കും 7% പലിശ നിരക്കിൽ സമീപത്തെ കനറാ ബാങ്കിൽ നിന്നും വായ്പാ സൗകര്യവും ഒരുക്കുന്നു. 2024 സെപ്റ്റംബർ 30-ന് മുമ്പ് ബുക്ക് ചെയ്യുന്നവർക്ക് 10,500/- രൂപ കിഴിവും, ഒരു ഇൻഡക്ഷൻ കുക്കർ സമ്മാനമായും ലഭിക്കുന്നു. അതോടൊപ്പം തെരഞ്ഞെടുക്കപ്പെടുന്ന ഒരു വിജയിക്ക് ബംബർ സമ്മാനമായി ഇലക്ട്രിക് സ്കൂട്ടറും ലഭിക്കുന്നു. നമ്മുടെ ഇടവകകളിലെ ഭവനങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനായി 9496684784 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

## പ്രളയദുരന്ത മേഖലകളിലെ കൈത്താങ്ങ്

മഴക്കെടുതിയിലും പ്രളയദുരന്തത്തിലും സർവ്വവും നഷ്ടപ്പെട്ട വയനാട് ജില്ലയിലെ മുണ്ടക്കൈ, ചൂരൽമല എന്നിവിടങ്ങളിലും കോഴിക്കോട് ജില്ലയിലെ വിലങ്ങാടും TSSS അടിയന്തിര സൗകര്യങ്ങളൊരുക്കി. അതാത് പ്രദേശങ്ങളിലെ സാമൂഹ്യസേവന വിഭാഗങ്ങളുമായി സഹകരിച്ചുകൊണ്ട് മൂന്ന് ലക്ഷത്തോളം രൂപയുടെ ഭക്ഷ്യവസ്തുക്കളും, വസ്ത്രങ്ങളും ദുരന്ത മേഖലയിൽ എത്തിക്കുകയും, മറ്റു അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനായി സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്തു.

## പ്രളയബാധിത പ്രദേശങ്ങളിലേക്ക് യൂണിറ്റുകളിലെ സഹായം

TSSS മേഖലകളിൽ നിന്നും യൂണിറ്റുകളിൽ നിന്നും വയനാട്, കോഴിക്കോട് ജില്ലകളിലെ പ്രളയബാധിത പ്രദേശങ്ങളിലെ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി വസ്ത്രങ്ങൾ, ഭക്ഷ്യ-ധാന്യ-നിത്യോപയോഗ ഉൽപന്നങ്ങൾ, സാമ്പത്തിക സഹായം, ദുരിതാശ്വാസക്യാമ്പ് ശുചീകരണം, ഫ്രീസർ തുടങ്ങിയവ ലഭ്യമാക്കി. പാലാവയൽ, രാജഗിരി, അരവഞ്ചാൽ, ചെമ്പന്തൊട്ടി CU & MSS, ചെമ്പേരി CU & MSS, കുടിയാന്മല CU & MSS, നടുവിൽ, അരീക്കമല, ലിസിഗിരി, മണ്ഡളം, നെല്ലിക്കുറ്റി, ചേപ്പറമ്പ്, പൊട്ടംപ്ലാവ് CU & MSS, പുലിക്കുരുമ്പ, പൈസക്കരി, ഏറ്റുപാറ, ചന്ദനക്കാംപാറ, ചുണ്ടപ്പറമ്പ്, വെണ്ണക്കല്ല്, കൊന്നക്കാട്, മാലോം, പുഞ്ച, ചുള്ളി, പുന്നക്കുന്ന്, ആനമഞ്ഞൾ, കനകപ്പള്ളി, വെള്ളരിക്കുണ്ട്, പരപ്പ, ഭീമനടി, നാട്ടക്കൽ, മണിപ്പാറ, മുണ്ടാനൂർ, ശാന്തിനഗർ, പാടിച്ചാൽ, മണിക്കടവ്, മാട്ടറ, കാഞ്ഞിരക്കൊല്ലി, ആനറ, കാലാങ്കി, എടൂർ, വെളിമാനം, കല്ലുവയൽ, തേർമല, മാനടുക്കം, കരിവേടകം, പടിമരുത്, എണ്ണപ്പാറ, കാഞ്ഞിരടുക്കം, പനത്തടി, കാഞ്ഞങ്ങാട്, കാലിച്ചാനടുക്കം, ബദിയടുക്ക എന്നീ യൂണിറ്റുകളുടെ സഹകരണത്തോടെയാണ് ദുരിതമേഖലകളിലേക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുവാൻ സാധിച്ചത്. **സാമ്പത്തിക സഹായങ്ങൾ:** എടൂർ മേഖല (66,500/-), പേരാവൂർ മേഖല (15,000/-), വെള്ളരിക്കുണ്ട് മേഖല (72,500/-), പനത്തടി മേഖല (48,000/-), തോമാപുരം മേഖല (50,000/-), മേരിഗിരി മേഖല (8,100/-), ചെറുപുഴ മേഖല (50,000/-), അരവഞ്ചാൽ യൂണിറ്റ് (25,000/-), പൈസക്കരി മേഖല (16,700/-), ചെമ്പേരി മേഖല (84,100/-), നെല്ലിക്കാംപൊയിൽ മേഖല (5,000/-)

## കേശദാനം - സ്നേഹദാനം

TSSS ആശാകിരണം കാൻസർ സുരക്ഷാ പദ്ധതിയുടെ ഭാഗമായി ചെറുപുഴ, ചിറ്റാരിക്കാൽ മേഖലകളിൽ കേശദാനം-സ്നേഹദാനം പരിപാടി സംഘടിപ്പിച്ചു. കാൻസർ രോഗികൾക്ക് വിഗ്ഗ് നിർമ്മിക്കുന്നതിനായി തൃശ്ശൂർ അമല ഹോസ്പിറ്റലുമായി സഹകരിച്ചുകൊണ്ടാണ് കേശദാനം - സ്നേഹദാനം പദ്ധതി TSSS നടപ്പിലാക്കിവരുന്നത്. തങ്ങളുടെ സൗന്ദര്യത്തിൽ ഒരു പ്രധാനപങ്ക് വഹിക്കുകയും, ഇത്രയും നാൾ സംരക്ഷിച്ചു വന്നിരുന്നതുമായ മുടി കാൻസർ രോഗികൾക്ക് വിഗ്ഗ് നിർമ്മാണത്തിനായി ദാനം

ചെയ്തുകൊണ്ട് മറ്റുള്ളവർക്ക് മാതൃകാപരമായ സന്ദേശം പകർന്നുനൽകിയ ഡോളി സെബാസ്റ്റ്യൻ, ആൻമരിയ തോമസ്, സിന്ധു, ലീന ബാബു, അനീറ്റ ബാബു, ഇവാന അനൂപ്, ലിസ് മരിയ അഭിലാഷ്, ഡോൺസിയ ലിൻസ്, അജീന ബാബു, അമ്പിളി അനൂപ്, അനിറ്റ്, ജിൽന തോമസ്, ശീതൾ സിറിൾ, അമ്പിളി സജിൻ, ക്രിസ്റ്റീന വിനേഷ്, ഷീനു സ്റ്റീഫൻ എന്നിവർക്ക് TSSS-ന്റെ അഭിനന്ദനങ്ങൾ.

## RADIO 4U 89.6 - കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ

കാസർഗോഡ് ജില്ലയിൽ ആദ്യത്തെ കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷനായ RADIO 4U 89.6 വ്യത്യസ്തങ്ങളായ മേഖലകളിലെ പരിപാടികൾ കോർത്തിണക്കിക്കൊണ്ട് 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. ഞാറ്റുവട്ടം, ക്ലബ്ബ് ടൈം, കാവലാൾ, മിന്നും താരം, എന്റെ പാട്ട്, ഡോക്യുമെന്ററി, സ്കൂൾ മുറ്റം, ഡോക്ടേഴ്സ് ടോക്ക്, ട്രാഫിക്, സ്വപ്നവീട്, നിയമവും നീതിയും, പാട്ടുപുസ്തകം, സപ്തഭാഷാ ഗാനങ്ങൾ, അകപ്പൊരുൾ, അനാമയം, ടാലന്റ് ഹണ്ട്, ചിന്താമൃതം, കാവ്യഗീതികൾ, പ്രാർത്ഥനാ മഞ്ജരി തുടങ്ങിയ പ്രതിവാര പരിപാടികൾ പ്രക്ഷേപണം ചെയ്തുവരുന്നു. റേഡിയോയിൽ പരസ്യങ്ങൾ നൽകുന്നതിനും, മികച്ച സൗണ്ട് റെക്കോർഡിംഗ് സ്റ്റുഡിയോ സംവിധാനമുപയോഗിച്ച് ഗാനങ്ങളും മറ്റു പ്രോഗ്രാമുകളും റെക്കോർഡ് ചെയ്യുന്നതിനും +91 9495482485 (ഫാ. ജോമിഷ് നൂറമ്മാക്കൽ), +91 7067625028 (ഫാ. ജിതിൻ കളത്തിൽ) എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## ഡയറക്ടേഴ്സ് മീറ്റ്

KCBC-യുടെ നേതൃത്വത്തിൽ 2024 ഓഗസ്റ്റ് 13 ചൊവ്വാഴ്ച മാനന്തവാടിയിൽ മലബാർ റീജിയൺ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടേഴ്സ് മീറ്റ് സംഘടിപ്പിച്ചു. മാനന്തവാടി രൂപതയുടെ ദ്വാരക പാസ്റ്റർ സെന്ററിൽ വച്ച് സംഘടിപ്പിച്ച പരിപാടിയിൽ KCBC പ്രസിഡണ്ട് കർദ്ദിനാൾ ക്ലീമിസ് കതോലിക്കാ ബാവയും, മലബാറിലെ വിവിധ റീത്തുകളിലെ മെത്രാന്മാരും, മലബാർ മേഖലയിലെ സോഷ്യൽ സർവ്വീസ് സൊസൈറ്റികളുടെ ഡയറക്ടർമാരും പങ്കെടുത്തു. പ്രസ്തുത മീറ്റിംഗിൽ വച്ച് വയനാട്, വിലങ്ങാട് ദുരന്തമേഖലകളിലെ ജനങ്ങൾക്ക് 100 വീടുകൾ നിർമ്മിച്ചുനൽകുവാൻ തീരുമാനിക്കുകയും പ്രസ്തുത തീരുമാനം സർക്കാരിനെ അറിയിക്കുകയും ചെയ്തു. ഡയറക്ടേഴ്സ് മീറ്റിൽ TSSS ഡയറക്ടർ ഫാ. സ്കറിയ വരമ്പകത്ത് പങ്കെടുത്തു.

## KLM സുവർണ്ണ ജൂബിലി സമ്മേളനം

കേരള ലേബർ മൂവ്മെന്റ് (KLM) സുവർണ്ണ ജൂബിലി സമാപന സമ്മേളനം എറണാകുളത്ത് സംഘടിപ്പിച്ചു. എറണാകുളം ടൗൺഹാളിൽ വച്ച് സംഘടിപ്പിച്ച സമ്മേളനത്തിൽ KLM തലശ്ശേരി അതിരൂപത ഡയറക്ടർ ഫാ. സ്കറിയ വരമ്പകത്തിനൊപ്പം തലശ്ശേരിയിൽ നിന്നും ആറ് സംഘടനാ പ്രതിനിധികളും പങ്കെടുത്തു.

## യൂണിറ്റ് രൂപീകരണം

കീഴ്പ്പള്ളി, നെടുവാലൂർ എന്നിവിടങ്ങളിൽ പുതിയ TSSS യൂണിറ്റുകൾ ആരംഭിച്ചു. പ്രസ്ഥാനത്തിന്റെ വളർച്ചയോടൊപ്പം ചേർന്നുനിന്നുകൊണ്ട് പുതിയ തുടക്കം കുറിച്ച യൂണിറ്റ് ഭാരവാഹികൾക്ക് പ്രത്യേകം അഭിനന്ദനങ്ങൾ.

**കീഴ്പ്പള്ളി**

*പ്രസിഡണ്ട്* : ജെയിംസ് പൊൻപാറ
*വൈസ് പ്രസിഡണ്ട്* : സിജ കാരക്കാട്ട്
*സെക്രട്ടറി* : അനൂപ് പുത്തൻപുര
*ജോയിന്റ് സെക്രട്ടറി* : ജോയ്സി തെക്കേകാരക്കാട്ട്
*കമ്മിറ്റി അംഗങ്ങൾ* : ജെയ്സ് പുളിയാനിക്കാട്ട്, സണ്ണി നെച്ചിക്കാട്ട്, ജോസ് പ്രകാശ് വള്ളിക്കുന്നേൽ, ബീന കലശ്ശിയിൽ, സെലിൻ ചിറയത്ത്

**നെടുവാലൂർ**

*പ്രസിഡണ്ട്* : ബീന മീൻകുടിയിൽ
*വൈസ് പ്രസിഡണ്ട്* : ജാൻസി പഴയപറമ്പിൽ
*സെക്രട്ടറി* : ഷാജൻ ചിറത്തലയ്ക്കൽ
*ജോയിന്റ് സെക്രട്ടറി* : ഡേവിഡ് ആലങ്ങാടൻ
*കമ്മിറ്റി അംഗങ്ങൾ* : ബേബി തട്ടായത്ത് (ചേരൻകുന്ന്)
: പൈലി ചക്കുന്നുംപുറത്ത് (മുയ്യാലം)
: ഔസേപ്പ് അഞ്ചിൽ (കാപ്പുങ്കര)
: കൊച്ചുറാണി ആലിങ്കൽ (വളക്കൈ)

## കാൻസർ പരിശോധനാക്യാമ്പ്

കാൻസർ രോഗത്തെ നേരത്തേ കണ്ടെത്തി നിയന്ത്രണവിധേയമാക്കാനും, നമ്മുടെ കുടുംബത്തേയും നാടിനേയും കാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ കാൻസർ പരിശോധനാക്യാമ്പുകൾ നടത്തി വരുന്നു. മലബാർ കാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിലെ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ കാൻസർ, സ്തനാർബുദം, ഗർഭാശയ കാൻസർ തുടങ്ങിയവയുടെ പരിശോധനകളാണ് ക്യാമ്പുകളിൽ സംഘടിപ്പിച്ചുവരുന്നത്. 2024 ഓഗസ്റ്റ് മാസത്തിലെ ക്യാമ്പ് 2024 ഓഗസ്റ്റ് 10 ശനിയാഴ്ച ആലക്കോട് മേഖലാ ഓഫീസിൽവച്ച് നടത്തി. അടുത്ത ക്യാമ്പ് **സെപ്റ്റംബർ 02 തിങ്കളാഴ്ച രാവിലെ 10 മണി മുതൽ 12 മണിവരെ നെല്ലിക്കാംപൊയിലിൽ** വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്നതിനായി നെല്ലിക്കാംപൊയിൽ മേഖലയിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്.

## TSSS യൂണിറ്റുകളിലെ പ്രവർത്തനങ്ങൾ

### ആരോഗ്യപരിപാലനം

**1) ചികിത്സാസഹായവും രോഗീസന്ദർശനവും**

രാജഗിരി, അരവഞ്ചാൽ, പുലിക്കുരുമ്പ, നെല്ലിക്കാംപൊയിൽ, ശാന്തിനഗർ, മാട്ടറ, മുണ്ടാനൂർ MSS, കാഞ്ഞിരക്കൊല്ലി, കല്ലുവയൽ, പുഞ്ച, പുലിക്കുരുമ്പ, കോളയാട്, ബദിയടുക്ക, പടുപ്പ്, കനീലടുക്കം, കൊന്നക്കാട്, പുളിങ്ങോം എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ വിവിധ രോഗികൾക്ക് ചികിത്സാ സഹായങ്ങൾ, ഭക്ഷ്യകിറ്റുകൾ എന്നിവ നൽകുകയും, രോഗീസന്ദർശനം നടത്തുകയും ചെയ്തു.

**2) മെഡിക്കൽക്യാമ്പുകൾ**

* മുണ്ടാനൂർ MSS യൂണിറ്റിന്റെ നേതൃത്വത്തിൽ സ്വാതന്ത്ര്യദിനത്തിൽ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു.
* മാലോം ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ മെഗാ മെഡിക്കൽക്യാമ്പ് സംഘടിപ്പിച്ചു. മേഖലയിലെ എല്ലാ യൂണിറ്റുകളിലെയും പ്രസിഡണ്ട്, സെക്രട്ടറി എന്നിവർ വോളണ്ടിയർമാരായി പ്രവർത്തിച്ചു. എല്ലാ യൂണിറ്റുകളിൽ നിന്നും ക്യാമ്പിൽ ആളുകളെ പങ്കെടുപ്പിച്ചു.
* പാലാവയൽ യൂണിറ്റിന്റെ നേതൃത്വത്തിൽ ജീവിതശൈലീ രോഗനിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു.

### ബോധവൽക്കരണക്ലാസുകൾ

അരവഞ്ചാൽ, പുന്നക്കുന്ന് എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ "*മഴക്കാല രോഗങ്ങളും പ്രതിരോധവും*" എന്ന വിഷയത്തിലും, അരവഞ്ചാൽ യൂണിറ്റിന്റെ നേതൃത്വത്തിൽ "*കുടുംബജീവിതം*" എന്ന വിഷയത്തിലും കോഴിച്ചാൽ യൂണിറ്റിന്റെ നേതൃത്വത്തിൽ "*സ്ത്രീ ശാക്തീകരണം, മൊബൈൽ ഫോൺ ദുരുപയോഗം*" എന്നീ വിഷയങ്ങളിലും, മണ്ഡപം ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി "*ജീവിത മര്യാദ*" എന്ന വിഷയത്തിലും, നാട്ടക്കൽ, കാലാങ്കി എന്നീ യൂണിറ്റുകളിൽ ലഹരി വസ്തുക്കളെക്കുറിച്ചും, പാലാവയൽ, ആനമഞ്ഞൾ, കോളയാട്, പുളിങ്ങോം എന്നീ യൂണിറ്റുകളിൽ വിവിധ വിഷയങ്ങളെക്കുറിച്ചും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

### ദിനാചരണങ്ങൾ

**1) സ്വാതന്ത്ര്യദിനം**

ഓഗസ്റ്റ് 15 സ്വാതന്ത്ര്യദിനത്തിൽ വിവിധ യൂണിറ്റുകൾ റോഡ്-പരിസര ശുചീകരണം, വിമുക്ത ഭടന്മാരെ ആദരിക്കൽ, ക്വിസ് മത്സരം, രോഗീ സന്ദർശനം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുകയും, പാലാവയൽ, അരവഞ്ചാൽ, രാജഗിരി, ആലക്കോട്, ചീക്കാട്, കാർത്തികപുരം, മണക്കടവ്, പരപ്പ, വായാട്ടുപറമ്പ്, ചെമ്പന്തൊട്ടി CU & MSS, ചെമ്പേരി, കുടിയാന്മല,

നടുവിൽ, മണ്ടളം, പാടിച്ചാൽ, ദീപഗിരി, നെല്ലിക്കുറ്റി, പുളിങ്ങോം, ചേപ്പറമ്പ്, പൈസക്കരി, കോഴിച്ചാൽ, ഏറ്റുപാറ, ചന്ദനക്കാംപാറ, വെമ്പുവ, ജോസ്മൗണ്ട്, വെണ്ണക്കല്ല്, ചുണ്ടപ്പറമ്പ്, പുലിക്കുരുമ്പ, പൊട്ടംപ്ലാവ് CU & MSS, കൊന്നക്കാട്, മാലോം, ചുള്ളി, പുന്നക്കുന്ന്, ആനമഞ്ഞൾ, കനകപ്പള്ളി, വെള്ളരിക്കുണ്ട്, പരപ്പ, ഭീമനടി, നാട്ടക്കൽ, പൂളക്കുറ്റി, ചെടിക്കുളം, എടപ്പുഴ, എടൂർ CU & MSS, കരിക്കോട്ടക്കരി, മാങ്ങോട്, ഉരുപ്പുംകുറ്റി, വെളിമാനം, നെല്ലിക്കാംപൊയിൽ, മണിപ്പാറ, മണിക്കടവ്, മാട്ടറ, കാഞ്ഞിരക്കൊല്ലി, അറബി, ആനറ, ശാന്തിനഗർ, കാലാങ്കി, തേർമല, ബദിയടുക്ക, കാലിച്ചാനടുക്കം, കാഞ്ഞങ്ങാട്, പടുപ്പ്, പാണത്തൂർ, പനത്തടി, കാഞ്ഞിരടുക്കം, കള്ളാർ, കൊട്ടോടി, മാനടുക്കം, മേരിപുരം, പടിമരുത്, കനീലടുക്കം, പുല്ലടി, എണ്ണപ്പാറ, കരിവേടകം തുടങ്ങിയ യൂണിറ്റുകളിൽ ദേശീയ പതാക ഉയർത്തുകയും, മധുരം വിതരണം ചെയ്യുകയും ചെയ്തുകൊണ്ട് രാജ്യത്തോടൊപ്പം സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ പങ്കുചേരുകയും ചെയ്തു.

**2). മാനുഷിക ദിനാചരണം**

ഓഗസ്റ്റ് 19 ലോക മാനുഷികദിനത്തോടനുബന്ധിച്ച് യൂണിറ്റുകളിൽ രോഗീ-അഗതി സന്ദർശനം, ചികിത്സാധന സഹായം, ഭക്ഷ്യകിറ്റ് വിതരണം, പഠനസഹായം, നിർധനരോഗികളുടെ വീടുകളിലേക്കുള്ള വഴി തയ്യാറാക്കൽ, തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി. നെടുംപുറംചാൽ, കൊളക്കാട്, വായാട്ടുപറമ്പ്, കാർത്തികപുരം, ആലക്കോട്, മണക്കടവ്, വിളക്കന്നൂർ, കൊന്നക്കാട്, മാലോം, പുന്നക്കുന്ന്, ആനമഞ്ഞൾ, കനകപ്പള്ളി, വെള്ളരിക്കുണ്ട്, പരപ്പ, ഭീമനടി, നാട്ടക്കൽ, ചെമ്പന്തൊട്ടി CU & MSS, ചെമ്പേരി CU & MSS, കുടിയാന്മല, നടുവിൽ, അരീക്കമല, ലിസിഗിരി, നെല്ലിക്കുറ്റി, പൊട്ടംപ്ലാവ് CU & MSS, ചേപ്പറമ്പ്, പുലിക്കുരുമ്പ, പൈസക്കരി, ചുണ്ടപ്പറമ്പ്, വെണ്ണക്കല്ല്, വെമ്പുവ, കോളയാട്, മണിപ്പാറ, മണിക്കടവ്, കാഞ്ഞിരക്കൊല്ലി, അറബി, ആനറ, കാലാങ്കി, കാലിച്ചാനടുക്കം, കാഞ്ഞങ്ങാട്, പടുപ്പ്, പനത്തടി, പടിമരുത്, കരിവേടകം, കനീലടുക്കം, കാഞ്ഞിരടുക്കം തുടങ്ങിയ യൂണിറ്റുകൾ വിവിധ പ്രവർത്തനങ്ങൾ നടത്തി ലോക മാനുഷികദിനത്തിൽ പങ്കാളികളായി.

**3). കൊതുക് ദിനാചരണം**

ലോക കൊതുക് ദിനത്തോടനുബന്ധിച്ച് യൂണിറ്റുകളുടെ നേതൃത്വത്തിൽ വിവിധ വനിതാ സംഘടനകളുമായി സഹകരിച്ചുകൊണ്ട് യൂണിറ്റ് അതിർത്തിക്കുള്ളിൽ വീട്, ഓഫീസ് പരിസരം, ഓടകൾ എന്നിവയുടെ ശുചീകരണം, കൊതുകുതിരി വിതരണം, റബ്ബർ തോട്ടങ്ങളിലെ ചിരട്ട കമിഴ്ത്തൽ, ഗപ്പി മത്സ്യകുഞ്ഞുങ്ങളുടെ വിതരണം, ആരോഗ്യവകുപ്പുമായി ചേർന്ന് ബോധവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി. അരവഞ്ചാൽ, രാജഗിരി, പാലാവയൽ, മണക്കടവ്, വായാട്ടുപറമ്പ്,

ചെമ്പന്തൊട്ടി CU & MSS, ചെമ്പേരി, ലിസിഗിരി, മണ്ഡളം, കുടിയാന്മല, നടുവിൽ, അരീക്കമല, മണിപ്പാറ, ചേപ്പറമ്പ്, കാഞ്ഞിരക്കൊല്ലി, പൊട്ടംപ്ലാവ് CU & MSS, ചുണ്ടപ്പറമ്പ്, പുലിക്കുരുമ്പ, പാടിച്ചാൽ, പുളിങ്ങോം, കോഴിച്ചാൽ, വെണ്ണക്കല്ല്, പൈസക്കരി, നെടുംപുറംചാൽ, കൊളക്കാട്, പേരാവൂർ CU & MSS, കൊന്നക്കാട്, ചുള്ളി, ആനമഞ്ഞൾ, കനകപ്പള്ളി, വെള്ളരിക്കുണ്ട്, പരപ്പ, ഭീമനടി, നാട്ടക്കൽ, പൂളക്കുറ്റി, നെല്ലിക്കാംപൊയിൽ, മുണ്ടാനൂർ, മണിക്കടവ്, മാട്ടറ, ആനറ, അറബി, കല്ലുവയൽ, കാലാങ്കി, പാണത്തൂർ, കാഞ്ഞിരടുക്കം, കള്ളാർ, കൊട്ടോടി, മാനടുക്കം, മേരിപുരം, പടുപ്പ്, പടിമരുത്, പനത്തടി, പാണത്തൂർ, കനീലടുക്കം, പുല്ലടി തുടങ്ങിയ യൂണിറ്റുകൾ കൊതുക് നിർമ്മാർജ്ജന യജ്ഞത്തിൽ പങ്കാളികളായി.

### 4). കർഷകദിനം

കർഷകദിനത്തോടനുബന്ധിച്ച് യൂണിറ്റുകളിൽ കർഷകരെ ആദരിക്കുകയും കാർഷികമേഖലയുടെ പ്രോത്സാഹനത്തിനായി വിവിധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. നെടുംപുറംചാൽ, കൊളക്കാട്, കാലാങ്കി, വിളക്കന്നൂർ, കരുണാപുരം, വായാട്ടുപറമ്പ്, കരുവഞ്ചാൽ, മണക്കടവ്, നടുവിൽ, പൈസക്കരി, ഏറ്റുപാറ, ചന്ദനക്കാംപാറ, ചുണ്ടപ്പറമ്പ്, വെണ്ണക്കല്ല്, വെമ്പുവ, ചെമ്പന്തൊട്ടി, ചെമ്പേരി, അരീക്കമല, ലിസിഗിരി, ജോസ്മൗണ്ട്, കൊന്നക്കാട്, പരപ്പ, അറബി, പാടിച്ചാൽ എന്നീ യൂണിറ്റുകൾ മികച്ച കർഷകൻ / കർഷക / കുട്ടി കർഷകൻ / ക്ഷീര കർഷകൻ തുടങ്ങിയവരെ ആദരിക്കുകയും, പച്ചക്കറി വിത്തുകളുടെ വിതരണം, ഫലവൃക്ഷത്തൈ വിതരണം, വാക്കത്തി വിതരണം, കാർഷിക സെമിനാർ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

## പഠനസഹായവും അനുമോദനവും

* അരവഞ്ചാൽ, മണിപ്പാറ, കല്ലുവയൽ, കൊന്നക്കാട്, ബദിയടുക്ക, കാഞ്ഞിരടുക്കം, പടുപ്പ് എന്നീ യൂണിറ്റുകളിൽ തെരഞ്ഞെടുക്കപ്പെട്ട നിർധന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സാമ്പത്തികം, സ്കോളർഷിപ്പ്, നോട്ട്ബുക്ക്, കുട തുടങ്ങി വിവിധ സഹായങ്ങൾ ലഭ്യമാക്കി.
* പാലാവയൽ, ബദിയടുക്ക, പുല്ലടി, നടുവിൽ, അരീക്കമല, ലിസിഗിരി, മണ്ഡളം, നെല്ലിക്കുറ്റി, മാട്ടറ, കല്ലുവയൽ, ശാന്തിനഗർ, കാലാങ്കി, കാഞ്ഞിരക്കൊല്ലി എന്നീ യൂണിറ്റുകളിൽ SSLC, PLUS TWO പരീക്ഷകളിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ ക്യാഷ് അവാർഡ്, മെമന്റോ, ക്യാഷ് അവാർഡ് എന്നിവ നൽകി ആദരിച്ചു.

### മറ്റു പ്രവർത്തനങ്ങൾ

* മാതൃദിനത്തോടനുബന്ധിച്ച് മണ്ഡപം സെന്റ് ജോസഫ് ക്രെഡിറ്റ് യൂണിയന്റെ നേതൃത്വത്തിൽ അമ്മമാരെ ആദരിക്കുകയും, എടൂർ MSS-ന്റെ നേതൃത്വത്തിൽ അമ്മമാർക്ക് യോഗ പരിശീലനം നൽകുകയും,

ഗ്രാന്റ് പേരന്റ്സ് ഡേ-യോടനുബന്ധിച്ച് കൊളക്കാട്, പനത്തടി, പടുപ്പ്, പുലിക്കുരുമ്പ എന്നിവിടങ്ങളിൽ പ്രായമായ മാതാപിതാക്കളെ ആദരിക്കുകയും ഉപഹാരങ്ങൾ നൽകുകയും ചെയ്തു.

* സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി കാർത്തികപുരം ടൗണിൽ ജനങ്ങളുടെ ജീവന് ഭീഷണിയായി നിലകൊള്ളുന്ന ആൽമരം യൂണിറ്റ് അംഗങ്ങളുടെ പരാതി പ്രകാരം മുറിച്ചുമാറ്റുവാൻ സാധിക്കുകയും, നായനാർ മലയിലെ ക്വാറി അടച്ചുപൂട്ടണം എന്ന ആവശ്യമുന്നയിച്ച് നടത്തിയ ജനകീയ സമരത്തിന് ചെമ്പന്തൊട്ടി CU & MSS പിന്തുണ നൽകുകയും ചെയ്തു.
* കാഞ്ഞിരക്കൊല്ലി, ആനറ യൂണിറ്റുകളിൽ കർക്കിട മരുന്ന് വിതരണം നടത്തുകയും, മദ്യത്തിനെതിരെ ബോധവൽക്കരണം നടത്തി മദ്യത്തിന്റെ ദൂഷ്യഫലങ്ങൾ വിവരിക്കുന്ന ബാനർ പ്രദർശിപ്പിക്കുകയും ചെയ്തു.
* കാലിച്ചാനടുക്കം യൂണിറ്റിന്റെ നേതൃത്വത്തിൽ KCYM നിർമ്മിച്ച ബസ്സ്റ്റോപ്പ് നവീകരിക്കുന്നതിനായി സാമ്പത്തിക സഹായം നൽകുകയും, ഒളിമ്പിക്സിൽ പങ്കെടുക്കുന്ന ഇന്ത്യൻ താരങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് നടത്തിയ ഒളിമ്പിക്സ് നടത്തത്തിൽ പങ്കെടുക്കുകയും, അറബി യൂണിറ്റിന്റെ നേതൃത്വത്തിൽ പാരിസ് ഒളിമ്പിക്സിലെ തിരുവത്താഴ ചിത്രത്തെ അവഹേളിച്ചതിനെതിരെ പ്ലക്കാർഡ് ഉയർത്തി മുദ്രാവാക്യം ചൊല്ലി പ്രതിഷേധിക്കുകയും ചെയ്തു.
* കണിച്ചാർ, രാജമുടി യൂണിറ്റുകളിൽ ആടുവിതരണം നടത്തുകയും മണിക്കടവ് യൂണിറ്റിൽ നിലവിലെ ആടുവളർത്തൽ കാര്യക്ഷമമാക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

**ഫാ. ലൂക്കോസ് മാടശ്ശേരി**
*അസോ. ഡയറക്ടർ*

**ഫാ. സ്കറിയ വരമ്പകത്ത്**
*ഡയറക്ടർ*

# ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

## ബയോമൗണ്ടൻ ഫാർമസ് പ്രൊഡ്യൂസേഴ്സ് കമ്പനി

ബയോമൗണ്ടൻ FPC യുടെ പ്രവർത്തനങ്ങൾ നന്നായി പോകുന്നു. കഴിഞ്ഞമാസം അതിരൂപതയിലെ മുപ്പത്തിന്നാലോളം സ്ഥാപനങ്ങളും സന്യാസഭവനങ്ങളും ബഹു. ജനറാൾ സിബി അച്ചനും ഞാനും സന്ദർശിച്ചു. കമ്പനി ഉൽപ്പന്നങ്ങൾ വാങ്ങിച്ച് ഉപയോഗിക്കാമെന്ന് പറയുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത എല്ലാ സ്ഥാപനങ്ങളെയും സന്യാസ ഭവനങ്ങളെയും പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു.

## പുതിയ യൂണിറ്റുകൾ

1. ശ്രീകണ്ഠപുരം, കോട്ടൂർവയൽ ഇടവകകൾ ഷെയറുകൾ എടുക്കുകയും യൂണിറ്റ് ആരംഭിക്കുകയും ചെയ്തു. ബഹു. ജോസ് മഞ്ഞപ്പള്ളി അച്ചനും ടീം അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.
2. കുട്ടാപറമ്പ് ഇടവകയിൽ പുതിയ യൂണിറ്റിന് രൂപം കൊടുക്കുകയും ഷെയർ എടുക്കുകയും ചെയ്തു. ബഹു. എമ്മാനുവൽ പൂവത്തിങ്കൽ അച്ചനും അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

   മേൽ പറഞ്ഞ രണ്ട് ഇടവകകളും സന്ദർശിക്കാനും കമ്പനിയുടെ വിവരങ്ങൾ സംസാരിക്കാനും ബലിയർപ്പിക്കാനും അവസരം നൽകിയ ബഹു. വൈദികർക്ക് നന്ദി പറയുന്നു.

## ഇടവകകളിലെ ഷെയർ

നമ്മുടെ അതിരൂപതയിലെ കർഷകരുടെ ക്ഷേമത്തിനും സാമ്പത്തിക വളർച്ചയ്ക്കും വേണ്ടി നമ്മൾ ആരംഭിച്ച ബയോമൗണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുവാൻ എല്ലാ അച്ചന്മാരുടെയും ഇടവക അംഗങ്ങളുടെയും സഹകരണം അപേക്ഷിക്കുന്നു. ആയതിനാൽ ഇടവകകളുടെ ഷെയറുകൾ എടുത്ത് എല്ലാവരും സഹായിക്കണമെന്ന് അപേക്ഷിക്കുന്നു. കമ്പനി ഷെയറുകൾ എടുക്കുമ്പോൾ

വികാരിയച്ചന്റെ പേരും പള്ളിയുടെ അഡ്രസ്സും ഫോൺ നമ്പറും ഇമെയിൽ ഐഡിയും നല്കാൻ ശ്രദ്ധിക്കണം. ആളുകളെ കൂട്ടിയാണ് ഷെയർ എടുക്കുന്നതെങ്കിൽ അംഗങ്ങളുടെ എല്ലാവരുടെയും പേരും ഫോൺ നമ്പറും സെക്രട്ടറി, പ്രസിഡന്റ് എന്നിവരുടെ പേരും നല്കണം. ഗ്രൂപ്പുകൾ ആണെങ്കിൽ വികാരിയച്ചന്റെ പേരും പള്ളിയുടെ ഫോൺ നമ്പറും ഇമെയിൽ ഐഡിയും നല്കണം. അൻപത് പേരടങ്ങുന്ന ഗ്രൂപ്പിൽ ഒരു ഷെയർ അച്ചന്റെ പേരിൽ എടുക്കുകയും ചെയ്യണം. കാരണം എങ്കിലെ വികാരിയച്ചന്റെയും പള്ളിയുടെയും പേരിൽ ഷെയർ സർട്ടിഫിക്കറ്റ് നൽകാൻ സാധിക്കുകയുള്ളൂ.

**നമ്മുടെ സംരംഭങ്ങൾ**

നമ്മുടെ ഈ സംരംഭം വിജയിപ്പിക്കാൻ എല്ലാ വൈദികരുടെയും എല്ലാ സന്യാസഭവനങ്ങളുടെയും സ്ഥാപനങ്ങളുടെയും അല്മായ നേതാക്കളുടെയും ഭക്തസംഘടനകളുടെയും സഹായം അപേക്ഷിക്കുന്നു. നമ്മുടെ ഉൽപ്പന്നങ്ങൾ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വാങ്ങി ഉപയോഗിച്ചുകൊണ്ട് കമ്പനിയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. മായമില്ലാത്ത ഉൽപ്പന്നങ്ങളാണ് നമ്മൾ വിതരണം ചെയ്യുന്നത്. മാർക്കറ്റിനേക്കാളും വിലക്കുറവും നമ്മുടെ ഉൽപ്പന്നങ്ങൾക്കുണ്ട്. ഗുണമേന്മയിൽ ഏറ്റവും മികച്ചതുമാണ്.

**കമ്പനി ഓഫീസ്**

കമ്പനി ഓഫീസ് കുന്നോത്ത് പ്രവർത്തനം ആരംഭിച്ചു. ഫുൾടൈം പ്രവർത്തിക്കുന്ന ഓഫീസും സ്റ്റാഫും വാഹനങ്ങളും കുന്നോത്ത് ഉണ്ട്. നമ്മൾ ആരംഭിച്ച പതിനൊന്നോളം വരുന്ന മസാല പൗഡറുകളുടെ ഉൽപാദനവും വിൽപ്പനയുമെല്ലാം നടന്നുവരുന്നു. ഓർഡറുകൾ നൽകുമ്പോൾ താഴെ തന്നിരിക്കുന്ന നമ്പറിലേക്ക് ഓർഡറുകൾ അയച്ചാൽ സാധനങ്ങൾ അതാത് സ്ഥലങ്ങളിൽ എത്തിക്കുന്നതായിരിക്കും.

**Mob : 9656054322, E-mail: tsssbiomountain@gmail.com**

സെപ്റ്റംബർ മാസത്തിൽ എല്ലാ ഫോറോനകളിലേക്കും ഇടവകകളിലേക്കും നേരിട്ട് വരുവാനും ബഹുമാനപ്പെട്ട വൈദികരുടെ നിർദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാനും ആഗ്രഹിക്കുന്നുണ്ട്.

ഈ അവസരത്തിൽ ഇടവക ഷെയറുകൾ എടുത്ത് സഹകരിച്ചുകൊണ്ട് നമ്മുടെ ഈ സംരംഭത്തെ മലബാറിന്റെ തന്നെ മാതൃകയാക്കി മാറ്റുവാൻ നിങ്ങളുടെ എല്ലാവരുടെയും സ്നേഹവും പ്രോത്സാഹനവും അപേക്ഷിക്കുന്നു.

**മോൺ. സെബാസ്റ്റ്യൻപാലാക്കുഴി**
*ചെയർമാൻ*

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ഡയറക്ടർ*

# ധ്യാനകേന്ദ്രങ്ങളിലൂടെ
# 2024 സെപ്റ്റംബർ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

| | | | |
|---|---|---|---|
| സെപ്റ്റംബർ | 09-12 | : | കന്നഡ ധ്യാനം |
| | 14 | : | വചനാഗ്നി (Live 9 am -2.30 pm) ഏകദിന കൺവെൻഷൻ |
| | 14-18 | : | ആന്തരീക സൗഖ്യ ധ്യാനം |
| | 22-27 | : | വൈദികരുടെ ധ്യാനം |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി, ഫോൺ: 6282732852**

| | | | |
|---|---|---|---|
| സെപ്റ്റംബർ | 07-11 | : | ആന്തരീക സൗഖ്യ ധ്യാനം |
| | 07,21,28 | : | ഏകദിന ധ്യാനം |
| | 17-20 | : | G Net Teens Retreat (7-ാം ക്ലാസ്സ് മുതൽ) |
| | 20 | : | പ്രേഷിത കൂട്ടായ്മ |
| | 21-25 | : | ആന്തരീക സൗഖ്യ ധ്യാനം |
| | 27 | : | ജാഗരണ പ്രാർത്ഥന |
| | 21-25 | : | Franciscan Retreat |

**3. ഐഎംഎസ് ധ്യാനകേന്ദ്രം, കൂട്ടുപുഴ (പേരട്ട), ഫോൺ: 8281272873**

| | | | |
|---|---|---|---|
| സെപ്റ്റംബർ | 07 | : | ഏകദിന ധ്യാനം (9 am-2 pm) |
| | 08-11 | : | ആന്തരിക സൗഖ്യാനുഭവ ധ്യാനം |
| | 19-22 | : | ദിവ്യകാരുണ്യാനുഭവ ധ്യാനം |
| | 21 | : | മദ്ധ്യസ്ഥ പ്രാർത്ഥന (2 pm - 4 pm) |
| | 27-29 | : | മരിയൻ ധ്യാനം |

**4. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ : 7306859339**

| | | | |
|---|---|---|---|
| സെപ്റ്റംബർ | 07 | : | ഏകദിന ശുശ്രൂഷ (അഖണ്ഡ ജപമാല, Spiritual Sharing , 10 am - 3 pm) |
| | 13 | : | ജാഗരണ പ്രാർത്ഥന |
| | 16-18 | : | കുടുംബ നവീകരണ ധ്യാനം (Angels Retreat - 4 ക്ലാസ്സ് വരെയുള്ള കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും) |
| | 19-21 | : | ക്രിസ്റ്റീൻ ധ്യാനം (5-10 ക്ലാസ്സ്) |

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

**ജൂലൈ 2024**

21 പെരിയ, പൊയിനാച്ചി ഇടവകകളിൽ ഇടയസന്ദർശനം നടത്തി.

22 രാവിലെ അതിരൂപതയിലെ സംരഭക കൂട്ടായ്മാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വെകുന്നേരം കിളിയന്തറയിലെത്തി സി. മേരി ടിസ്സിയാനാ എസ്. എ.ബി. എസ്സിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു.

23 എടൂരിൽവച്ച് സംഘടിപ്പിച്ച അതിരൂപതയിലെ വിരമിച്ച അധ്യാപകരുടെ കൂട്ടായ്മാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

24 അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം നിർമ്മലഗിരി കോളേജിന്റെ ഗവേർണിംഗ് ബോഡി മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് ഓൺലൈനായി വിളിച്ചു ചേർത്ത സീറോ മലബാർ വിശ്വാസപരിശീലകരുടെ മീറ്റിംഗിൽ പങ്കെടുത്തവർക്ക് സന്ദേശം നൽകി.

25 രാവിലെ തോമാപുരം ഫൊറോനയിലെ കുടുംബകൂട്ടായ്മ കോർഡിനേറ്റർമാരുടെ യോഗം ഉദ്ഘാടനം ചെയ്ത് അംഗങ്ങളുമായി സംവദിച്ചു. ഉച്ചയ്ക്കുശേഷം വെള്ളരിക്കുണ്ട് ഫൊറോനയിലെ കുടുംബകൂട്ടായ്മ കോർഡിനേറ്റർമാരുടെ യോഗം ഉദ്ഘാടനം ചെയ്ത് അംഗങ്ങളുമായി സംവദിച്ചു.

26 രാവിലെ കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് ഓൺലൈനായി കൂടിയ പബ്ലിക് അഫയേഴ്സ് കമ്മീഷൻ മീറ്റിംഗിൽ പങ്കെടുത്തു.

27 രാവിലെ കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി. തോമാപുരത്തുവച്ച് സംഘടിപ്പിച്ച വിൻസെന്റ് ഡി പോൾ വാർഷിക മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം മാലോത്തുവച്ച് സംഘടിപ്പിച്ച മതാധ്യാപകരുടെ റീജിയണൽ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് മാലോത്ത് പുതുതായി നിർമ്മിച്ച കുരിശുപള്ളിയുടെ കൂദാശാകർമ്മം നിർവ്വഹിച്ചു.

28 വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് രാവിലെ കോളയാട് ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു. തുടർന്ന് ചെമ്പേരി ഫൊറോനാ ദൈവാലയത്തിലെത്തി നവീകരണ പ്രവർത്തനങ്ങൾ വിലയിരുത്തി. ഉച്ചയ്ക്കുശേഷം വെള്ളരിക്കുണ്ട് ഇടവകയിൽ നിര്യാതയായ മേരി സെൽവി വെളാർവെളിയിലിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം ചായോത്ത് ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു.

29 തലശ്ശേരിയിൽവച്ച് ചേർന്ന മേജർ സൂപ്പീരിയേഴ്സിന്റെ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരത്തോടെ ഫൊറോനാ വികാരിമാരുടെയും അപ്പൊസ്റ്റൊലേറ്റ് ഡയറക്ടർമാരുടെയും മീറ്റിംഗിനായി പരിയാരം മദർഹോമിലേക്ക് പുറപ്പെട്ടു.

30 പരിയാരത്ത് വച്ച് ചേർന്ന വിവിധ മീറ്റിംഗുകൾക്ക് അധ്യക്ഷത വഹിച്ചു. വൈകുന്നേരം ശാലോം ടിവിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന യൂക്യാറ്റ് ഷൂട്ടിംഗിൽ പങ്കെടുത്തു.

31 അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയോടെ മാടത്തിൽ ഇടവകയിലെത്തി സെമിത്തേരിയിലേക്ക് മണ്ണിടിഞ്ഞ ഭാഗങ്ങൾ സന്ദർശിച്ചു. തുടർന്ന് കച്ചേരിക്കടവ് ഇടവകയിൽ നിര്യാതനായ നരിമറ്റത്തിൽ ജോസഫ് ചേട്ടന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. വൈകുന്നേരം കരുവഞ്ചാൽ ഹോസ്പിറ്റലിൽ പുതുതായി നിർമ്മിച്ച ഫ്ളോറിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. രാത്രിയോടെ ശാലോം ടിവിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന യൂക്യാറ്റ് ഷൂട്ടിംഗിൽ പങ്കെടുത്തു.

## ആഗസ്റ്റ് 2024

01 രാവിലെ മാലോം ഫൊറോനയിലെ കുടുംബകൂട്ടായ്മാ കോർഡിനേറ്റർമാരുടെ യോഗം ഉദ്ഘാടനം ചെയ്ത് അംഗങ്ങളുമായി സംവദിച്ചു. ഉച്ചയ്ക്കുശേഷം പനത്തടി ഫൊറോനയിലെ കുടുംബകൂട്ടായ്മാ കോർഡിനേറ്റർമാരുടെ യോഗം ഉദ്ഘാടനം ചെയ്ത് അംഗങ്ങളുമായി സംവദിച്ചു.

02 രാവിലെ കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു. തുടർന്ന് കരുവൻചാൽ പ്രീസ്റ്റ് ഹോമിലെത്തി നിര്യാതനായ ഫാ. ജോസഫ് വീട്ടിയാങ്കലിനുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചയ്ക്കുശേഷം അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ വൈദികരുമായി സംവദിച്ചു. വൈകുന്നേരം തലശ്ശേരി മൈനർ സെമിനാരിയിലെ വൈദികരുടെ സ്റ്റാഫ് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

03 രാവിലെ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് ബ്രദർ ജോസ്ബിൻ ഈററക്കലിന് ഡീക്കൻ പട്ടവും ബ്രദർ സെബിൻ മറ്റപ്പള്ളിയ്ക്ക് സബ് ഡീക്കൻ പട്ടവും നൽകി. തുടർന്ന് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽവച്ച് ഫാ. ജോസഫ് വീട്ടിയാങ്കലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

04 വയനാട് പ്രകൃതി ദുരന്ത മേഖലകളായ മുണ്ടക്കൈ, ചൂരൽമല പ്രദേശങ്ങളും ദുരിതാശ്വാസക്യാമ്പുകളും സന്ദർശിച്ചു. രാത്രിയോടെ ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡ് മീറ്റിംഗിൽ പങ്കെടുത്തു.

05 വിലങ്ങാട് പ്രകൃതി ദുരന്ത ബാധിത മേഖലകൾ സന്ദർശിച്ചു.

06-09 പി.ഓ.സി-യിൽവച്ച് നടത്തിയ കെ.സി.ബി.സി ധ്യാനത്തിൽ പങ്കെടുത്തു.

10 രാവിലെ കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിലെത്തി ബഹു. ജോസഫ് വീട്ടിയാങ്കൽ അച്ചന്റെ അനുസ്മരണാർത്ഥം ദിവ്യബലിയർപ്പിച്ചു. തുടർന്ന് ചെമ്പേരിയിൽവച്ച് ചേർന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തിന് അധ്യക്ഷത വഹിച്ചു.

11 നവീകരിച്ച ചെമ്പേരി ഫൊറോനാ ദൈവാലയത്തിന്റെ കൂദാശാ കർമ്മം നിർവ്വഹിച്ചു. ഉച്ചയ്ക്കുശേഷം നെല്ലിക്കുറ്റിയിൽവച്ച് സി. മാഗ്ഗി എം.എസ്.എം.ഐ.-യുടെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നടത്തി. തുടർന്ന് എടൂർ ദൈവാലയത്തിൽവച്ച് കെവിൻ ജോർജ് ജോസിന്റെയും ടാനിയ മേരി മൈക്കിളിന്റെയും മനസമ്മതം നടത്തി.

12 രാവിലെ അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം നോർത്ത് മലബാർ ബിഷപ്സ് കോൺഫറൻസിനായി മാനന്തവാടിയിലേക്ക് യാത്രതിരിച്ചു.

13 മാനന്തവാടി ബിഷപ്സ് ഹൗസിൽവച്ച് ചേർന്ന നോർത്ത് മലബാർ ബിഷപ്സ് കോൺഫറൻസിൽ പങ്കെടുത്തു.

14 ചെമ്പേരി ലൂർദ്ദ് മാതാ ബസിലിക്കാ പ്രഖ്യാപന ചടങ്ങിന് അധ്യക്ഷത വഹിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിലെത്തി മേജർ ആർച്ച് ബിഷപ്പിനെ സ്വീകരിച്ചു.

15 രാവിലെ പേരാവൂർ ആർച്ച് എപ്പിസ്കോപ്പൽ ദൈവാലയത്തിൽ ദിവ്യബലിയർപ്പിച്ചു. ഉച്ചയ്ക്കുശേഷം കണ്ണൂർ ബിഷപ്സ് ഹൗസിൽ എത്തി പുതിയ സഹായമെത്രാന്റെ പ്രഖ്യാപന ചടങ്ങിൽ പങ്കെടുത്തു. രാത്രി മുള്ളേരി വികാരിയായ ബഹു. മാത്യു കുടിലിൽ അച്ചന്റെ ആകസ്മിക

മരണത്തെത്തുടർന്ന് മുള്ളേരിയായിലെത്തി തുടർ ക്രമീകരണങ്ങൾ നടത്തി.

16 രാവിലെ കുന്നോത്ത് മേജർ സെമിനാരി വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്കുശേഷം മാടത്തിൽ ഇടവക പുതുതായി നിർമ്മിച്ച ഗ്രോട്ടോയുടെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. രാത്രി ഓൺലൈനായി ചേർന്ന പെർമനെന്റ് സിനഡ് മീറ്റിംഗിൽ പങ്കെടുത്തു.

17 എടൂർ ദൈവാലയത്തിൽവച്ച് ബഹു. മാത്യു കുടിലിൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷാ കർമ്മം നിർവ്വഹിച്ചു. ഉച്ചയ്ക്കുശേഷം വെള്ളരിക്കുണ്ട് ഇടവകാംഗമായ കൊട്ടാരത്തിൽ എൽസമ്മ ടീച്ചറുടെ മൃതസംസ്കാര ശുശ്രൂഷയിലെ ഭവനത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

18 അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു. രാത്രിയോടെ എറണാകുളത്തേക്ക് യാത്രതിരിച്ചു.

19–20 സീറോമലബാർ സഭാ സിനഡിൽ പങ്കെടുത്തു.

**SEPTEMBER 2024**

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | | - | Engaged |
| 02 | 09:12 pm | - | Thalassery: Visitors Day |
| | 03:00 pm | - | Thalassery: Bio Mountain General Body Meeting |
| 03 | 10:00 am | - | Palavayal: Retired Teachers Meet |
| 04 | 03:00 pm | - | Manikkadavu: Parish Hall Foundation stone laying ceremony |
| | 04:30 pm | - | Charal |
| 05 | | - | Kunnoth: GSMS Jubilee |
| 06 | 8:30 am | - | GSMS Kunnoth |
| | 03:00 PM | - | Thalassery: Charismatic Leaders Meet |
| 07 | 11:00 am | - | Nirmalagiri: Marriage |
| | 02:00 pm | - | Edathotty: Baptism |
| | 04:00 pm | - | Madappurachal: Feast |
| 08 | 02:00 pm | - | Punnakkunnu: Ordination |
| 09-12 | | - | Visit: Satna & Ujjain Seminaries |
| 13 | 09:12 pm | - | Bangalore: CBCI General Body Meeting |
| 14 | 10:00 am | - | Chemperi: Retired Teachers Meet |
| | 02:00 pm | - | Chemperi: Catechism Regional Meet |
| 15-20 | | - | Annual Retreat (Batch – 1) |
| 18 | 09:12 pm | - | Thalassery: Visitors Day |
| 21 | 09:30 am | - | Chemperi: Jubilee, Mar Lawrence Mukkuzhy |
| | 02:00 pm | - | Chemperi: CML Council Anniversary |
| 22-27 | | - | Annual Retreat (Batch – 2) |
| 25 | 09:12 pm | - | Padannakkad: Visitors Day |
| 28 | 8:30 am | - | GSMS Kunnoth |
| 29 | | - | Areekkamala: Pastoral Visit |
| 30 | 8:30 am | - | GSMS Kunnoth |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

**ജൂലൈ 2024**

04 രാവിലെ മാനന്തവാടി രൂപത നടവയൽ ഇടവകയിൽ ദൈവദാസൻ ആർമണ്ട് മാധവത്ത് അച്ചനുവേണ്ടിയുള്ള വിശുദ്ധ ബലിയിൽ കാർമികത്വം വഹിച്ചു. തുടർന്ന് ബഹു. അഗസ്റ്റിൻ കല്ലുങ്കത്തറ അച്ചന്റെ ഭവനത്തിൽ പോയി ദിവംഗതനായ പിതാവ് കുഞ്ഞാഗസ്തിക്കുവേണ്ടി പ്രാർത്ഥിച്ചു.

05-09 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന പിതാക്കന്മാരുടെ ധ്യാനത്തിൽ സംബന്ധിച്ചു.

09 ഉച്ചകഴിഞ്ഞ് കോതമംഗലം ബിഷപ്പ് ഹൗസ് സന്ദർശിച്ചു.

10 രാവിലെ നിര്യാതയായ മറിയക്കുട്ടി വാരികാട്ടിന്റെ 41-ാം അനുസ്മരണ ദിനത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് പ്രായാധിക്യം ചെന്നവരും രോഗികളുമായവരെ സന്ദർശിച്ചു.

11 ഉച്ചയ്ക്ക് കുന്നോത്ത് എഫ്സിസി കോൺവെന്റ് സന്ദർശിക്കുകയും ക്ലാര പുണ്യവതിയുടെ തിരുനാളിനോടനുബന്ധിച്ചുള്ള ആഘോഷത്തിൽ പങ്കെടുക്കുകയും ചെയ്തു. വൈകുന്നേരം ആനമഞ്ഞൾ ഇടവകയുടെ രജത ജൂബിലിയിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും തുടർന്ന് നടന്ന സാംസ്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

12 ഉച്ചകഴിഞ്ഞ് മാനന്തവാടിയിൽ നോർത്ത് മലബാർ ബിഷപ്സ് കൗൺസിലിൽ പങ്കെടുത്തു.

13 രാവിലെ എൻഎംബിസി യോഗത്തിലും തുടർന്ന് കെസിബിസിയുടെ ആഭിമുഖ്യത്തിൽ നടന്ന ചൂരൽമല, മുണ്ടക്കൈ, വിലങ്ങാട് പ്രദേശങ്ങളിലെ ഉരുൾപൊട്ടലിന് വിധേയരായവരുടെ പുനരധിവാസ ചർച്ചകളിലും പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ചൂരൽമല ഉരുൾപൊട്ടിയ പ്രദേശം സന്ദർശിക്കുവാൻ പോയി.

14 ഉച്ചകഴിഞ്ഞ് ചെമ്പേരി ലൂർദ്ദ് മാതാ ദൈവാലയം ബസിലിക്കയായി ഉയർത്തപ്പെടുന്ന തിരുക്കർമ്മകളിൽ സംബന്ധിച്ചു.

15 പ്രഭാതത്തിൽ കുന്നോത്ത് നസ്രത്ത് കോൺവെന്റിൽ പരിശുദ്ധ മാതാവിന്റെ സ്വർഗ്ഗാരോഹണ തിരുനാളിനോടും - ഭാരത സ്വാതന്ത്ര്യദിനത്തോടും അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ഉച്ചയ്ക്കുമുൻപ് മാനന്തവാടി രൂപത ചുങ്കക്കുന്ന് ഫൊറോനയിൽ

വച്ച് നടന്ന സക്കറിയാസ് കൺവെൻഷനിൽ ക്ലാസെടുത്തു. വൈകുന്നേരം കൂട്ടുപുഴ ഐ എം എസ് ധ്യാനകേന്ദ്രത്തിൽ തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

16 വൈകുന്നേരം വെള്ളരിക്കുണ്ട് ഇടവകയിൽ പോയി ബഹു. ജോസഫ് കൊട്ടാരത്തിൽ അച്ചന്റെ നിര്യാതയായ അമ്മയ്ക്കുവേണ്ടി പ്രാർത്ഥിച്ചു.

17 രാവിലെ എടൂർ ഇടവകയിൽ നടന്ന ബഹു. ഷിൻസ് കുടിലിൽ അച്ചന്റെ മൃതസംസ്കാരശുശ്രൂഷകളിൽ സംബന്ധിച്ചു.

19–31 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് ബിഷപ്പ്സ് സിനഡിലും അതിനിടെ 23, 24, 25 തീയതികളിൽ പാലാ അൽഫോൻസ്യൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടന്ന അഞ്ചാമത് സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിലും സംബന്ധിച്ചു.

## SEPTEMBER 2024 ENGAGEMENTS

### ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 04 | 03:30pm | - | Blessing and Holy Mass, Theresa Bhavan, Vembua |
| 05 | 10:00am | - | Holy Mass, Padamkavala |
| 08 | 09:00am | - | Holy Mass, Kadumeni |
| | 04:00pm | - | Holy Mass, Cathedral, Mananthavady |
| 12 | 10:30am | - | Marriage, Vayattuparambu |
| 15 | 06.30pm | - | Holy mass, Nazareth Generalate |
| 16 | 01:30pm | - | Golden Jubilee of Wedding, Paisakary |
| 21 | 10:30am | - | Silver Jubilee of Bishop Lawrence Mukkuzhy, Chemperi |
| 26 | 03:00pm | - | Jubilee of Pushpagiri HS, Pushpagiri |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### ജൂലൈ 2024

20 മാനന്തവാടി രൂപതയിൽ ദ്വാരകയിലെ പാസ്റ്ററൽ സെന്ററിൽ നിര്യാതനായ ബഹു. ജോസ് കുളിരാനി അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് അഭിവന്ദ്യ പൊരുന്നേടം പിതാവിനോടും ഞരളക്കാട്ട് പിതാവിനോടുമൊപ്പം കാർമികത്വം വഹിച്ചു.

21 തലശ്ശേരി ചേറ്റംകുന്നിൽ ദിവംഗതയായ സി. മേരി ടിസിയാന കദളിക്കാട്ട് SABS-ന്റെ മൃതദേഹം സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

22 താമരശ്ശേരി രൂപത വെറ്റിലപ്പാറ ഇടവകയിൽ സി. മേരി ജോസ് NS-ന്റെ ദിവംഗതയായ പ്രിയ മാതാവ് ത്രേസ്യ ജോസ് മുഞ്ഞനാട്ടിന്റെ സംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

25 കണ്ണൂർ ഉർസുലൈൻ പ്രൊവിൻഷ്യൽ ഹൗസിൽ ധന്യ സി. മേരി സെലിൻ കണ്ണനായ്ക്കൽ UMI-യുടെ 67-ാം ചരമവാർഷികത്തോടനുബന്ധിച്ച് വിശുദ്ധ ബലിയർപ്പിച്ചു.

27 ചായോത്ത് സെന്റ് അൽഫോൻസാ ദൈവാലയത്തിൽ വി. അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് വിശുദ്ധ ബലിയർപ്പിച്ചു.

28 അടയ്ക്കാത്തോട് സെന്റ് ജോസഫ് ദൈവാലയത്തിൽ അഭിവന്ദ്യ വലിയമറ്റം പിതാവിന്റെ സഹോദരി ഏലി പൈലി നെല്ലിക്കുന്നേലിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

30 താമരശ്ശേരി PMOC-യിൽ നിര്യാതനായ ബഹു. മാത്യു ഒണയത്തുംകുഴി അച്ചനെ അനുസ്മരിച്ച് വിശുദ്ധ ബലിയർപ്പിച്ച് പ്രാർത്ഥിച്ചു.

31 കച്ചേരിക്കടവ് ഇടവകയിൽ നിര്യാതനായ ജോസ് നരിമറ്റത്തിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

### ആഗസ്റ്റ് 2024

02 ദിവംഗതനായ ജോസ് വീട്ടിയാങ്കൽ അച്ചനുവേണ്ടി കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

03 രാവിലെ തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വച്ചു നടന്ന ബഹു. ജോസ് വീട്ടിയാങ്കൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷ യ്ക്ക് അഭിവന്ദ്യ പിതാക്കന്മാരോടൊപ്പം പങ്കുചേർന്നു. ഉച്ചകഴിഞ്ഞ് മണിക്കടവ് ഇടവകയിൽ Missionaries of Sacred Heart of Jesus and Mary സന്യാസസമൂഹത്തിൽപെട്ട ബഹു. ബെന്നി കുന്നുമ്മേൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു

05-09 കാക്കനാട് സെന്റ് തോമസ് മൗണ്ട് KCBC ധ്യാനത്തിൽ പങ്കുചേർന്നു.

10 മാലോം ഫൊറോനാ പള്ളിയിൽ വച്ച് നടന്ന മെഗാ മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു തുടർന്ന് ചെമ്പേരി ലൂർദ് മാതാ ദൈവാലയവും പ്രീസ്റ്റ് ഹോമും സന്ദർശിച്ചു. വൈകുന്നേരം പരിയാരം എമ്പേറ്റിൽ നിര്യാതയായ സി. മാഗ്ഗി പുത്തൻപുരയിൽ MSMI-യെ സന്ദർശിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

11 കണ്ണൂർ Chamber of Commerce-ൽ വച്ച് YMCA-യുടെ ആഭിമുഖ്യത്തിൽ നടന്ന യോഗത്തിൽ ബെനഡിക്റ്റൈൻ മെസ്സേജ് നൽകി.

14 ചെമ്പേരി ലൂർദ്മാതാ ദൈവാലയ ബസിലിക്ക പ്രഖ്യാപനത്തിൽ പങ്കുചേർന്നു.

15 പൈസക്കരി ഫൊറോനാ ദൈവാലയത്തിൽ അതിന്റെ പ്ലാറ്റിനം ജൂബിലി സമാപനത്തിന്റെയും മാതാവിന്റെ സ്വർഗ്ഗാരോഹണ തിരുനാളിന്റെയും ഇന്ത്യയുടെ സ്വാതന്ത്ര്യദിനത്തിന്റെയും ആഘോഷങ്ങളുടെ ഭാഗമായി ഫ്ളാഗ് ഹോസ്റ്റിംഗിലും മാർച്ച് പാസ്റ്റിംഗിലും പങ്കുചേർന്നു. തുടർന്ന് പുതുതായി നിർമ്മിച്ച ജൂബിലി മെമ്മോറിയൽ ഷോപ്പിംഗ് കോംപ്ലക്സ് വെഞ്ചിരിച്ചു.

16 വെള്ളരിക്കുണ്ട് ഇടവകയിൽ ദിവംഗതനായ ബഹു. ടോമി കൊച്ചു പറമ്പിൽ അച്ചന്റെ പ്രിയ പിതാവ് അപ്പച്ചൻ കൊച്ചുപറമ്പിലിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

19 ചുങ്കക്കുന്ന് ഇടവകയിൽ വിപിൻ വലിയമറ്റത്തിന്റെയും ജസ്നയുടെയും വിവാഹം ആശീർവദിച്ചു. തുടർന്ന് മണ്ഡളം ഇടവകയിൽ വെച്ച് ആർച്ച് ബിഷപ്പ്സ് ഹൗസ് ഓഫീസ് സ്റ്റാഫ് ജസ്റ്റിന്റെയും സ്നേഹയുടെയും വിവാഹത്തിന് ബഹു. ജനറാൾ അച്ചന്മാരോടൊപ്പം മുഖ്യകാർമികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് നെല്ലിക്കാംപൊയിൽ CMC പ്രൊവിൻഷ്യൽ ഹൗസിൽ നിര്യാതയായ സി. തെരേസ് സുജിതയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു.

**SEPTEMBER 2024**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE VALIAMATTAM

| | | | |
|---|---|---|---|
| 05 | 10:00am | - | Kunnoth Major Seminary : Jubilee |
| 14 | 11:00am | - | Paroppadi : Marriage |
| 21 | 08:30am | - | Chemperi : Jubilee |
| 22 | 10:00am | - | Kanjirathanam : Baptism |

**Secretary to the Archbishop Emeritus**



ചെമ്പേരി വിമൽ ജ്യോതി എൻജിനീയറിങ് കോളേജിൽ വച്ച് നടന്ന
തലശ്ശേരി അതിരൂപത 19 മത് പാസ്റ്ററൽ കൗൺസിലിന്റെ മൂന്നാമത് യോഗം
സീറോ മലബാർ സഭയുടെ കൂരിയ മെത്രാൻ അഭി. മാർ സെബാസ്റ്റ്യൻ
വാണിയപ്പുരക്കൽ പിതാവ് ഉദ്ഘാടനം ചെയ്യുന്നു.
(2024 ആഗസ്റ്റ് 10)



2024 ആഗസ്റ്റ് 22 മുതൽ 24 വരെ പാലായിൽ നടന്ന
അഞ്ചാമത് സീറോ മലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയിൽ
പങ്കെടുത്ത തലശ്ശേരി അതിരൂപതാംഗങ്ങൾ അഭി. മേജർ ആർച്ച്ബിഷപ്പ്
മാർ റാഫേൽ തട്ടിൽ പിതാവിനോടൊപ്പം

RNI Reg. No. 5910 Date of Publication: 28/08/2024
Registered KL/TLY/20/22-24
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24
വാല്യം : 07 ലക്കം : 09 വില : ₹10

## സെപ്റ്റംബർ 05 വി. മദർ തെരേസ



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.